KOTTAYAM PUBLIC LIBRARY

Call No 294.554 GOPA Acc. No 38820

Author ഗോപാലകൃഷ്ണൻ

Title അയ്യപ്പ സന്നിധിയിലേക്ക്

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1030

# അയ്യപ്പസന്നിധിയിലേയ്ക്ക്

(വ്രതാനുഷ്ഠാനവിധികൾ)

38820

രചയിതാവ്:

ഗോപാലകൃഷ്ണൻ

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകർ:

എച്ച്. & സി. സ്റ്റോഴ്സ് കുന്നംകുളം

1—25

294.55

[Mal]

**AYYAPPASANNIDIYILEKU**

*By*

**Gopalakrishnan**

*Publishers:*

**H. & C. STORES,** KUNNAMKULAM.

*Printing:*

H. & C. PRINTING PRESS, TRICHUR-1

Cover Printing & Binding:
Victory Press, Kunnamkulam.

Block: Sankar Blocks, Trichur.
Ist Imp. 2000 Copies.
26th Dec. 1966.
Price: Rs.1/25.

---

(Rights reserved to publishers only)

H&C STORES
KUNNAMKULAM

# — മുഖവുര —

ശബരിമല യാത്രയെക്കുറിച്ചുള്ള വ്രതാനുഷ്ഠാന വിധികൾ ക്രമപ്രകാരം പ്രതിപാദിക്കുന്നതാണ് ഈ പുസ്തകം. ലക്ഷോപലക്ഷം യാത്രക്കാർ കൊല്ലംതോറും ശബരിമലയ്ക്കു പോകാറുണ്ടെങ്കിലും യാത്രാവ്രതാനുഷ്ഠാനങ്ങളെക്കുറിച്ചും മററും ശരിയായ ജ്ഞാനമില്ലാത്തവർ

'മുമ്പേ ഗമിക്കുന്നൊരു ഗോവുതൻെറ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം...'

എന്നു പറഞ്ഞതുപോലെ തങ്ങളുടെ ഉദ്ദേശം നിറവേററുക മാത്രമാണ് പതിവ്.

ശബരിമലയിലേക്ക് മണ്ഡല വ്രതമെടുത്ത് പോകുന്ന യാത്രക്കാർ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങൾ വളരെ ചുരുക്കി മാത്രം വിവരിച്ചിരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

സ്വാമി ഭക്തന്മാരുടെ ഉപയോഗങ്ങൾക്കാവശ്യമായ പല വസ്തുതകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശബരിമലയിലേക്കു യാത്ര പുറപ്പെടുന്നവർ ഈ പുസ്തകം വായിച്ചിരിക്കേണ്ടതാണ്.

സ്വാമിയുടെ മഹിമാവിശേഷങ്ങൾ വാചാമഗോചരങ്ങളെന്നു ആരുംതന്നെ സമ്മതിക്കും. അയ്യപ്പസ്വാമിയുടെ പാദപങ്കജങ്ങളിൽ ഈ ഗ്രന്ഥം ഭക്തി ശ്രദ്ധാപുരസ്സരം സമർപ്പിച്ചുകൊള്ളട്ടെ.

15-11-1966 ഗ്രന്ഥകർത്താ.

# പ്രാർത്ഥനാ ഗാനം

(നരനായിങ്ങനെ...)

കരകാണാതുള്ള കടലിലിങ്ങനെ
മുഴുകാ ഞാൻ നീന്തിവലയുമ്പോൾ
കരകേററീടേണം — കരകേററീടേണം
അഴിലിൽനിന്നെന്നെഭഗവാനെ
അഴുത തൻതീരത്തതിഘോരയാകും
മഹിഷിയെക്കൊന്ന ഭഗവാനേ
ചുരികയുമമ്പുമതി ധന്യമാകു-
മിരുമുടിക്കെട്ടും പൂവമ്പും
കരി നീല വസ്ത്രമഴകിൽ ചുററിയും
അതിന്മേൽ കച്ചമണി ചേർത്തും
മണനാദത്തോടേ മണികണ്ഠാനിത്യം
കളിയാടൂ ചിത്തകമലത്തിൽ
അകലെപ്പമ്പയി, ലഴുതയിൽ, നീലി-
മലയിൽനീയെന്നും വിളയാടി
കമനീയകാന്തി കലരും പൂമേനി-
യനിശം കാണാവൂ ഭഗവാനേ
പുലികളാണല്ലോ കൂട്ടുകാർ, നാട്ടിൽ
മനുജരോ നിൻെറ സഹജരും
അവനിയിലേതു ദേവനീവിധം
കഴിയുവാൻ മന്നിൽ കഴിയുന്നു.

# — വിഷയാനുക്രമണിക —

38820


1 പ്രാർത്ഥനാഗാനം

2 ശബരിമല

3 ഉത്തമ ഭക്ത

4 കർമ്മവും മോക്ഷമാർഗ്ഗവും

5 യാത്രയുടെ ആരംഭം

6 കന്നി അയ്യപ്പന്മാർ ശ്രദ്ധിക്കുക

7 ശബരി എന്ന കാട്ടാള സ്ത്രീ

8 വനാന്തരങ്ങളിലൂടെ

9 പരിഷ്ക്കാരത്തിന്റെ പിന്നാലെ

10 വസ്ത്രം മാറൽ

11 ദോഷപ്രായശ്ചിത്തം

12 വംശാഭിവൃദ്ധി

13 മനഃ ശുദ്ധി

14 ബ്രഹ്മചര്യാശ്രമം

15 പരാജയത്തിന്റെ പടി

16 സ്വാമി ഭക്തി

17 ഭക്തിയുടെ കവാടം

18 അന്നദാന പ്രഭു

19 സത്യസ്വരൂപൻ

20 അഹിംസ

21 ത്യാഗം

22 ഭിക്ഷാദാനം.

23 കൃത്യനിഷ്ഠ

24 മതം

25 പ്രണാമം

26 വിളക്കിന്റെ ഒരുക്കുകൾ

27 കെട്ടുനിറ

28 ഇരുമുടിസ്സഞ്ചി

29 മുദ്രക്കെട്ട്

30 മുൻകെട്ട്.

31 പിൻകെട്ട്.

32 കലിമലാന്തകൻ

33 അയ്യപ്പന്മാർക്കു സദ്യ

34 മണ്ഡലവ്രതം

35 ഭക്തിയുടെ മാർഗ്ഗങ്ങൾ

36 ക്ഷമാപണം

37 പേട്ടതുള്ളൽ

38 വെള്ളിനക്ഷത്രം

39 കോട്ടപ്പടിയിൽ

40 സ്വച്ഛ ജലം നിറഞ്ഞ പേരൂർ തോട്

41 കാളകെട്ടി

42 അഴുതാനദിയുടെ തീരത്ത്

43 സ്നാനം

44 അഴുതാമേട്

45 കോട്ടയിൽ ശാസ്താവ്

46 കരിമലത്തോടേ—ശരണമെന്റയ്യപ്പാ

47 കരിമല കയററം
48 പമ്പയുടെ മാഹാത്മ്യം
49 ദീപാവലിയാഘോഷം
50 ഗതി കിട്ടാത്ത പ്രേതങ്ങൾ
51 പമ്പയിലെ സദ്യ
52 യഥാശക്തി മഹാഫലം
53 നീലിമലയും അപ്പാച്ചിക്കുന്നും
54 ശബരിപ്പീഠവും ശരംകുത്തി ആലും
55 പതിനെട്ടാം പടി

oooooooooooooooooo

# 1

# ശബരിമല

കലികാലമലാന്തകനും, കലിയുഗ ദേവതയുമായ അയ്യപ്പസ്വാമിയുടെ മാഹാത്മ്യം, മലനാട്ടിലെന്നല്ല മറുനാട്ടിലും പ്രസിദ്ധമാണല്ലോ? ശബരിമല പ്രസിദ്ധിയാജ്ജിച്ച ഒരു തീത്ഥാടന കേന്ദ്രമാണല്ലൊ? ജാതിമതഭേദമെന്യെ ആക്കും ആരാദ്ധ്യപുരുഷനായി, സവ്വാചരാചരാന്തയ്യാമിയായി വിളങ്ങി ലോകം മുഴവൻ കാത്തരുളുന്ന ആ മഹാത്മ്യം. കോക്കുന്നതും അറിയുന്നതും തന്നെ പുണ്യകരമാണെന്നു് പഴമക്കാരായ കാരണവന്മാർ പറഞ്ഞുകോക്കാറുണ്ടു്.

രോഗികളായ ജനങ്ങാക്കു് രോഗശാന്തിക്കും, അഃരാഗദ്ദ്ഘഗാത്രരായ ജനങ്ങാക്കു് കായ്യസിദ്ധികാക്കും, ഭക്തജനങ്ങാക്കു് മോക്ഷപ്രാപ്തിക്കും ഉതകുന്ന ഒരു തീത്ഥാടനകേന്ദ്രമായിത്തീന്നിട്ടുണ്ടു് ശഫരിമലയിന്നു്.

എത്രയോ നൂററാണ്ടുകളായി പൂജിച്ചാരാധിച്ചു് പ്രസാദിപ്പിച്ചു് അണിമാ, മഹിമ, ലഘിമാ, ഗരിമാ, ഈ



ശിത്വം, വശിത്വം, പ്രാപ്തി, പ്രാകാശ്യം എന്നീ അഷ്ടൈശ്വര്യങ്ങൾക്കും നിദാനവും, ആദികാരണ പുരുഷനുമായ സാക്ഷാൽ മണികണ്ഠസ്വാമി വിരാജിച്ച് വാണരുളുന്നതുകൊണ്ടത്രേ ശബരിമലയ്ക്ക് ഇത്രയും, പ്രസിദ്ധിയും, പ്രാമാണ്യവും സിദ്ധിച്ചിട്ടുള്ളതു്.

സർവ്വലോക നിയന്താവായ സാക്ഷാൽ ശ്രീഭഗവാൻ, തനിക്ക് വിളയാടി വസിക്കുന്നതിന്ന് തിരഞ്ഞെടുക്കുകയും, ആ സ്ഥലത്തുതന്നെ വാണരുളുകയും ചെയ്യുന്നതു്, ആ മലയുടെ പ്രാധാന്യത്തെയല്ലാതെ മറെറന്തിനെയാണ് സൂചിപ്പിക്കുന്നതു്?

പതിവുകാരും അല്ലാത്തവരും ആയ ലക്ഷക്കണക്കിന് ഭക്തജനങ്ങളെ അനുഗ്രഹങ്ങൾ നൽകി കൊല്ലംതോറും തൃപ്തിപ്പെടുത്തിവരുന്ന, ആ ദേവൻെറ ഇരിപ്പിടമെന്ന വിശേഷണം തന്നെ ശബരിമലക്ക് മറെറല്ലാററിനേക്കാളും ഉപരിയായി പ്രധാന്യമുള്ളതാക്കിത്തീർക്കുന്നു.

ഈ ഭക്തജനങ്ങളുടെ എണ്ണം പതിവിൽ കവിഞ്ഞ് എല്ലാ കൊല്ലവും വർദ്ധിച്ചു വർദ്ധിച്ചു വരുന്നതായാണ് കാണുന്നതു്.

സർവ്വലോകനിയന്താവും സർവ്വലോകാന്തര്യാമിയുമായ ശ്രീഭൂതനാഥൻെറ മഹിമാവിശേഷങ്ങൾ ശബരിമലയുടെ ചരിത്രപ്രാധാന്യത്തെ അനുസ്മരിപ്പിക്കുന്നതിന്ന് മററു കഥകളൊന്നും ആവശ്യമില്ലതന്നെ.

സർവ്വശക്തനായ സ്വാമിയുടെ കൃപയേക്കാളുപരിയായി ഈ ലോകത്തിൽ യാതൊന്നുമില്ല. ശരിയായ വ്രതനിഷ്ഠകളോടുകൂടി മലയ്ക്കു പോകാൻ ഒരുങ്ങുന്നവർക്ക് വ്രതാനുഷ്ഠാനങ്ങളും, മററു കർമ്മങ്ങളും ഒരു ഭാരമായിത്തീരുകയില്ല.

ശരിയായ വിശ്വാസത്തോടും ഭക്തിയോടും കൂടി മാത്രമേ ശബരിമലയ്ക്കു പോകാവൂ. അതല്ലാത്തവർ

'മുമ്പേ ഗമിക്കുന്നൊരു ഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം...'

എന്നു പറഞ്ഞതുപോലെ മററുള്ളവരെ അനുകരിക്കുന്ന സ്വഭാവം മാത്രമുള്ളവരാണു്. ഇത്തരക്കാരുടെ യാത്ര നിഷ്ഫലമെന്നു മാത്രമേ ഇപ്പോൾ വിവരിക്കുന്നുള്ളു.

ശരിയായി വ്രതാനുഷ്ഠാനങ്ങൾ ചെയ്തു് ഭക്തിശ്രദ്ധാപുരസ്സരം യാത്ര ചെയ്യുന്നവർ മാത്രമേ ഉത്തമ ഭക്തന്മാരെന്ന ബഹുമതിയും കാര്യസിദ്ധിയും ലഭിക്കയുള്ളു. മാത്രമല്ല, വെറുതെ എന്തെങ്കിലും കാട്ടിക്കൂട്ടാൻ മാത്രം തന്റെ സമയവും, പണവും വിനിയോഗിക്കുന്നവർക്കു്, പ്രത്യേകിച്ചു് യാതൊന്നും തന്നെ നേടാൻ കഴിഞ്ഞില്ലെന്നും വരാം.

മോക്ഷം വിലയ്ക്കു വാങ്ങാൻവേണ്ടി പണച്ചാക്കുകളുമായി യാത്ര ചെയ്യുന്നവർ സൂചിക്കുഴയിലൂടെ ഒട്ടകത്തെ കടത്താൻ ശ്രമിക്കുന്നവരാണു്. പ്രയോജനകരമല്ലാത്ത അത്തരം പരിപാടികൾക്കു് ഭഗവദനുഗ്രഹം ഉണ്ടായെന്നും വരില്ല. ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനും ശിഷ്ടജനങ്ങളെ രക്ഷിക്കുന്നതിന്നും വേണ്ടിയാണു് ധർമ്മശാസ്താവു് ജനിച്ചിരിക്കുന്നതെന്നുള്ള തത്വം അറിഞ്ഞിട്ടില്ലാത്തവർ ഇനിയെങ്കിലും അതു മനസ്സിലാക്കിക്കൊള്ളട്ടെ.

ശബരിമലയുടെ പ്രാധാന്യത്തെ കളങ്കപ്പെടുത്താൻ ശ്രമിക്കാതെ, വ്രതാനുഷ്ഠാനങ്ങളും വ്രതനിയമങ്ങളും ശരിക്കും പാലിച്ചുകൊൾക.

# 2

# ഉത്തമഭക്ത

അമിതവും അചഞ്ചലവുമായ ഭക്തികൊണ്ടു് ലോകത്തിൽ ശാശ്വതമായ പ്രതിഷ്ഠയും, പ്രശസ്തിയും, മാത്രമല്ല മോക്ഷവും കൂടി നേടാൻ കഴിയുമെന്നു് നമുക്കു് തെളിയിച്ചു കാണിച്ചുതന്ന മഹതീ രത്നമാണല്ലോ ഭക്തശബരി.

ഘോരാന്ധകാരമായ കാനനാന്തരാളത്തിൽ, പ്രകൃതിയുടെ വികൃതികളെ വകവെക്കാതെയും, ഘോരസ്വരൂപികളായ ഹിംസ്ര ജന്തുക്കളെ ഭയപ്പെടാതെയും, അചഞ്ചലമായ ഭക്തി തന്നെയാണു് മോക്ഷത്തിന്നു് മാർഗ്ഗദർശനം നൽകുന്നതെന്ന ഉത്തമ വിശ്വാസത്തോടെയും ഭഗവൽ പാദാരവിന്ദങ്ങളെ ചിത്തത്തിൽ ചേർത്തുകൊണ്ടു്, താൻ ആഗ്രഹിച്ച ഭഗവദ്ദർശനം സാദ്ധ്യമാകുന്നതുവരെ തപസ്സ് ചെയ്തു് ആഗ്രഹനിവൃത്തി വരുത്തുകയും, അതോടൊപ്പം മോക്ഷം പ്രാപിക്കുകയും ചെയ്ത, ആ മഹാമനസ്വിനി

യുടെ ഓർമ്മയ്ക്കുവേണ്ടിയാണ് താനിരുന്നരുളുന്ന മലയ്ക്ക് ഭഗവാൻ "ശബരിമല"യെന്ന് നാമകരണം ചെയ്തത്.

ആ ഭക്തയോട് അതിരു കവിഞ്ഞ വാത്സല്യം ഭഗവാനുണ്ടായിരുന്നുവെന്നാണല്ലോ ആ കഥ നമ്മെ പഠിപ്പിക്കുന്നത്.

ഒരു കാട്ടാളപ്പെൺകൊടിക്ക് നേടിയെടുക്കാൻ ഇതിൽപ്പരം എന്തുണ്ട്? ഭക്തികൊണ്ട് മുക്തി നേടുകയും ശാശ്വതമായ യശസ്സ് സമ്പാദിക്കുകയും ചെയ്ത ആ കാട്ടാളത്തിയോട് ഭഗവാൻ പ്രദർശിപ്പിച്ച കാരുണ്യം അതിരു കവിഞ്ഞതത്രേ.

തൻെറ പേര് ഓർമ്മിക്കുന്നതോടൊപ്പം തന്നെ ആ മഹതിയുടെ പേരു കൂടെ ഓർമ്മിക്കപ്പെടുന്നതിന്നുവേണ്ടി മാത്രമായിരിക്കണം തൻെറ ആവാസസ്ഥാനമായ മലയ്ക്ക് ശബരിമലയെന്ന് ഭഗവാൻ നാമകരണം ചെയ്തത്.

ഭക്തജനങ്ങളെ പ്രീണിപ്പിക്കുന്നതിന്ന് താൻ കാട്ടുന്ന കാരുണ്യം തികച്ചും, തൻെറ ഉത്തമ ഭക്തയായ ശബരിയിൽ ഭഗവാൻ കാണിച്ചിട്ടുണ്ട്. എന്നെന്നും ആ മഹാമനസ്കത വാഴ്ത്തപ്പെടട്ടെ......

# 3

# കർമ്മവും മോക്ഷമാർഗ്ഗവും

ഭഗവദനുഗ്രഹത്തിനു പാത്രീഭൂതരായ ജനങ്ങൾ വളരെ വിരളമാണ്, പല വിധത്തിലുള്ള പരീക്ഷണ നിരീക്ഷണങ്ങളാൽ പരിശുദ്ധനാണെന്ന് ബോദ്ധ്യം വന്നതിന്നു ശേഷം മാത്രമേ ഭഗവദനുഗ്രഹം ലഭിക്കുകയുള്ളൂ. ഫലാപേക്ഷ കൂടാതെ കർമ്മങ്ങൾ ചെയ്യുകയും, മോക്ഷലബ്ധിക്കുവേണ്ടി നിരന്തരം അദ്ധ്വാനിക്കുകയും ചെയ്യുന്നവർ കുറവാണ്.

നീചജനങ്ങൾക്ക് അനുയോജ്യങ്ങളായ പ്രവൃത്തി ചെയ്യുകയും പുറമെ ഭക്തി അഭിനയിക്കുകയും ചെയ്യുന്ന പൂച്ചസ്സന്യാസികൾ ഇന്ന് ധാരാളമുണ്ടു്. അത്തരക്കാർ മോക്ഷ പദത്തേക്കാളേറെ അഭിലഷിക്കുന്നതു് ഉപജീവനം മാത്രമാകുന്നുവെന്ന് നിസ്സംശയം പറയാം.

നിഷ്കാമചിത്തനായി ഭക്തി ശ്രദ്ധാപുരസ്സരം കർമ്മം ചെയ്യുന്നവനു മാത്രമേ ഈ ലോകത്തിൽ ഏററവും വലിയ സ്ഥാനം കീഴടക്കാൻ കഴിയുകയുള്ളു.

അപ്രാപ്യമായ ആ പദത്തെ കീഴടക്കാൻ നിരന്തരമായ അദ്ധ്വാനം കൂടി ആവശ്യമാണെന്നു് സുവിദിതമാണല്ലോ?

പണ്ഡിതന്മാരും വേദശാസ്ത്രാദിപാരംഗതരുമായ മുനീശ്വരന്മാരുടെ അഭിപ്രായമാണു് മുകളിൽ കാണിച്ചിരിക്കുന്നതു്. ആത്മവിശ്വാസമില്ലാത്ത ഒരുത്തനും ഒരു കർമ്മത്തിലും വിജയം കൈവരിക്കാൻ കഴിഞ്ഞെന്നു വരില്ല.

ആദ്യമായി ഉദ്ദിഷ്ടമായ ഒരു ലക്ഷ്യം നിർണ്ണയിക്കുക. പിന്നീടു് ആ ലക്ഷ്യം എത്ര അപ്രാപ്യംതന്നെ ആയിക്കൊള്ളട്ടെ, അവിടെ എത്തണമെന്നു് ദൃഢപ്രതിജ്ഞ ചെയ്യുക. അതിന്നുശേഷം എന്തു പ്രതിബന്ധങ്ങളുണ്ടായാലും ശരി, അവയെയൊക്കെ തട്ടിത്തകർത്തുകൊണ്ടു് മുന്നേറുക. ഏതു കർമ്മമായാലും, ഈ തത്വം അനുസരിക്കുന്നവന്നു് വിജയപഥത്തിലെത്തിച്ചേരാൻ കഴിയും.

അവനവൻ ചെയ്യുന്ന പ്രവൃത്തിയുടെ ഫലം നന്മയായാലും തിന്മയായാലും അവനവൻതന്നെ അനുഭവിച്ചുതീക്കണം. കർമ്മാനുഭവങ്ങൾ തന്റെ പ്രവൃത്തിയെ ആശ്രയിച്ചിരി

കുന്നുവെന്ന് മഹജ്ജനങ്ങൾ പറഞ്ഞിട്ടുള്ളതു് ഇതൊന്നു കൊണ്ടു മാത്രമാണു്.

അപ്രാപ്യമായ മോക്ഷപദത്തെ സ്വാദീനപ്പെടുത്തുന്നതാണു് ഒരു ഉത്തമ പൌരന്റെ കടമ. അതുകൊണ്ടു് മോക്ഷപ്രാപ്തിക്കനുയോജ്യങ്ങളായ സൽക്കർമ്മങ്ങൾ മാത്രമേ ചെയ്യുകയുള്ളുവെന്നു് ദൃഢ പ്രതിജ്ഞയെടുക്കുക.

# 4

# യാത്രയുടെ ആരംഭം

ശബരിമലയിലേക്കുള്ള യാത്രക്കൊരുങ്ങുന്നതിന്നു മുൻപും, മാലയിട്ടതിന്നു ശേഷവും ആചരിക്കേണ്ട വസ്തുതകളാണ് വിവരിക്കാൻ ആഗ്രഹിക്കുന്നതു്.

കറുത്ത വസ്ത്രം ധരിച്ച് മല കയറുന്നതു പോലും ഒരു ഫാഷനായി ചെറുപ്പക്കാർ ചിലർ സ്വീകരിച്ചിരിക്കുന്നതായിക്കാണാം. നിരീശ്വരവാദികളായ അത്തരക്കാരോട് ഭഗവാൻ തന്നെ ചോദിക്കട്ടെ.

ശ്രദ്ധയോടുകൂടിയ ആചാരാനുഷ്ഠാനങ്ങളും വ്രതനിയമാദികളും, സ്വീകരിച്ച് പോകുന്നവർക്ക് മാത്രമേ അതുകൊണ്ടുദ്ദേശിക്കുന്ന ഫലം തികച്ചും അനുഭവിക്കാൻ കഴിയുകയുള്ളൂ.

ഉദ്ദേശിക്കുന്നതുപോലെ അത്ര എളുപ്പമായ കാര്യമല്ല മലകയററം. ശ്രദ്ധാപൂർവ്വം വ്രതാനുഷ്ഠാനങ്ങൾ ചെയ്യാൻ കഴിയാത്തവർക്ക് ഈ യാത്ര ഗുണത്തേക്കാളേറെ ദോഷത്തെയാണ് ചെയ്യുക. അധർമ്മചാരികളായ ജനങ്ങൾ ഇതിന്നൊരുങ്ങാതിരിക്കുന്നതാണ് ഭേദം.

അതുകൊണ്ട് യാത്രാരംഭത്തിന്ന മുൻപായിത്തന്നെ വ്രതാനുഷ്ഠാന നിയമങ്ങൾ ശരിക്കും ആചരിക്കുന്നതു നന്നായിരിക്കും. ശ്രദ്ധാപൂർവ്വമായ ആചാരാനുഷ്ഠാനങ്ങളാണ് ഈ യാത്രയുടെ മുഖ്യമായ കാതൽ. അശുദ്ധ വസ്തുക്കൾ തൊടാതിരിക്കുകയും, വൃത്തിയായും ശുചിയായും ജീവിയ്ക്കുകയും, അസത്യമായ ജീവിതരീതികൾ ഉപേക്ഷിക്കുകയും, ബ്രഹ്മചര്യ്യ നിയമങ്ങളെ അതിലംഘിക്കാതിരിക്കുകയും, വ്യഭിചാരം, മദ്യപാനം, തുടങ്ങിയ ദുർവ്വൃത്തികളെ ഉപേക്ഷിക്കുകയും, കൃത്യനിഷ്ഠയോടും ശുദ്ധമായ മിനചര്യ്യകളോടും കൂടി ജീവിക്കുകയുമാണ് മലയ്ക്കു പോകാനുദ്ദേശിയ്ക്കുന്നവർ ആദ്യമായി ആചരിക്കേണ്ട മുഖ്യ കാര്യ്യങ്ങൾ.

ഇതിന്ന കഴിയാത്തവർ ഇങ്ങനെയൊരു യാത്രയ്ക്കു് പുറപ്പെടാതിരിക്കുന്നതാണ് നല്ലതു്.

നിയന്ത്രണാതീതരായി ജീവിക്കുകയും, ദുർമ്മാർഗ്ഗങ്ങളിൽ ചരിയ്ക്കുകയും ചെയ്യുന്നവർ തനിക്കു മാത്രമല്ല തൻെറ

വംശപരമ്പരകൾക്കുകൂടി ദോഷങ്ങളെ വരുത്തിവെക്കുകയാണു് ചെയ്യുന്നതു്.

അതുകൊണ്ടു് ശബരിമല യാത്രയ്ക്കൊരുങ്ങുന്നവർ ഇതിൽ വിവരിക്കുന്ന കാര്യങ്ങൾ ശരിക്കും ആചരിക്കുവാൻ തങ്ങൾക്കു കഴിയുമെന്നു ബോദ്ധ്യമുണ്ടെങ്കിൽ മാത്രമേ ഈ യാത്രയ്ക്കു പുറപ്പെടാവൂ.

# 5

# കന്നി അയ്യപ്പന്മാർ ശ്രദ്ധിയ്ക്കുക

ശബരിമല യാത്രയ്ക്കൊരുങ്ങുന്ന കന്നി അയ്യപ്പന്മാർ പ്രഥമമായും പ്രധാനമായും ചെയ്യേണ്ടതായ ചില വസ്തുതകളാണു് ഈ അദ്ധ്യായത്തിൽ വിവരിക്കാൻ ഉദ്ദേശിക്കുന്നതു്.

ആദ്യമായി മലയ്ക്കു പോകാൻ ഒരുങ്ങുന്ന ഒരാൾക്കു് മററൊരാളുടെ ഉപദേശം കൂടാതെ യാത്ര എളുപ്പമല്ല. വിധിപ്രകാരം മലയിൽ പോയി വരുന്നതിന്നു് മററൊരാളുടെ സഹായം കൂടാതെ കഴിയുകയുമില്ല. അതുകൊണ്ടു് ഗുരുനാഥ സ്വീകരണം ഒഴിച്ചുകൂടാൻ വയ്യാത്തതാകുന്നു.

മനസ്സിനിണങ്ങിയ നല്ല വിവരമുള്ള ഒരു ഗുരുനാഥനെ ആദ്യമായി തിരഞ്ഞുപിടിക്കണം, സ്വീകരിക്കണം. ആ ഗുരുനാഥൻെറ ഉപദേശത്തോടുകൂടിയായിരിക്കണം ഓരോ കാൽവെപ്പും.

വയററു പിഴപ്പിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത അധമജനങ്ങളെ ഒരിക്കലും ഗുരുവായി സ്വീകരിക്കരുതു്. 'ഉദര നിമിത്തം ബഹുകൃത വേഷം' എന്നതാണു് അത്തരക്കാരുടെ മുദ്രാവാക്യംതന്നെ.

തുച്ഛമായ പ്രതിഫലത്തിനുവേണ്ടി എന്തു വേഷവും കെട്ടാൻ ആ ക്രൂരർ തയ്യാറായിരിക്കും. അതു ശരിയ്ക്കു മനസ്സിലാക്കി അത്തരക്കാരുടെ പിടിയിൽ പെടാതിരിക്കുന്നതാണു് ബുദ്ധി. പണം മാത്രം ശരണമാക്കി സ്വാമിയുടെ നാമം പോലും കളങ്കപ്പെടുത്തുന്ന അത്തരക്കാർ ധാരാളമുള്ളതുകൊണ്ടാണു് ഇക്കാര്യം പ്രത്യേകമായി പ്രസ്താവിക്കാൻ ഇടയായതു്.

പാവങ്ങളുടെ ധാർമ്മിക മനോഭാവത്തേയും, ആദ്ധ്യാത്മിക ചിന്തകളേയും വില്ക്കുവാൻ തയ്യാറാവുന്ന അത്തരം കുബുദ്ധികളുടെ വലകളിൽ ഒരിക്കലും പെട്ടുപോകരുതു്. ഭക്തോത്തമനും, നിസ്വാർത്ഥ സേവകനുമായ ഗുരുഭൂതനെ തിരഞ്ഞു പിടിക്കുന്നതിൽ ഒരിക്കലും പരാജയപ്പെട്ടുപോകരുതു്. അങ്ങനെ പരാജയപ്പെട്ടുപോയാൽ ആ പരാജയത്തിൻെറ ഫലം താൻ മാത്രമല്ല, തൻെറ അനന്തിരവന്മാർ പോലും അനുഭവിക്കേണ്ടതായിവരും.

മേൽപറഞ്ഞ തരത്തിലുള്ള മഹാനായ ഗുരുനാഥൻെറ ഉപദേശവും അനുഗ്രഹവുമുണ്ടായാൽ നിഷ്പ്രയാസം മോക്ഷപ്രാപ്തിയ്ക്കനുയോജ്യമായ മാർഗ്ഗത്തെ പിൻതുടരാൻ കഴിഞ്ഞെന്നു വരുന്നതാണു്.

ദിനചര്യകൾ കഴിയുന്നതും കൃത്യമായും ശുദ്ധമായും ആചരിക്കുകയും, സ്വാമി പാദങ്ങളെക്കുറിച്ചുള്ള ഏക വിചാര

ത്തോടുകൂടി ദിവസങ്ങൾ തള്ളി നീക്കുകയും, ധർമ്മനിരത രായി ജീവിക്കുകയും ചെയ്യുന്നതുകൊണ്ട് സ്വാമിയുടെ അനുഗ്രഹത്തിന് പാത്രീഭൂതനായിത്തീരാൻ കഴിയുമെന്ന് ഉറച്ചു വിശ്വസിക്കുക.

വഴിക്കുവെച്ച് യാത്രക്കാരുടെ കയ്യിൽനിന്നും പണം തട്ടിയെടുക്കുന്ന ഗുരുക്കന്മാരും ഇല്ലാതില്ല. അത്തരക്കാരെ കന്നി അയ്യപ്പന്മാർ പ്രത്യേകം സൂക്ഷിക്കണം.

സ്ഥിരമായി യാത്ര ചെയ്യുന്ന പതിവുള്ള സ്വാമി മാർക്ക് ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം വ്യക്തമായിത്തന്നെ അറിയാൻ കഴിയും. അതുകൊണ്ടാണ് കന്നി അയ്യപ്പന്മാർ ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ച് തനിക്കിഷ്ടപ്പെട്ട ഗുരു വിനെ തിരഞ്ഞെടുക്കണമെന്ന് പ്രത്യേകം പ്രസ്താവി ച്ചിരിക്കുന്നത്.

# 6

# ശബരി എന്ന കാട്ടാള സ്ത്രീ

ശബരിമല അയ്യപ്പസ്വാമി എന്നു പറയുമ്പോൾ ആദ്യമായി നമ്മുടെ സ്മൃതി പഥത്തിലെത്തുന്നതു് ശബരി എന്ന കാട്ടാള സ്ത്രീയാണെന്നു് മുൻപേ പ്രസ്താവിച്ചിട്ടുണ്ടല്ലോ?

സർവ്വാന്തര്യാമിയായി ആദിമദ്ധ്യാന്തഹീനനായി വിരാജിച്ചരുളുന്ന ശ്രീഭൂതനാഥൻെറ പാദപങ്കജങ്ങളെ സേവിച്ചുകൊണ്ടു് പരിപാവനമായ ബ്രഹ്മപദത്തെ ആരോഹണം ചെയ്യുവാൻ കഴിഞ്ഞ ആ അഭിവന്ദ്യയായ മഹതീരത്നത്തിൻെറ പാദാരവിന്ദങ്ങളിൽ ആദ്യമായി സാഷ്ടാംഗ പ്രണാമം ചെയ്യുക.

ഹിംസ്ര മൃഗങ്ങളുടെ കേളീരംഗമായ വനാന്തരത്തിൽ സ്വാമി പാദങ്ങളെത്തന്നെ ശരണമാക്കി തനിച്ചിരുന്നു് തപസ്സനുഷ്ഠിക്കാൻ ഏതു സ്ത്രീയാണു് ധൈര്യപ്പെടുക?

ഈ സാഹസ കൃത്യത്തിനൊരുങ്ങിയ ശബരിയെക്കുറിച്ചോർമ്മിക്കാതെ അയ്യപ്പസ്വാമിയെ ഓർമ്മിക്കാൻ കഴിയുകയില്ല.

ആ ഘോര കാന്താരത്തിന്റെ മദ്ധ്യഭാഗത്തുകൂടി കിഴക്കുവടക്കുഭാഗത്തേക്കു കയറിപ്പോകുമ്പോൾ പ്രസിദ്ധിയാർജ്ജിച്ച കരിമലയിലെത്തും. കരിമല കയറിച്ചെല്ലുന്ന ജനങ്ങൾക്ക് പിന്നീട് കാണാൻ കഴിയുന്നത് ലോകപ്രസിദ്ധമായ പമ്പാനദിയാണ്. ലോകത്തിലെ പുണ്യതീർത്ഥങ്ങളിൽവെച്ച് ഏററവും പരിപാവനമെന്ന് പുരാതനന്മാരാൽ പ്രകീർത്തിക്കപ്പെടുന്ന ഏക നദിയാണ് പമ്പ. പണ്ടൊക്കെ നാടു കടത്തുന്നതിന്ന് പമ്പ കടത്തിവിടുകയാണ് പതിവെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.

പമ്പാനദിയിൽ സ്നാനം ചെയ്തുകഴിഞ്ഞാൽ അതുവരെ ചെയ്ത പാപങ്ങളൊക്കെ നശിക്കും. പരിശുദ്ധമായ പമ്പയിൽ സ്നാനം ചെയ്യാൻ കഴിയുന്നതു തന്നെ പരമഭാഗ്യമായി പണ്ടുള്ളവർ കണക്കാക്കിവരുന്നു.

മുകളിൽ വിവരിച്ചിരിക്കുന്ന പമ്പാനദിയുടെ തീരത്തിൽ കൂടി കുറെ വടക്കോട്ടു പോയാൽ ശബരി തപസ്സ് ചെയ്ത സ്ഥലത്തെത്താം.

ധ്യാന നിമീലിതലോചനയായി ഏകാഗ്രമായ തപസ്സിൽ മുഴുകിയ ശബരിയുടെ ആശ്രമദർശനം ഭക്തജനങ്ങൾക്ക് പുണ്യപ്രദായകം തന്നെയാണ്.

oooooooo:ooo:ooo:oo

KOTTAYAM PUBLIC LIBRARY
KOTTAYAM.
38820

# 7
# വനാന്തരങ്ങളിലൂടെ

ഭക്തശബരിയെക്കുറിച്ചും ശബര്യാശ്രമത്തെക്കുറിച്ചും മററും ഇതിനു മുൻപ് വിവരിച്ചിട്ടുണ്ടല്ലോ? ഈ കൊച്ചു കേരളത്തിലെ പത്തനം തിട്ട താലൂക്കിലാണു് ശബരിമല സ്ഥിതി ചെയ്യുന്നതു്. കോട്ടയത്തുക്കൂടിയാണു് യാത്രക്കാരിൽ ബഹുഭൂരിഭാഗവും ശബരിമലയിലെത്തുന്നതു്.

ഇന്നത്തെപ്പോലെ ശബരിമലയാത്ര സുഗമമല്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. തെററായ വ്രതാനുഷ്ഠാനങ്ങളും, മററും ചെയ്തുപോകുന്നവർക്ക് മലയിലെത്താൻ കഴിയുമായിരുന്നില്ല. ഇന്നും അങ്ങനെത്തന്നെ. കാട്ടും മലകളും കടന്നു് വേണം മലയിലെത്താൻ.

തെററു ചെയ്യുന്നവരെ ശിക്ഷിക്കുന്നതിൽ സ്വാമി ആരുടേയും മുഖം നോക്കാറില്ലെന്നു തോന്നുന്നു. തെററു ചെയ്ത ആൾ മല കയറാൻ ശ്രമിച്ചാൽ നാട്ടിൽ തിരിച്ചെത്താൻ കഴിയുകയുമില്ല.

അത്ഭുതകരങ്ങളായ അനവധി കഥകൾ ഇക്കാര്യത്തെക്കുറിച്ച് ഇന്നും ഭക്തജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ട്. സർവ്വാഭീഷ്ടപ്രദായകനും, സർവ്വാന്തര്യാമിയും, സർവ്വലോക നിയന്താവുമായ ഭഗവാൻെറ പരീക്ഷണങ്ങൾക്ക് വശംവദരാവാത്ത ഭക്തജനങ്ങളില്ല.

അഭീഷ്ടകാര്യസിദ്ധികൾക്കുവേണ്ടിയും, പാപശമനത്തിനുവേണ്ടിയും, രോഗശാന്തിക്കുവേണ്ടിയും മററുമാണ് സ്വാമി ഭജനത്തിന്ന് സാധാരണ ജനങ്ങളൊരുങ്ങുന്നത്.

അത്യത്ഭുതകരങ്ങളായ ഫലങ്ങൾ നൽകി ഭക്തജനങ്ങളെ തന്നിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിന്നുള്ള സ്വാമിയുടെ കഴിവ് വാഴ്ത്തപ്പെടേണ്ടതാണ്.

അയ്യപ്പസ്വാമിയെത്തന്നെ വാഴ്ത്തികൊണ്ടുള്ള ശബരിമല യാത്ര എത്രമാത്രം ആനന്ദപ്രദമെങ്കിലും ക്ലേശകരമെന്നുകൂടി പറയാതെ നിവൃത്തിയില്ല.

അയ്യപ്പസ്വാമിയുടെ പാദാരവിന്ദങ്ങളിൽതന്നെ സർവ്വവും സമർപ്പിച്ചുകൊണ്ട് അനിർവ്വചനീയനായ ആ പുണ്യമൂർത്തിയുടെ മഹിമാവിശേഷങ്ങളെ ആലപിച്ചുകൊണ്ട്, ഭക്തി ശ്രദ്ധാപുരസ്സരം മല കയറാനൊരുങ്ങുന്ന സ്വാമിഭക്തന്മാർക്കല്ലെങ്കിൽ മററാർക്കാണ് മോക്ഷ പ്രാപ്തി ലഭിക്കുക?

വനാന്തരങ്ങളിലൂടെ ക്ലേശകരമായ യാത്ര ഒന്നുമാത്രം മതി പാപവിനാശത്തിന്ന്.

# 8

# പരിഷ്ക്കാരത്തിൻെറ പിന്നാലെ

തങ്ങളുടെ ഉപാസനാ മൂർത്തികളെ തൃപ്തിപ്പെടുത്താനും, വ്രതാനുഷ്ഠാനങ്ങൾ ചെയ്യാനും, മനുഷ്യർ മുമ്പത്തേക്കാളേറെ വ്യഗ്രതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. പരിഷ്കാരത്തിൻെറ പുരോഗതിക്കൊപ്പം ഭക്തജനങ്ങൾക്കിടയിലും പല മാററങ്ങളും വന്നുകൊണ്ടിരിക്കുന്നുണ്ടു്.

പരിഷ്കാരത്തിൻേറതായ ഈ കാലഘട്ടത്തിൽ ഇനിയും നമ്മുടെ ക്ഷേത്രങ്ങളിൽ എന്തെന്തു മാററങ്ങളൊക്കെ സംഭവിക്കുമെന്നു് ഊഹിക്കാൻ പോലും വയ്യാത്ത ഒരവസ്ഥ വന്നുചേർന്നിരിക്കുന്നു.

നാമം ചൊല്ലാൻ യന്ത്രങ്ങൾ മതി. മനുഷ്യനാവശ്യമില്ല. പൂജ കഴിക്കാനും, വ്രതാനുഷ്ഠാനങ്ങൾ ചെയ്യാനും

യന്ത്രങ്ങൾ മതിയാകുമെന്ന നിലയിലേക്ക് ഈ പരി ഷ്കാരം പുരോഗമിച്ചുകൂടെന്നില്ല.

പണം കൊടുത്ത് മോക്ഷം വിലക്കു വാങ്ങാനാവു മെന്ന നിഗമനത്തിലൂടെയാണ് ഭക്തജനങ്ങൾ നീങ്ങി ക്കൊണ്ടിരിക്കുന്നതെന്നു കാണാം. ശബരിമല അയ്യപ്പ സ്വാമിയുടെ പരീക്ഷകൾ കണ്ടറിഞ്ഞും പറഞ്ഞു കേട്ടും അനുഭവസ്ഥരായിട്ടുള്ളവരുടെയടുക്കൽ ഈ പരിഷ്കാരത്തി ന്റേതായ വ്യതിയാനങ്ങൾ കതകു തുറന്നുകൊടുത്തിട്ടില്ല, കൊടുക്കുകയുമില്ല.

സ്വാമിയെസ്സംബന്ധിച്ചിടത്തോളം ശരിയായ വ്രതാ നുഷ്ഠാനങ്ങൾ ആചരിക്കാതെ അങ്ങോട്ടെത്താനും, മല കയ റാനും സാദ്ധ്യമല്ല എന്ന നിലതന്നെയാണിപ്പോഴും. അ വിടെ മോക്ഷം വിലയ്ക്കു വില്ക്കപ്പെടുന്നില്ല.

മതാന്ധതയുടെ മതില്ക്കെട്ടുകൾക്കകത്ത് മയങ്ങി വീണുകൊണ്ടിരിക്കുന്ന മനുഷ്യപുത്രരോട് ഇക്കാര്യത്തിൽ യാതൊരു കാരണവശാലും ഒരിക്കലും യോജിക്കാത്ത ദൈവ മാണ് അയ്യപ്പസ്വാമികൾ.

അദ്ദേഹത്തിന്റെ കൃപാമൃതം നേടിയെടുക്കാൻ അ ശ്രാന്തപരിശ്രമം ആവശ്യമാണ്.

സ്വാമിദർശനം നടത്തി പാപമോചനം നേടുന്നതി ന് ആയിരക്കണക്കിനാളുകൾ തയ്യാറാവുകയും, കൃത്യമായ

വ്രതാനുഷ്ഠാനങ്ങാം നടത്തുകയും ചെയ്യുന്നതു്, ഏതൊരു നിരീശ്വരവാദിയേയും ഈശ്വരവിശ്വാസിയാക്കിത്തീക്കാതിരിക്കയില്ലെന്നു് നിസ്സക്കം പ്രസ്താവിക്കാം.

പരിഷ്കാരത്തിന്റെ പിന്നാലെ പാഞ്ഞുപോകുന്ന ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്കായി ഇത്രയും സന്ദർഭവശാൽ പ്രസ്താവിച്ചുപോയതാണു്.

# 9

# വസ്ത്രം മാറൽ

ശബരിമലയിലേയ്ക്കു് പോകാൻ തയ്യാറെടുക്കുന്നവർ ആചരിക്കേണ്ടതായ പ്രധാന കാര്യങ്ങളാണു് ഈ ഗ്രന്ഥത്തിൽ പ്രതിപാദിയ്ക്കുന്നതെങ്കിലും, അവയിൽവെച്ചു് ഏറ്റവും സുപ്രധാനമായ കാര്യമാണു് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു്.

തുലാമാസം ഒന്നാം തിയ്യതി വ്രതാചരണങ്ങളുടെ ആദ്യത്തെ പടിയെന്ന നിലയ്ക്കു്, വൃത്തിയായും കൃത്യമായും നിത്യകർമ്മങ്ങൾ ചെയ്യുകയും, കുളിച്ചു് ഭക്ഷണം കഴിക്കുകയും, ശുചിയില്ലാത്ത ജീവിതരീതികൾ നിർത്തിവെക്കുകയും ചെയ്യേണ്ടതാണു്.

മല കയറണമെന്നുള്ള തങ്ങളുടെ അഭിലാഷം ഇഷ്ടജനങ്ങളെയും ബന്ധുജനങ്ങളെയും അറിയിക്കുകയും, ആദ്യമായി അവരുടെ അനുവാദവും അനുഗ്രഹവും വാങ്ങിയിരിക്കുകയും ചെയ്യേണ്ടതാണു്.

തന്റെ പ്രിയംകരന്മാരായ ഗുരുഭൂതന്മാരേയും ഈ അഭിലാഷം അറിയിച്ച് അവരുടെ അനുഗ്രഹവും വാങ്ങിയിരിക്കുന്നതു ഉത്തമമത്രെ.

ഇത്രയും ഇവിടെ പ്രസ്താവിക്കാൻ കാരണം ഇഷ്ടജനങ്ങളുടെ അനുഗ്രഹത്തോടും അനുവാദത്തോടും കൂടിയുള്ള യാത്ര കൂടുതൽ ഫലവത്തായിരിക്കുമെന്നുള്ളതുകൊണ്ടാണ്. മേൽപ്രകാരം അനുവാദവും അനുഗ്രഹവും വാങ്ങിക്കഴിഞ്ഞു്, മല കയറി പരിചയവും കാര്യവിവരവുമുള്ള ഒരു ഗുരുഭൂതനെ തിരഞ്ഞു പിടിക്കണം. അദ്ദേഹത്തെ യഥാശക്തി ദക്ഷിണകളും ഭക്ഷണങ്ങളും നൽകി തൃപ്തിപ്പെടുത്തി തന്റെ ഗുരുനാഥനായി സ്വീകരിക്കണം.

മേൽ പ്രസ്താവിച്ച പ്രകാരം തുലാമാസം 1-ാംനു-മുതൽ ശുദ്ധവൃത്തി സ്വീകരിക്കുകയും, വൃശ്ചികമാസം 1-ാംനു- തന്റെ തട്ടകത്തുള്ള അയ്യപ്പസ്വാമിയുടെ ക്ഷേത്രത്തിൽ പോയി കുളിച്ചുതൊഴുതു് ഗുരുദേവന്റെ ഉപദേശത്തോടുകൂടി അദ്ദേഹത്തിന്റെ കൈകളിൽനിന്നും മാല വാങ്ങി ക്ഷേത്രസന്നിധിയിൽവെച്ചു് ധരിച്ചുകൊള്ളുകയും, കറുത്ത വസ്ത്രം ധരിക്കുകയും വേണം. വസ്ത്രം മാറുന്നതിന്റെ ചടങ്ങ് ഇങ്ങനെയാണ്. ചിലരാകട്ടെ ക്ഷേത്രത്തിൽ പോകാതെത്തന്നെ തന്റെ ഗുരുനാഥനിൽനിന്നോ കാരണവന്മാരിൽനിന്നോ മാലവാങ്ങി ധരിക്കാറുണ്ട്. ആയതും അപ്രസക്തമെന്നു പറഞ്ഞുകൂടാ.

എല്ലാററിലും ഉപരിയായി തൻെറ ആത്മവിശ്വാസമാണ് പ്രധാനമെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ദേഹശുദ്ധിയും മനോശുദ്ധിയുമാണ് ഇക്കാൎയ്യത്തിൽ പരമപ്രധാനമായിട്ടുള്ളതു്. ആയതിന്നു് ഒരു വിധത്തിലും കോട്ടം തട്ടാതെ കാൎയ്യങ്ങൾ കൈകാൎയ്യം ചെയ്യാവുന്നതാണ്.

മാല ധരിക്കുന്നതിന്നു് സ്വാമിയുടെ രൂപം കൊത്തിയ രുദ്രാക്ഷമാലയും, തുളസിമാലയുമാവാം. രുദ്രാക്ഷമാല ധരിക്കുകയാണ് നല്ലതു്.

ശിവ പുത്രനായ സ്വാമിയുടെ ഓൎമ്മക്കു് ശിവൻെറ അടയാളമായ രുദ്രാക്ഷം അതിവിശേഷമാണെന്നു് പറയാവുന്നതാണ്. ആ കാൎയ്യത്തിൽ ഭക്തജനങ്ങളുടെ മനഃസംതൃപ്തിയാണ് പ്രധാനം.

പരിഷ്കാരത്തിൻേറതായ ഈ കാലഘട്ടത്തിൽ സ്വൎണ്ണമാലയിൽ രുദ്രാക്ഷം തൂക്കിയിട്ടും മാലയിടുന്ന പതിവ് കണ്ടുവരുന്നുണ്ടു്. രുദ്രാക്ഷം മാത്രമായ മാല ഉപയോഗിയ്ക്കുന്നതിലുള്ള വൈമനസ്യം കൊണ്ടാണ് സ്വൎണ്ണമാല ഉപയോഗിച്ചുവരുന്നതു്.

മാലയിൽ അയ്യപ്പസ്വാമിയുടെ രൂപമുണ്ടായിരിക്കണമെന്ന കാൎയ്യം നിൎബ്ബന്ധമാണ്.

വസ്ത്രവും മാലയും ധരിച്ചുകഴിഞ്ഞാൽ ദേഹമനോശുദ്ധിയോടുകൂടി വൎത്തിക്കേണ്ടതാണ്.

# 10

# ദോഷപ്രായശ്ചിത്തം

ജാതകവശാൽ ശനിയുടെ ദോഷങ്ങാംക്ക് പരിഹാരമായി വിധിക്കാറുള്ളതു് അയ്യപ്പസ്വാമി ഭജനമാണു്. എല്ലാവിധ ദുഷ്ടഫലങ്ങളെയും നീക്കി സത്ഫലങ്ങാം നൽകുന്നതിന്നു് അയ്യപ്പസ്വാമിയോളം നല്ല ദേവത മററൊന്നില്ല. കലിമല ദോഷദ്ധ്വംസകനായ അയ്യപ്പസ്വാമിയെ ഭജിക്കുന്നതാണു് കലികാലത്തിൽ ഏററവും പുണ്യമാർഗ്ഗമെന്നു് ആചാര്യന്മാർ പ്രവചിച്ചിട്ടുണ്ടു്.

എല്ലാവിധ ദോഷഫലങ്ങളെയും അതിൻെറ പാരമ്യത്തിലെത്തിക്കാനുള്ള കഴിവ് ഏഴരശ്ശനിക്കുണ്ടു്. ജാതകത്തിൽ ചന്ദ്രാൽ പന്ത്രണ്ടിലും, ചന്ദ്രലഗ്നത്തിലും ചന്ദ്രലഗ്നാൾ രണ്ടാംഭാവത്തിലും ശനി നില്ക്കുന്ന കാലത്തെയാണു് ഏഴരശ്ശനിയെന്നു പറയുന്നതു്. മൂന്നു രാശിയിലും

കൂടി ശനി ഏഴരക്കൊല്ലക്കാലം നില്ക്കും. അതുകൊണ്ടാണു് ഏഴരശ്ശനിയെന്നു് പറയുന്നതു്.

അതുപോലെത്തന്നെ ലഗ്നാൽ നാലു്, ഏഴു്, പത്തു്, ഈ ഭാവങ്ങളിലും ശനി ദോഷവാൻ തന്നെയാണു്. ഇതിനെ കണ്ടകശ്ശനിയെന്നു പറയുന്നു. കണ്ടകശ്ശനിയുടെയും ഏഴരശ്ശനിയുടെയും ദോഷങ്ങളിൽനിന്നും മോചനം ലഭിക്കുന്നതിന്നു് ശനിയുടെ ദേവതയായ അയ്യപ്പസ്വാമിയെ ഭജിക്കുകയല്ലാതെ മററു മാർഗ്ഗങ്ങളൊന്നുമില്ല. സ്വാമിഭജനവും, ശബരിമല യാത്രയും നിരന്തരം ചെയ്യുന്ന ഒരാൾക്കു് യാതൊരു ദോഷവും ബാധിക്കുകയില്ല.

ശനിയുടെ മന്ത്രങ്ങൾ ജപിക്കുകയും, കൃഷ്ണവസ്ത്രധാരണവും, ബ്രാഹ്മണജനങ്ങൾക്കു് കറുത്ത പശുവിനെ ദാനം ചെയ്യുകയും, തിലഹോമനാദികൾ നടത്തുകയും, സർവ്വോപരി ശബരിമല യാത്ര ചെയ്യുകയുമാണു് ദോഷപ്രായശ്ചിത്തകർമ്മങ്ങൾ.

വിധിയാംവണ്ണം ഈവക കർമ്മങ്ങൾ ആചരിക്കുന്നതുകൊണ്ടു് ദോഷശാന്തി വരും. മേൽ പ്രസ്താവിച്ച കാര്യങ്ങൾകൊണ്ടുതന്നെ അയ്യപ്പസ്വാമിയുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്നു് മനസ്സിലാകുമല്ലോ.

കലികാലദോഷങ്ങൾ വിധ്വംസനം ചെയ്യുന്നതിന്നു് അയ്യപ്പസ്വാമിയേക്കാൾ കഴിവുള്ള മറെറാരു ദേവനുമില്ല എന്നുള്ള സത്യം സർവ്വവിദിതമാണു്.

കേരളത്തിലെ പുണ്യക്ഷേത്രങ്ങളിൽ വെച്ച് അതി പുരാതനവും അതിപ്രധാനവുമായ ശബരിമലയുടെ പതിനെട്ടു പടികളും കയറാൻ ഭാഗ്യവാന്മാക്ക മാത്രമേ കഴിയുകയുള്ളൂ.

പടി പതിനെട്ടും കയറി സ്വാമിദശ്നനം ചെയ്യാൻ ലഭിക്കുന്നെ അപൂവ്വാവസരങ്ങാം ഒരു കാലത്തും പാഴാക്കിക്കളയരുതു്.

ആചരണീയങ്ങളായ വ്രതാനുഷ്ഠാന നിയമങ്ങാംക്കു് യാതൊരു തരത്തിലും ദോഷം സംഭവിക്കാതെ ശരിയായ മാഗ്ഗത്തിൽക്കൂടി ഭക്തിശ്രദ്ധാപുരസ്സരം കാര്യങ്ങാം കൈകാര്യം ചെയ്യുന്നതു് നന്നായിരിക്കും.

ജ്യോതിശ്ശാസ്ത്രത്തിൽ ശനിക്കു് ശനൈശ്ചരൻ എന്നുള്ള ഒരു പേരുകൂടിയുണ്ടു്. പതുക്കെ സഞ്ചരിക്കുന്നവൻ എന്നാണു് ശൈനശ്ചരൻ എന്ന വാക്കിൻെറ അത്ഥം. അതായതു് മററുള്ള ഗ്രഹങ്ങളെക്കാളൊക്കെ പതുക്കെ സഞ്ചരിക്കുന്നവനാകയാലാണു് ഈ പേരുണ്ടായതു്.

ശനി ഓരോ രാശിയിലും രണ്ടരക്കൊല്ലം വീതം നില്ക്കും. ദോഷഭാവങ്ങളാണെങ്കിൽ ആ രണ്ടരക്കൊല്ലക്കാലം ദോഷഫലവും, ശുദ്ധഫലപ്രദായകനാണു് ശനിയെങ്കിൽ ആ രണ്ടരക്കൊല്ലക്കാലം ശുഭഫലവും പ്രദാനം ചെയ്യും.

ആയതുകൊണ്ടു് ദോഷവാനായ ശനിയെ തൃപ്തിപ്പെടുത്തുന്നതിനും ഗ്രഹപ്പിഴകാംക്കു് പ്രായശ്ചിത്തത്തിനും ആഗ്രഹിക്കുന്നവർ ശനിയുടെ ദേവതയായ അയ്യപ്പസ്വാമിയെ തൃപ്തിപ്പെടുത്തികൊാംക—

# 11
# വംശാഭിവൃദ്ധി

വംശവൃദ്ധിയാണല്ലോ മനുഷ്യജന്മത്തിന്റെ ഏററ വും അഭികാമ്യമായ ഉദ്ദേശ്യം. നവഗ്രഹദോഷശാന്തികൊണ്ടു മാത്രമേ വംശവൃദ്ധി ലഭ്യമാവുകയുള്ളു.

ഭഗവാനായ അയ്യപ്പസ്വാമിയുടെ സ്തോത്ര കീർത്തനാദികഠം ഉച്ചരിച്ച് ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതാണു് ദോഷപ്രായശ്ചിത്തത്തിന്നു് ഏററവും മുഖ്യമെന്നു് ഗുരുഭൂതന്മാർ പറയുന്നു. അവരുടെ വാക്ക് ഒരിക്കലും മിഥ്യയാവാൻ തരമില്ല.

അയ്യപ്പസ്വാമിയെ സേവിക്കുന്നതിന്നും പൂജിക്കുന്നതിന്നും ആരൊക്കെയാണു് അർഹരായിട്ടുള്ളതു്.?

സ്വാമിയുടെ ഏററവും വലിയ മുദ്രാവാക്യം തന്നെ ധർമ്മമാകുന്നു. അതുകൊണ്ടാണു് സ്വാമി ധർമ്മശാസ്താവെന്ന പേരിൽ അറിയപ്പെടുന്നതു്. സച്ചിന്മയമൂർത്തിയായ സാക്ഷാൽ ധർമ്മത്തിന്റെ ഉപജ്ഞാതാവാണു് അയ്യപ്പസ്വാമി.

ധർമ്മമല്ലാതെ മറെറാരു മന്ത്രവുമില്ല. അധർമ്മചാരികളായി അധർമ്മജീവിതംനയിക്കുന്നവരെ നേർവഴിക്കു കൊണ്ടുവരുന്നതിനുവേണ്ടിയാണു് അയ്യപ്പസ്വാമി ജനിച്ചിട്ടുള്ളതു്.

അതുകൊണ്ടു് അധർമ്മമായ മാർഗ്ഗത്തെ സ്വീകരിച്ചിരിക്കുന്നവർക്കും, ദുരാഗ്രഹം, ദുഷ്പ്രവൃത്തികൾ എന്നിവ ചെയ്യുന്നവർക്കും, സ്വാമിസേവ ഫലപ്രദമായിരിക്കാനിടയില്ല. ദയാദാക്ഷിണ്യാദികൾ, സത്യനിഷ്ഠ, ധർമ്മനിഷ്ഠ എന്നിവയോടുകൂടിയ മനുഷ്യർ മാത്രമെ സ്വാമിയെ ശരണമായിക്കരുതേണ്ടതുള്ളൂ.

യാഗം, ഹോമം, പൂജാകർമ്മങ്ങൾ, തപസ്സ്, എന്നിവകൊണ്ടു് സിദ്ധിക്കാവുന്ന അഷ്ടൈശ്വര്യങ്ങൾ സ്വാമിഭക്തികൊണ്ടു് ലഭിക്കും.

സ്വാമിയെ സർവ്വദാ മനസ്സിൽ ധ്യാനിക്കുകയും, വ്രതാനുഷ്ഠാനങ്ങൾ മുടങ്ങാതെ ആചരിക്കുകയും ചെയ്താൽ സ്വാമി സന്തുഷ്ടനാവുകയും, അനുഗ്രഹിക്കുകയും ചെയ്യും.

അണിമ, മഹിമ, ലഘിമ, ഗിരിമ, ഈശിത്വം, വശിത്വം, പ്രാപ്തി, പ്രാകാശ്യം എന്നീ അഷ്ടൈശ്വര്യങ്ങൾ സ്വാമിയുടെ അനുഗ്രഹംകൊണ്ടുതന്നെ ലഭിക്കുന്നതാണു്. ഓങ്കാരപ്പൊരുളും, സച്ചിദാനന്ദ സ്വരൂപനുമായ സ്വാമിയുടെ പാദസേവകൊണ്ടു് മേൽപറഞ്ഞ അഷ്ടൈശ്വര്യങ്ങൾ സിദ്ധിക്കുമെങ്കിൽ, കാടും മലയും താണ്ടി വ്രതാനുഷ്ഠാനങ്ങൾ ശരിക്കാചരിച്ചു് പടി പതിനെട്ടും കയറി

സ്വാമിയുടെ സന്നിധാനത്തിലെത്താൻ കഴിഞ്ഞാൽ ഭക്തോത്തമന്മാരായ ജനങ്ങൾക്കു് ഈ ലോകത്തിൽ നേടിയെടുക്കാൻ കഴിയാത്തതായി എന്താണുള്ളതു്?

ചീത്ത കർമ്മങ്ങൾക്കും, ദുഷ്പ്രവൃത്തികൾക്കും ഒരിക്കലും വശംവദനാവാതെ സൽക്കർമ്മങ്ങൾ മാത്രം ആചരിച്ചു് ഭക്തി ശ്രദ്ധാപുരസ്സരം സ്വാമിയുടെ നാമസങ്കീർത്തനങ്ങളും, സ്തോത്രങ്ങളും ഉരുവിട്ടു് നാംപോകുകയാണ് ജീവിതത്തിലെ അഭ്യുന്നതികൾക്കൊക്കെ നിദാനമായിട്ടുള്ളതു്.

മേൽപറഞ്ഞ പ്രവർത്തനങ്ങൾകൊണ്ടു് ശരിയായ ആത്മനിയന്ത്രണം നേടിയവരായിരിക്കണം മലയാത്രക്കു് ഒരുങ്ങേണ്ടതു്.

സൽബുദ്ധി, സത്യവൃത്തി എന്നീ സൽഗുണങ്ങളോടുകൂടിയിരിക്കണം സ്വാമിഭക്തന്മാർ. യാതൊരു കാലത്തും യാതൊരു സാഹചര്യവശാലും ഇതിന്നു് യാതൊരു കളങ്കവും വരുത്തുകയുമരുതു്.

# 12
# മനഃശ്ശുദ്ധി

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനമായതു് മനസ്സാണു്. സ്വാമിഭക്തന്മാരായ എല്ലാവർക്കും ഏററവും ആവശ്യമായ ഒന്നാണു് മനഃശ്ശുദ്ധി. ചീത്ത വിചാരങ്ങളും, ചിന്തകളും ഒരിക്കലും മനസ്സിൽ വെച്ചിരിക്കരുതു്.

കഴുത്തിൽ രുദ്രാക്ഷവും മനസ്സിൽ മറെറാന്നുമായി കഴിയുന്നതു് സ്വാമി ഭക്തന്മാരെ സംബന്ധിച്ചിടത്തോളം മഹാപാപമാണു്.

ചീത്ത ജനങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുക; ദുഷ്ടന്മാരുമായുള്ള കൂട്ടുകെട്ടുകൾ നിർത്തിവെക്കുക, കാമം; മോഹം, മദം, മാത്സര്യം, എന്നീ ദുഷ്ടചിന്തകൾ മനസ്സിൽനിന്നു് ഉന്മൂലനം ചെയ്യുക എന്നിവയാണു, ഏററവും പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾ.

അയ്യപ്പസ്വാമിയെക്കുറിച്ചുള്ള ഒരേയൊരു ചിന്ത മാത്രം മനസ്സിൽനിന്നും വേർപ്പെടാതെ സൂക്ഷിക്കുക.

കടിഞ്ഞാണില്ലാത്ത, നിയന്ത്രിക്കാൻ കഴിയാത്ത ഒരു കുതിരയെപ്പോലെ അങ്ങുമിങ്ങും എങ്ങും സഞ്ചരിച്ചു കൊണ്ടിരിക്കുന്ന മനസ്സിനെ തന്നിൽ തന്നെ അടക്കിനിർത്തുകയും, ദൈവഭക്തിയോടുകൂടിയിരിക്കുകയും ചെയ്യണം. മനസ്സിനെ അടക്കിനിർത്തുന്നതു് അത്ര എളുപ്പമായ കാര്യമല്ല. എന്നാൽ സ്വാമി പാദങ്ങളിൽ മാത്രം മനസ്സ് അർപ്പിച്ചു കഴിഞ്ഞാൽ ഇതിനേക്കാൾ എളുപ്പമായി മറ്റൊന്നുമില്ല. പരദ്രോഹ ചിന്ത, അസൂയ, എന്നിവക്ക് ഒരിക്കലും മനസ്സിൽ സ്ഥാനം നൽകരുതു്.

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ഏറ്റവും വലിയ ശത്രു മനസ്സാണു്. ആ ശത്രുവിനെ കീഴ്പ്പെടുത്താൻ കഴിഞ്ഞാൽതന്നെ ജയിച്ചു.

ദുഷ്ടചിന്തകളോടും ദുർവികാരങ്ങളോടും പടപൊരുതി വിജയിച്ചാൽ അവനു് എല്ലാം കീഴ്പെടുത്താൻ കഴിയും.

ദുർമുഖം കാട്ടിയിരിക്കാതെ എപ്പോഴും സന്തോഷത്തോടുകൂടി പ്രസന്നമുഖനായി വർത്തിക്കണം. മനസ്സാകുന്ന കുതിരയെ നിയന്ത്രണമാകുന്ന കടിഞ്ഞാണുകൊണ്ടു് തളച്ചു നിർത്തുക. ശബരിമലയാത്രയിൽ ഏറ്റവും പ്രധാനമായ കാര്യം മനഃസംയമനമായതുകൊണ്ടു് ഇത്രയും വിശദീകരിച്ചതാണു്.

# 13
# ബ്രഹ്മചര്യാശ്രമം

കഴിഞ്ഞ അദ്ധ്യായത്തിൽ മനഃശ്ശുദ്ധിയെക്കുറിച്ചും മനസ്സ് നിയന്ത്രിക്കുന്നതിനെക്കുറിച്ചും പ്രത്യേകമായി പ്രസ്താവിച്ചിരിക്കുന്നതിൻെറ ഉദ്ദേശം ഈ അദ്ധ്യായത്തിൽ ചില പ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടിയാണു്.

മനസ്സ് നിയന്ത്രിക്കാൻ കഴിയാത്തവരോട് ഇക്കാര്യങ്ങൾ പ്രസ്താവിച്ചിട്ട് കാര്യമില്ല. ഏററവും വലിയ ശത്രുവായ മനസ്സിനെ നിയന്ത്രിക്കുവാൻ ആദ്യമായി പഠിക്കുക.

സ്ത്രീകളെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും, സ്ത്രീകൾക്ക് അടിമപ്പെടാതിരിക്കുകയും, അവരുമായി അടുത്തിടപ്പെടാതിരിക്കുകയും, കാമവിചാരങ്ങൾക്ക് കീഴ്പ്പെടാതിരിക്കയും, ചെയ്യുന്നതാണു് ശബരിമല യാത്രയിൽ ഏററവും മുഖ്യമായ കാര്യം.

സ്ത്രീ സംസൎഗ്ഗംപോലെ ദോഷകരമായ മറെറാന്നുമില്ല സ്വാമിഭക്തന്മാൎക്ക്.

കാമചിന്തകളെ വേർപെട്ട് സ്വാമി പാദങ്ങളിൽ മാത്രം മനസ്സ് ലയിപ്പിച്ച് ഏകാഗ്രചിത്തനായി സ്വാമിയെ ഭജിക്കുന്നതിന്ന് തയ്യാറുള്ളവർ മാത്രം മലയ്ക്കുപോകാനൊരുങ്ങിയാൽ മതി.

യാതൊരു ദുർവ്വിചാരങ്ങൾക്കും അടിമപ്പെട്ടുകയില്ലെന്ന് മുൻകൂട്ടി ദൃഢനിശ്ചയം ചെയ്തതിന്നുശേഷം മതി മലയ്ക്കു പോകാനൊരുങ്ങാൻ.

സ്ത്രീസംഗംപോലെ നിഷിദ്ധമായി സ്വാമിക്ക് മറെറാന്നുമില്ല. ബ്രഹ്മചൎയ്യാശ്രമം ശരിക്കും അനുഷ്ഠിക്കാൻ കഴിയാതിരുന്നാൽ അതിന്റെ ഫലം വളരെ ദോഷകരമാണ്.

ശബരിമലയിലേക്കു പോകാൻ നോൽമ്പിട്ട ഒരാൾ ഋതുമതികളായ സ്ത്രീകളെ ഒരിക്കലും കാണരുത്. സ്വാമിയെ ശരണമയ്യപ്പാ എന്ന ശരണവിളി കേട്ടാൽ ഋതുമതികളായ സ്ത്രീകൾ താനറിയാതെ വരുന്നുണ്ടെങ്കിൽ അവർ ഒഴിഞ്ഞുപോയിക്കൊള്ളും.

വ്രതാനുഷ്ഠാനങ്ങളിൽ ഒരിക്കലും പിഴ വരാൻ പാടില്ല. അല്പസ്വല്പം പിഴവരാത്തവർ മററാരുമില്ലെങ്കിലും ഇക്കാൎയ്യത്തിൽ സ്വാമിക്ക് യാതൊരു വിട്ടുവീഴ്ചയുമില്ല.

അതുകൊണ്ടു് തൻെറ ആത്മവിശ്വാസത്തിനു് ഒരി

ക്കലും ക്ഷതം സംഭവിക്കാതെയും, സ്ത്രീസംഗം തികച്ചും

കൈവെടിഞ്ഞും വർത്തിക്കേണ്ടതു് അത്യാവശ്യമാകുന്നു.

സ്വാമിയേ ശരണമയ്യപ്പാ എന്ന മുദ്രാവാക്യം നിങ്ങ

ളുടെ മനസ്സിന്നു് ഉത്തേജനം നൽകട്ടെ!

KOTTAYAM PUBLIC LIBRARY
KOTTAYAM.

# 14

# പരാജയത്തിൻെറ പടി

സ്വതേ ദുർബ്ബലനാണു് മനുഷ്യൻ. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ആ ദൗർബ്ബല്യം അധികമായിത്തീരുകയും, നിയന്ത്രണാതീതമായിത്തീരുകയും ചെയ്യാറുണ്ടു്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ എന്തും ചെയ്യാൻ മനുഷ്യൻ മടിക്കാറില്ല.

അത്തരം സാഹചര്യങ്ങളുണ്ടാകുന്നതു് ക്ഷമാശക്തി തീരെയില്ലാത്തതുകൊണ്ടാണു്.

ആരെന്തുപറഞ്ഞാലും ചെയ്താലും ശരി അതൊക്കെ സഹിക്കാനും ക്ഷമിക്കാനുമുള്ള മനഃകരുത്താണു് ആദ്യമായി സമാർജ്ജിക്കേണ്ടതു്. അതു സമാർജ്ജിക്കാൻ കഴിയാത്തവൻ ഭൗതികാര്യത്തിൽ മാത്രമല്ല, മറെറല്ലാററിലും പരാജിതനായിത്തീരും.

മുൻപു് പറഞ്ഞതുപോലെ കടിഞ്ഞാണില്ലാത്ത മനസ്സാകുന്ന കുതിരയുടെ കടിഞ്ഞാൺ ക്ഷമാശീലമാകുന്നു.

ആ കടിഞ്ഞാൺ കൈവശമാക്കാൻ ഒരു മനുഷ്യന് പല 38820
പ്പോഴും കഴിഞ്ഞെന്നുവരില്ല.

അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവൻ നിയന്ത്രണാതീതനായിത്തീരുന്നു; പരാജിതനാകുന്നു. ആ പരാജയത്തിൽനിന്നും ഒരു കാലത്തും മനുഷ്യന് രക്ഷപ്പെടുവാൻ കഴിയുകയില്ല.

അതുകൊണ്ട് ആ പരാജയത്തിന്റെ മുമ്പ് മുളയിലേ നുള്ളിക്കളയുന്നതാണ് നല്ലത്. തെറ്റുകൾ ചെയ്തതിനു ശേഷം പശ്ചാത്തപിക്കുകയല്ല, തെറ്റുകൾ ചെയ്യാതിരിക്കുന്നതാണ് ഏറ്റവും വലിയ ബുദ്ധി. അതുകൊണ്ട് തെറ്റുകൾ ചെയ്യാതിരിക്കാൻ കഴിയണമെങ്കിൽ ക്ഷമാശീലം അനുപേക്ഷണീയമാകുന്നു.

ആരെന്തു പറഞ്ഞാലും, ദുഷ്ടബുദ്ധികൾ പരിഹാസശരങ്ങളാൽ മനസ്സിനെ വ്രണപ്പെടുത്തിയാൽ പോലും പരിപാവനമായ സ്വാമി പാദങ്ങളിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാം സഹിക്കാൻ പഠിക്കുക. ആ സഹനശീലം ക്രമേണ വളർത്തിയെടുക്കുക.

ദുഷ്കർമ്മങ്ങൾ മുഴുവൻ ചെയ്യാൻ മനുഷ്യന് പ്രേരണ നൽകുന്നത് ക്ഷമാശീലമില്ലാത്ത മനസ്സാണ്. പശ്ചാത്താപമാകുന്ന പ്രായശ്ചിത്തത്തേക്കാൾ ക്ഷമാശീലമാകുന്ന സൽസ്വഭാവം വളർത്തിയെടുക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുന്നവർക്ക് സ്വാമിതന്നെ അനുഗ്രഹം നൽകും.

# 15
# സ്വാമിഭക്തി

മുൻപത്തെ അദ്ധ്യായങ്ങളിൽ ക്ഷമാശീലവും സഹനശക്തിയും വളർത്തണമെന്നു് പ്രത്യേകം പ്രസ്താവിച്ചിട്ടുള്ളതു് കോപശീലം കൈവെടിയുന്നതിന്നുവേണ്ടിയാണു്. സ്വാമി ഒരിക്കലും കോപിഷ്ഠനായിരുന്നില്ല. അധഃപതനത്തിലേക്കുള്ള ചവിട്ടുപടിയാണു് കോപം.

ശബരിമലയിലേക്കു പോകുന്ന ഭക്തോത്തമന്മാർ ഒരിക്കലും കോപശീലത്തിന്നു് വിധേയരായിത്തീരരുതു്.

മനസ്സു് മനുഷ്യന്റെ ശത്രുവാണെന്നു് മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ? ആ ശത്രു നമ്മെ കീഴടക്കുന്നതിന്നു് ഉപയോഗിക്കാനിടയുള്ള ഏററവും വലിയ ആയുധമാണു് ഈ സ്വഭാവം.

പശ്ചാത്താപചിന്തകൾക്കു് ഒരിക്കലും കഴുകിക്കളയാൻ കഴിയാത്തത്ര പാപഭാരമാണു് ഈ ശത്രു നമുക്കു് നേടിത്തരുന്നതു്.

അനാവശ്യമായ വഴക്കിനും വയ്യാവേലികൾക്കും ഇതു വഴിതെളിയിക്കുന്നു. അത്തരം ചീത്ത ചിന്തകളിലൂടെ സഞ്ചരിക്കാൻ മനസ്സാകുന്ന പഥികന് ഒരിക്കലുമിടംകൊടുക്കരുതു്. മനഃസംയമനശീലവും, ക്ഷമാശീലവും വളത്തിയെടുക്കാൻ സ്വാമിഭക്തികൊണ്ടുമാത്രമേ കഴിയുകയുള്ളു.

ദുശ്ശീലങ്ങൾ മനുഷ്യമനസ്സുകളിലേയ്ക്കു് പ്രവഹിക്കാൻ വളരെ കുറച്ചു സമയമേ വേണ്ടു. അവയെ ഉന്മൂലനാശം ചെയ്യുവാൻ വളരെക്കാലത്തെ അശ്രാന്ത പരിശ്രമം ആവശ്യമായിത്തീരും.

മററുള്ളവരെന്തും പറയട്ടെ. തൻെറ മനസ്സിന്നു് ഹിതമെന്നുതോന്നിയ നല്ല നല്ല കാര്യങ്ങൾമാത്രം ചെയ്യുക. തെററാണെന്നു തോന്നുന്നതിനോടു് പുറംതിരിഞ്ഞുനില്ക്കുക.

എത്ര ബലവാനായാലും ശരി, കോപശീലം അയാളെ കീഴ്പ്പെടുത്തിക്കളയും. അതിൻെറ അനന്തര ഫലങ്ങളോ?

ഉത്തമമായ ഭക്തിവിശ്വാസങ്ങളോടുകൂടി സ്വാമിയുടെ തൃപ്പാദങ്ങളിൽ എല്ലാം സമർപ്പിച്ചു് ജീവിതംതന്നെ സ്വാമി പാദങ്ങളിൽ ഉഴിഞ്ഞുവെച്ചു് മനഃസംയമനത്തോടും ദൃഢനിശ്ചയത്തോടും കൂടി മാത്രം മലയ്ക്കു പോകാനൊരുങ്ങുക.

സ്വാമി ഒരിക്കലും നിങ്ങളെ കൈവെടിയുകയില്ലെന്നു് ഉറപ്പിച്ചു പറയാം.

# 16
## ഭക്തിയുടെ കവാടം

സ്വാമി ഭക്തന്മാരായ ജനങ്ങൾക്ക് അനുപേക്ഷണീയമാണു് അനുകമ്പാശീലം. എല്ലാ ജനങ്ങളോടും സ്നേഹവും സമഭാവനയും, ദയയോടുകൂടിയുള്ള പെരുമാററവും മനുഷ്യനെ ഏററവും ഉയന്ന രംഗത്തേക്ക് ഉയത്താൻ സഹായിക്കുന്നു.

. മനസാ വാചാ കർമ്മണാ യാതൊന്നിനേയും യാതൊരാളെയും ഉപദ്രവിക്കാനുള്ള വാസന തികച്ചും കൈവെടിയേണ്ടതു് ആവശ്യമാണു്.

അനുകമ്പാശീലമില്ലാത്തവരോടു സ്വാമിക്ക് വലിയ വെറുപ്പാണു്.

വൈരസ്വഭാവത്തോടുകൂടി യാതൊരാളേയും സമീപിക്കുകയോ പെരുമാറുകയോ ചെയ്യരുതു്. അങ്ങിനെ ചെയ്യുന്നതു് ദോഷകരമാണെന്നുകൂടി പറയട്ടെ.

നാമോരോരുത്തരുടേയും ജീവിതലക്ഷ്യവും മാർഗ്ഗവും വിഭിന്നങ്ങളാണെന്നു വരാം. എന്നാൽ ഏതു രംഗത്തു് പ്ര

വർത്തിക്കുന്നവരായാലും കൊള്ളാം അതാതു രംഗങ്ങളിൽ ആർക്കും യാതൊരു ദ്രോഹവും ചെയ്യാതെയിരിക്കാൻ ശ്രദ്ധി ക്കേണ്ടതുണ്ടു്.

ഭക്തിയിലേക്കുള്ള മാർഗ്ഗത്തിലെ ആദ്യത്തെ കവാടമാകുന്നു അനുകമ്പ.

എല്ലാവരോടും സമബുദ്ധിയോടെ പെരുമാറുകയും ആർക്കും വെറുപ്പില്ലാത്ത രീതിയിൽ ജീവിക്കുകയും ചെയ്യുന്നതാണു് ഉത്തമ ഭക്തൻെറ കടമ. ഹീനചിന്തകൾക്കും അനാവശ്യമായ സ്വഭാവങ്ങൾക്കും ഒരിക്കലും തൻെറ മനസ്സിൽ സ്ഥാനമനുവദിക്കരുതു്. മാത്രമല്ല സദുപദേശംകൊണ്ടു് മററുള്ളവരെ നന്നാക്കാനും ശ്രമിക്കാൻ കഴിയുമെങ്കിൽ അങ്ങിനെ ചെയ്യുക.

സ്വാമിപാദങ്ങളിൽ സകലവും സമർപ്പിച്ചുകൊണ്ടു് ആരേയും വെറുപ്പിക്കാതെ, ആരേയും ഉപദ്രവിക്കാതെ, കഴിയുന്നതും ശാന്തസ്വഭാവനായി ജീവിക്കുന്നതുമാണു് സ്വാമിക്കിഷ്ടം.

അന്യരെ ഉപദ്രവിക്കാൻ ഒരുങ്ങുന്നവനു് നരകത്തിൽപോലും സ്ഥാനം ലഭിക്കുകയില്ലെന്ന സത്യം മനസ്സിലാക്കി അത്തരം ദുഷ്പ്രവൃത്തികളിൽനിന്നും പിൻമാറുക.

ശബരിമലയിലേക്കു പോകുന്ന ഭക്തോത്തമന്മാർ ഒരിക്കലും മേൽപറഞ്ഞ മാർഗ്ഗങ്ങളിൽനിന്നും വ്യതിചലിക്കാതിരിക്കുന്നതു് അവർക്കും അവരുടെ പിൻഗാമികൾക്കും ശ്രേയസ്കരമാണു്.

# 17

# അന്നദാന പ്രഭു

സാക്ഷാൽ ശബരിമല അയ്യപ്പസ്വാമിയുടെ മറെറാരു പേരാണ് അന്നദാനപ്രഭുവെന്നതു്. ദാനത്തിൽ ഏററവും വലിയ ദാനം അന്നദാനമാകുന്നു. വിശന്നുപൊരിയുന്ന അഗതിക്ക് അന്നം കൊടുക്കുന്നതിൽപരം ശ്രേഷ്ഠമായി യാതൊന്നുംതന്നെ ലോകത്തിലില്ല.

മൃഷ്ടാന്നഭോജനം കഴിഞ്ഞ് പട്ടുമെത്തയിൽ ശയിക്കുന്നവന്നു് ഒരു നേരത്തെ ചോറു കൊടുക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല.

അതേ സമയത്തു് വിശപ്പുകൊണ്ടു് പൊരിയുന്ന ഒരു സാധുവിനു ഒരു പിടി ചോറു കൊടുത്താൽ അതിലും വലിയ പുണ്യം മറെറാന്നില്ല.

അതുകൊണ്ടു് ശബരിമല യാത്രക്കു് പോകാൻ തയ്യാറാവുന്നവർ അവരവരുടെ കഴിവിന്നനുസരിച്ചു് അന്നദാനംകൊണ്ടു് അഗതികളെ തൃപ്തിപ്പെടുത്തേണ്ടതാകുന്നു.

താന്താങ്ങളുടെ കഴിവനുസരിച്ച് ആയതു് കൂട്ടുകയും കുറയ്ക്കുകയും ചെയ്യാം. അതുകൊണ്ടു് സ്വാമിക്കു് ഒരിക്കലും അപ്രിയം ഉണ്ടാവുകയില്ല.

ലോകത്തിൽവെച്ച് മഹത്തരമായ അന്നദാനംകൊണ്ടു് പുണ്യം നേടിയെടുക്കാൻ പരിശ്രമിക്കുന്നതു് ഇഹലോകത്തിൽ മാത്രമല്ല, പരലോകത്തിലും ഐശ്വര്യത്തെ ചെയ്യുന്നതാകുന്നു.

ഈ ഒരു ജന്മംകൊണ്ടുമാത്രം മനുഷ്യജന്മം അവസാനിക്കുകയില്ല. അനേകമനേകം ജന്മങ്ങൾ ഇനിയുമുണ്ടു്.

ആ ജന്മങ്ങളിലൊക്കെ ഗതി കിട്ടണമെങ്കിൽ ഈ ജന്മത്തിൽ നല്ല നല്ല കർമ്മങ്ങൾ ചെയ്യണം.

അഗതികളെ സ്നേഹിക്കുകയും അവരെ വിശ്വസിക്കുകയും അവർക്കു് തങ്ങളാലാവുന്ന സഹായങ്ങൾ ചെയ്യുകയും വേണം.

ഉടുക്കാനില്ലാത്തവന്നു് വസ്ത്രവും, ഉണ്ണാനില്ലാത്തവന്നു് ഭക്ഷണവും നൽകി അവരെ തൃപ്തിപ്പെടുത്തുകയും അവരുടെ അനുഗ്രഹങ്ങൾ സമാർജ്ജിക്കുകയും ചെയ്യുന്നതിൽ യാതൊരാളും പരജയപ്പെട്ടരുതു്.

സൽക്കർമ്മങ്ങൾകൊണ്ടു് ഇഹലോകത്തിലും പരലോകത്തിലും നേടാവുന്നതൊക്കെ നേടിയെടുക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ടു് നാമോരോരുത്തരും.

18

# സത്യസ്വരൂപൻ

സത്യസ്വരൂപനും നിത്യാനന്ദരൂപനുമാണ് ധർമ്മശാസ്താവ്. ധർമ്മശാസ്താവെന്ന പേരുണ്ടായതുതന്നെ ധർമ്മത്തിനുവേണ്ടി പടപൊരുതാൻ ജീവിതം ഉഴിഞ്ഞുവെച്ചുകൊണ്ടാണ്.

സ്വാമിപാദങ്ങളിൽ സകലവും സമർപ്പിച്ചുകൊണ്ട് ജീവിക്കുവാൻ തയ്യാറാവുന്നവർ ഒരിക്കലും ഒരു കാലത്തും സത്യത്തിനും ധർമ്മത്തിനും എതിരായി ജീവിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തുപോകരുത്.

അസത്യനിരതരായി അധർമ്മകർമ്മങ്ങൾ ആചരിച്ച് ജീവിക്കുന്ന യാതൊരുവനും, മോക്ഷമാർഗ്ഗം ലഭ്യമാവുകയില്ല.

ഏഴു ജന്മത്തിലും അത്തരക്കാർ രോഗികളായും, ദരിദ്രന്മാരായും തീരുന്നതാണ്.

സ്വാമിഭക്തിയിൽ ലയിച്ചിരിയ്ക്കുന്നവർ അസത്യം പറയുകയോ, അസത്യമാർഗ്ഗങ്ങളിൽ ചരിയ്ക്കുകയോ ചെയ്യപോകരുതു്. സത്യംകൊണ്ടും ധർമ്മംകൊണ്ടും എല്ലാം നേടിയെടുക്കാൻ കഴിയും. അങ്ങനെ നേടാൻ കഴിയാത്തതായി യാതൊന്നുംതന്നെയില്ല.

സത്യസ്വരൂപനായ സ്വാമിയുടെ കഥകൾതന്നെ ഇതിന്നു് ഉത്തമോദാഹരണങ്ങളാകുന്നു.

കപടപ്രവൃത്തികൾ നിറഞ്ഞ ഈ ലോകത്തിൽ സത്യത്തിനു സ്ഥാനമെവിടെയെന്നു് ശങ്കിക്കുന്നവരുണ്ടാകാം. ആ ധാരണ തിരുത്തുകയാണു് ആദ്യമായി വേണ്ടതു്.

സത്യത്തെ ലംഘിക്കാൻ ആർ തയ്യാറാകുന്നുവൊ, ലോകത്തിൽവെച്ചു് ഏറ്റവും വലിയ അധമൻ അവനാകുന്നു സത്യലംഘനംകൊണ്ടു് തല്ക്കാലം ചില നേട്ടങ്ങളുണ്ടായെന്നുവരാം. എന്നാൽ അവയൊന്നുംതന്നെ ശാശ്വതമല്ല.

ലോകത്തിൽ ശാശ്വതമായി യാതൊന്നുംതന്നെയില്ല. ഇന്നു് നാം ശാശ്വതമായിക്കരുതുന്നതു യാതൊന്നോ, നാളെ അതു തീർച്ചയായും നശിക്കാതിരിക്കയില്ല.

'മാളികപ്പുറത്തേറിയമന്നന്റെ
തോളിൽമാറാപ്പുകേററുന്നതുംഭവാൻ

രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേററിനടത്തുന്നതും ഭവാൻ...’

സർവ്വശക്തനായ ഭഗവാന്ന് ഞൊടിയിടകൊണ്ട് ചെയ്തുതീർക്കാവുന്നതാണിവയൊക്കെ.

അതുകൊണ്ട് ശബരിമല യാത്രയ്ക്കൊരുങ്ങുന്നവർ സത്യത്തിന്റേയും ധർമ്മത്തിന്റെയും മാർഗ്ഗത്തിൽനിന്ന് വ്യതിചലിക്കാതിരിയ്ക്കുക.

# 19
# അഹിംസ

മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ യാതൊരു ജന്തുവിനേയും ഒരിക്കലും ഉപദ്രവിക്കരുതെന്നു് മുൻപു് പറഞ്ഞല്ലോ? അഹിംസകൊണ്ടു മാത്രമേ ഔന്നത്യം നേടാൻ കഴിയൂ.

ഉന്നതമായ രംഗത്തു് സ്ഥിരപ്രതിഷ്ഠ നേടാൻ കഴിഞ്ഞിട്ടുള്ളവരെല്ലാംതന്നെ അഹിംസകൊണ്ടാണു് ആ സ്ഥാനം നേടിയെടുത്തിട്ടുള്ളതു്.

ഏകാഗ്രമായ ചിത്തം, ഏകാഗ്രമായ ബുദ്ധി, ഒന്നിനെയും ഹിംസിക്കാത്ത ശീലം, എന്നീ ഗുണങ്ങൾ ഏതൊരു മനുഷ്യനുണ്ടോ അവനാണു് ഏററവും ശ്രേഷ്ഠൻ.

ഹിംസാശീലം ത്യജിക്കുകയും, ദയാശീലം വളർത്തുകയും, ആരെയും സ്നേഹിക്കാൻ പഠിക്കുകയും, ശത്രുക്കളെപ്പോലും മിത്രങ്ങളാക്കിത്തീർക്കുകയും ചെയ്യാൻ കഴിയുന്നതുതന്നെ ജീവിതത്തിലെ ഒരു മികച്ച നേട്ടമാകുന്നു.

അഹിംസാ സിദ്ധാന്തികളായി ആത്മ ജ്ഞാനംകൊണ്ടു് നേടിയ വിശ്വാസം മാത്രം കൈമുതലായുള്ളവർ എന്നെന്നും വിജയപഥത്തിലേക്കുതന്നെയാണു് പൊയ്ക്കൊണ്ടിരിക്കുക. മന്ത്രോച്ചാരണങ്ങളോടുകൂടി ഹിംസിച്ചാലും ഹിംസ ഹിംസതന്നെയാണു്. അല്ലാതെ ഒരിക്കലും അതു് അഹിംസയായിത്തീരുന്നില്ല.

ഇഹലോകത്തിൽ പരമമായ ധർമ്മം അഹിംസയല്ലാതെ മറെറാന്നല്ല.

അതുകൊണ്ടു് സ്വാമി ഭക്തരും ശബരിമലയിലേക്കു് യാത്രപോകാൻ ഒരുങ്ങുന്നവരുമായ ജനങ്ങൾ അഹിംസയെ തങ്ങളുടെ ലക്ഷ്യമാക്കി അംഗീകരിക്കേണ്ടതാണു്.

അഹിംസാ സിദ്ധാന്തത്തിൽ വിശ്വസിക്കാത്ത യാതൊരാളും സ്വാമി സന്നിധാനത്തിലേക്കു് ചെല്ലേണ്ടതില്ല.

സർവ്വാന്തര്യാമിയും, സർവ്വലോകനിയന്താവുമായ ഭഗവാൻെറ അനുഗ്രഹത്തിനു് പാത്രമാകാൻ ആഗ്രഹിക്കുന്നവർ ഓരോരുത്തരും മുകളിൽ വിവരിച്ചിരിയ്ക്കുന്ന ഓരോ കാര്യങ്ങളിലും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ടു്.

അങ്ങിനെ ആചരിക്കുന്നവരെ ഒരിക്കലും സ്വാമി കൈവിടില്ല, തീർച്ച!

KOTTAYAM PUBLIC LIBRARY
KOTTAYAM

# 20
# ത്യാഗം

ത്യാഗമാണ് സ്വാമിഭക്തന്മാക്കുണ്ടായിരിക്കേണ്ടതായ മറെറാരു ഗുണം. മററുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങഠം കണ്ടറിഞ്ഞും സഹായിക്കേണ്ടവരെ സഹായിച്ചും സ്നേഹിക്കേണ്ടവരെ സ്നേഹിച്ചും, മററുള്ളവരുടെ സുഖസൌകര്യങ്ങഠംക്കും ജീവിതോപാധികഠംക്കുംവേണ്ടി തങ്ങളുടെ സുഖങ്ങളെ കുറെയൊക്കെ ത്യജിച്ചും, ജീവിക്കുന്നവക്ക് സ്വാമിയുടെ കൃപാമൃതത്തിന്ന് എളുപ്പം പാത്രീഭൂതരാകാൻ കഴിയും.

കുറെയൊക്കെ തന്റെ സഹോദരങ്ങളായ ഇതരജനങ്ങഠംക്കുവേണ്ടി സഹിക്കാനും, ത്യജിക്കാനും തയ്യാറാവണം.

അന്യരെക്കുറിച്ച് ചിന്തിക്കാതെ തന്റെ സുഖസൌകര്യങ്ങഠം മാത്രം മുന്നിൽ കണ്ടുകൊണ്ട് തനിക്കുവേണ്ടി മാത്രം ജീവിക്കുന്ന ജനങ്ങളെക്കുറിച്ച് എന്തു പറയാനാണു്?

പണ്ഡിത പാമരഭേദമെന്യേ, കുചേല കുബേരഭേദമെന്യേ എല്ലാവരും ശ്രദ്ധിക്കേണ്ടതായ ഒരു കാൎയ്യമാണിതു്.

മലയ്ക്കു പോവുക എന്ന ലക്ഷ്യം മാത്രം മുന്നിൽ കണ്ടാൽ പോരാ. പോവുന്നതുകൊണ്ടുള്ള പ്രയോജനം കൂടി കണക്കിലെടുക്കേണ്ടതായുണ്ടു്.

മററുള്ളവരുടെ ദുഃഖങ്ങളിൽ അകമഴിഞ്ഞു സഹതപിക്കുവാനും, അവരുടെ സങ്കടങ്ങളിൽ പങ്കുചേരാനും കൂടി കഴിയണം.

അവനവനാലാവുംവിധം മററുള്ളവരെ സഹായിക്കുകയും വേണം.

മലയിൽ പോകാൻ വ്രതമെടുക്കുകയും, തന്റെ സഹോദരമനുഷ്യരുടെ നേരെ അവജ്ഞയോടെ പെരുമാറുകയും ചെയ്യുന്ന നിരവധി മനുഷ്യരെ നമുക്കു ചുററും കാണാൻ കഴിയും. അത്തരക്കാരായ മനുഷ്യർ വ്രതമെടുക്കാതിരിക്കുകയും മലക്കു പോകാതിരിക്കുകയുമാണു് ഭേദമെന്നു് പറയുന്നതിൽ തെററിദ്ധരിക്കരുതു്.

'അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.'

എന്നാണു് ആപ്തവാക്യം. ഇക്കാൎയ്യത്തെക്കുറിച്ചു് ഇനിയും കൂടുതൽ വിവരിക്കേണ്ടതായ ആവശ്യമില്ലാത്തതിനാൽ ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിക്കാം.

# 21

# ഭിക്ഷാദാനം

ഭിക്ഷാദാനം അതിപ്രധാനമായ ഒരു കർമ്മമാകുന്നു. എന്നാൽ ആവശ്യമില്ലാത്തവന്‌ നൽകുകയും, ആവശ്യമുള്ളവന്‌ നൽകാതിരിക്കുകയും ചെയ്യുന്നതിൽ കവിഞ്ഞ ഒരു പാപം ഇഹലോകത്തിലില്ല. തന്റെ നേരെ കൈ നീട്ടുന്നവർക്കൊക്കെ എന്തെങ്കിലും നൽകാൻ എല്ലാവർക്കും കഴിഞ്ഞുവെന്നുവരില്ല, അങ്ങനെ ചെയ്യണമെന്നുമല്ല പറയുന്നത്‌.

തന്റെ കഴിവനുസരിച്ച്‌ കഴിവില്ലാത്തവരായ പാവപ്പെട്ടവർക്ക്‌ ദാനം ചെയ്യണമെന്നാണ്‌ സ്വാമിയുടെ തത്വം.

ഉണ്ടായിട്ടും കൊടുക്കാതിരിക്കുന്നത്‌ പാപമാണ്‌.

'ദേഹീത്യുക്തേജ്ജീവനാശോവരീയാൻ...'

എന്നാണ്‌ ആപ്തവചനം. എനിക്ക്‌ എന്തെങ്കിലും തരണേ എന്നു പറഞ്ഞു കൈ നീട്ടുന്നതിനേക്കാൾ ജീവ

നാശമാണ് ശ്രേഷ്ഠമായിട്ടുള്ളതെന്നാണ് മേൽ പറഞ്ഞ ആപ്തവാക്യത്തിൻെറ അർത്ഥം.

അത്രയും പാപകരമായ കൃത്യത്തിന്നുവേണ്ടി കൈ നീട്ടുന്നവൻെറ നേരെ തൻെറ കയ്യിലുള്ള വസ്തു മറച്ചുവെച്ചുകൊണ്ടു്, ഒന്നുമില്ലെന്നു പറയുന്നതു് ഏററവും വലിയ പാപമല്ലേ...? പാപിയായ ഒരാളോടു് പാപം ആചരിക്കുന്നവൻ മഹാ പാപിതന്നെയാണ്.

അതുകൊണ്ടു് അങ്ങനെ നീട്ടപ്പെടുന്ന കൈകളിൽ എന്തെങ്കിലും എറിഞ്ഞുകൊടുക്കണമെന്നാണ് ശാസ്ത്രാചാരം. മുഴുവനും നൽകി താൻ കഷ്ടപ്പെട്ടുകൊള്ളണമെന്നല്ല ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്.

ആവശ്യത്തിൽ കവിഞ്ഞത് കൂടുതലായുള്ളതു് മററുള്ളവർക്ക് ധർമ്മമായി നൽകുക. ഏതു ധർമ്മിഷ്ഠനും അങ്ങനെ ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങളിൽ ചിലപ്പോൾ പിന്മാറിയെന്നുവരാം.

എന്നാൽ സ്വാമിഭക്തന്മാരായ ശബരിമല യാത്രക്കാർ ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കണം. ചിലപ്പോൾ സ്വാമി തങ്ങളെ പരീക്ഷിക്കാൻ ഭിക്ഷാംദേഹിയായിവന്നെത്തിയതായിക്കൂടായ്കയില്ല. അതുകൊണ്ടു് തൻെറ കൈവശമുള്ള അധികവസ്തുക്കൾ അന്യർക്ക് ദാനം നൽകുന്നതിൽ സ്വാമിഭക്തന്മാർ ഒരിക്കലും മടിച്ചുപോകരുതു്.

# 22

# കൃത്യനിഷ്ഠ

സ്വാമിഭക്തന്മാർ എപ്പോഴും ശുചിയായ മനസ്സോടും ശുചിയായ കൃത്യങ്ങളോടും, ശുചിയായ ദേഹത്തോടും കൂടിയിരിക്കേണ്ടതാണ്. വൃത്തിയും കൃത്യവും ഇല്ലാതെ ഒരിക്കലും ജീവിക്കരുത്.

അടിയുറച്ച ആത്മസംതൃപ്തിയോടും, വിശ്വാസത്തോടുംകൂടി കാര്യങ്ങൾ കൈകാര്യം ചെയ്യണം. സ്വസഹോദരന്മാരെപ്പോലെ മററുള്ളവരെയെല്ലാം കരുതണം. ആരെയും വെറുപ്പിക്കുകയോ ആർക്കും വെറുപ്പുളവാക്കത്തക്ക പ്രവർത്തികളിലൊ ദിനകർമ്മങ്ങളിലൊ ഏർപ്പെടുകയൊ അരുത്.

തന്നോടൊപ്പം മലകയറാൻ ആഗ്രഹിക്കുന്ന മററു ജനങ്ങൾക്ക് ആവുന്ന സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും, എല്ലാവിധത്തിലുമുള്ള പ്രോത്സാഹനങ്ങൾ നൽകുകയും വേണ്ടതാണ്.

കൃത്യനിഷ്ഠ ഒരിക്കലും കൈവെടിയരുത്. കാര്യങ്ങൾ അടക്കം ചിട്ടയുമായി പ്രവൃത്തിക്കുകയും, അനാവശ്യകാര്യങ്ങളിൽ ഇടപെടാതിരിക്കുകയും, ഗുരുജനങ്ങളോടും മററു അയ്യപ്പസ്വാമി ഭക്തന്മാരോടും, ബഹുമാനത്തോടും വിനയത്തോടുംകൂടി പെരുമാറുകയും ചെയ്തുകൊള്ളേണ്ടതാണ്.

അധർമ്മമാർഗ്ഗങ്ങളിൽക്കൂടി ചരിക്കുന്നവർ സ്വാമിയുടെ പരിപാവനമായ നാമത്തെ കളങ്കപ്പെടുത്തരുത്. വ്രതാചരണ നിഷ്ഠകളെ ഭംഗപ്പെടുത്താതെയും, കൃത്യവിലോപങ്ങൾ കൂടാതെയും ഏകാഗ്രചിത്തനായി സ്വാമിപാദങ്ങളെത്തന്നെ മനസ്സിൽ ധ്യാനിച്ച്കൊള്ളുന്നതാകുന്നു ഉത്തമം.

താരക ബ്രഹ്മമൂർത്തിയും സനാതനനും, ആനന്ദ സ്വരൂപനും, സച്ചിന്മയനുമായ സ്വാമിയുടെ നാമജപങ്ങളെക്കൊണ്ട് നേടാനാവാത്തതെന്താണുള്ളത്?

ചീത്ത മാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കുകയോ, ചീത്ത മാർഗ്ഗങ്ങളിൽ ചരിയ്ക്കുകയോ ചെയ്യാതെ മേൽപറഞ്ഞ പ്രകാരം സ്വാമിയെ ഭജിച്ചുകൊള്ളുക.

മോക്ഷമാർഗ്ഗേച്ഛുക്കളായ ജനങ്ങളുടെ പ്രത്യേക ശ്രദ്ധക്കുവേണ്ടിയാണ് ഇത്രയും കാര്യങ്ങൾ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നത്.

സദാപരിപൂതമായ സ്വാമിയുടെ ചരണാരവിന്ദങ്ങൾ ശബരിമല യാത്രക്കു് എല്ലാവർക്കും ഇനിയുമിനിയും പ്രചോദനം നൽകട്ടെ.

# 23

## മതം

മതം എന്ന വാക്കിന്റെ അർത്ഥമെന്താണെന്നു് പലരും ശരിക്കു മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. ഒററ നോട്ടത്തിൽ ജാതിയെക്കുറിച്ചാണു് 'മതം' എന്ന വാക്കു് നമ്മെ ഓർമ്മിപ്പിക്കുക. മതം എന്നാൽ അഭിപ്രായം എന്നുകൂടി അർത്ഥമുണ്ടു്.

മതേതര ഭൗതികരാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ മററാരെക്കാളും ഏററവും കൂടുതൽ പ്രവർത്തിച്ചിട്ടുള്ളതും അയ്യപ്പസ്വാമിതന്നെയാണു് എന്ന കാര്യത്തിൽ വലിയ തർക്കങ്ങൾക്കവകാശമില്ല.

മനുഷ്യരെയെല്ലാം ഒരു ജാതിയായിക്കാണുന്നതു് അയ്യപ്പസ്വാമിക്കു് എത്രമാത്രം തൃപ്തികരമാണെന്നു് പറഞ്ഞറിയിക്കാൻ പ്രയാസമാണു്.

താഴ്ന്നവരെന്നും, ഉയർന്നവരെന്നും മററുമുള്ള വ്യത്യാസങ്ങൾ മാററിവെച്ചു് മനുഷ്യരെല്ലാം ഏകജാതിക്കാ

രായി ജീവിക്കണമെന്നുള്ളതാണ് സ്വാമിയുടെ ആഗ്രഹം.

സമുദായത്തിൻെറ മുൻപിൽ ഭിന്നമതസ്ഥരെങ്കിലും, ഒരേ ആത്മാവും ഒരേ ശരീരവുമായാണ് അയ്യപ്പസ്വാമിയും സ്വാമിയുടെ ഉത്തമഭക്തനും സന്തത സഹചാരിയുമായ വാവരും ജീവിച്ചുവന്നതു്. പഴയ കാലഘട്ടത്തിൽ ജാതിയുടേയും, സമുദായാചാരങ്ങളുടേയും കനത്ത മതിൽക്കെട്ടുകൾക്കകത്തു് ഈ മൈത്രി നിലനിത്തുന്നതിന്ന് സ്വാമിയും വാവരും എത്രമാത്രം ത്യാഗം സഹിച്ചിരുന്നിരിക്കണമെന്ന് ഊഹിച്ചാൽ മാത്രം മതി.

തൊട്ടാൽ പൊട്ടുന്ന ദൌബ്ബല്യത്തിൻെറ ബുൽബുദങ്ങളെ എന്നുമെന്നും അനശ്വരമാക്കിത്തീക്കുന്നതിന്ന് സ്വാമിയും വാവരും ചെയ്ത സേവനങ്ങൾ വിവരിക്കുവാൻ പ്രയാസമാണു്.

അയ്യപ്പസ്വാമിയെന്ന ചങ്ങാതിയെക്കുറിച്ച് വാവർ വികാരവിവശനായാണ് സ്മരിച്ചുകാണുന്നതു്. ഇതു് നമുക്കും പ്രത്യേകിച്ച് സ്വാമിഭക്തന്മാരായ ശബരിമല യാത്രക്കാക്കും മാതൃകാപരമായിരിക്കേണ്ടതാണ്.

കലികാലദോഷങ്ങളെ സമസ്തവും ദൂരീകരിയ്ക്കുവാൻ സ്വാമിയുടെ പരിപാവനങ്ങളായ പാദരേണുക്കൾക്ക മാത്രമേ കഴിയുകയുള്ളൂ. ലോകത്തിലുള്ള സകല ജനങ്ങൾക്കും ശരണവും അതുതന്നെയാണ്.

# 24
# പ്രണാമം

അയ്യപ്പസ്വാമിയെ ഏതുതരത്തിലെങ്കിലും നിഗ്രഹിച്ച് തൻെറ ആധിപത്യം സ്ഥാപിക്കണമെന്ന ദുർമ്മോഹം പന്തളരാജാവിൻെറ മന്ത്രിയ്ക്കുണ്ടായിരുന്നു. അത്തരം ദുർമ്മോഹങ്ങൾ മന്ത്രി വെച്ചുപുലർത്തിയതിൻെറ ഫലമായി മന്ത്രിയുടെ വലയിൽപെട്ട രാജപത്നി കഠിനമായ വേദന അനുഭവിക്കുന്നവളായി അഭിനയിച്ച് രാജാവിനെ വശീകരിച്ചു. അങ്ങിനെ രാജ്ഞിയുടെ വയററിൽവേദന മാറുന്നതിനു് കാട്ടിൽ കിട്ടുന്ന കരിമ്പുലിയുടെ പാലു മാത്രമേ മരുന്നായുള്ളുവെന്നു് മന്ത്രിയുടെ ആജ്ഞാനുവർത്തികളും ചതിയന്മാരും ക്രൂരിയായ ഭിഷഗ്വരന്മാർ വിധിച്ചപ്പോൾ രാജാവ് ഇതികർത്തവ്യതാമൂഢനായിത്തീർന്നു.

ഈ വിവരമറിഞ്ഞ രാജാവിൻെറ വളർത്തുപുത്രനായ മണികണ്ഠൻ വനത്തിലേക്കു പോകാൻ യാത്രയായി. ഈ കഥ രാജാവിനെ വല്ലാതെ വേദനിപ്പിച്ചു.

ലാളിച്ചുവളൎത്തുന്ന ഓമനമകൻ സധൈൎയ്യം പുലിപ്പാലിന്നുവേണ്ടി യാത്രയാകുന്നതു് ഏതച്ഛനെയാണു് വേദനിപ്പിക്കാതിരിക്കുക?

എന്തായാലും മകന്റെ അഭിലാഷങ്ങൾക്കു വഴങ്ങികൊടുക്കുവാൻ മാത്രമേ പുത്രവത്സലനായ ആ പിതാവിന്നു കഴിഞ്ഞുള്ളു.

ലോകത്തിൽ ആൎക്കുംതന്നെ അസാദ്ധ്യമായ കാൎയ്യം ഈ ഉണ്ണി എങ്ങനെ നിൎവ്വഹിക്കുമെന്നു് ജനങ്ങളൊക്കെയും ശങ്കിച്ചു.

സ്വാമി അതൊന്നും വകവെക്കാതെതന്നെ കാട്ടിലേക്കു തിരിച്ചു് ആദ്യമായി മഹിഷീനിഗ്രഹം ചെയ്തു. ഭക്തോത്തമന്മാരായ ജനങ്ങൾ സ്വാമിയെ വാഴ്ത്തി. അവസാനം വനത്തിൽനിന്നു് ആയിരക്കണക്കിന്നു് പുലികളെയും ആട്ടിത്തെളിച്ചുകൊണ്ടു് അയ്യപ്പസ്വാമി തിരിച്ചു വന്നപ്പോൾ മന്ത്രിയും സേവകരും പരിഭ്രാന്തരായിത്തീൎന്നു.

അതോടെ രാജ്ഞിയുടെ രോഗവും മാറി. അയ്യപ്പസ്വാമി പുലിപ്പാലിന്നു പോയ കഥ അയ്യപ്പസ്വാമിയുടെ ചരിത്രങ്ങളിൽ പ്രാധാന്യമൎഹിക്കുന്ന ഒരദ്ധ്യായം കൂടിയുന്നിച്ചേൎത്തു.

ഓങ്കാരപ്പൊരുളായ ഭൂതനാഥസ്വാമിയുടെ മഹിമാവിശേഷങ്ങളെക്കുറിച്ചു് കൂടുതലായി ഇനിയൊരവസരത്തിൽ വിശദമായിത്തന്നെ പ്രസ്താവിച്ചുകൊള്ളാം.

# 25

# വിളക്കിന്റെ ഒരുക്കുകൾ

ശബരിമലയ്ക്കു പോകുന്ന ഭക്തജനങ്ങൾ സ്വാമിയുടെ പ്രത്യേക പ്രീതി സമാർജ്ജിക്കുന്നതിന്നുവേണ്ടി വിളക്കു കഴിക്കുക എന്നൊരു പതിവുണ്ടു്.

അയ്യപ്പൻ വിളക്കിനെക്കുറിച്ചു് കേൾക്കാത്തവർ വളരെ ചുരുക്കമാണല്ലോ? എന്താണീ വിളക്കു്? എന്നതിനെക്കുറിച്ചും അതു് എങ്ങനെയാണു് കഴിക്കുന്നതു് എന്നതിനെക്കുറിച്ചുമൊക്കെ വിവരമില്ലാത്തവരായിരിക്കും കന്നി അയ്യപ്പന്മാർ.

ഭക്തജനങ്ങളുടെ കഴിവിനു പരിമിതമായ രീതിയിൽ വിളക്കിന്റെ ചടങ്ങുകൾ വലുതാക്കുകയും കുറയ്ക്കുകയും ചെയ്യാം. അതിലൊന്നും സ്വാമിക്കു് പരിഭവമുണ്ടാകാനിടയില്ല.

അത്യ അമ്പലങ്ങൾ നിമ്മിച്ച് പ്രത്യേകമായ പൂജാകമ്മങ്ങളോടുകൂടിയാണു് മുഴുവൻ വിളക്ക കഴിക്കാറ്.

അരവിളക്കും, കാൽവിളക്കും, അതിന്നും കഴിവില്ലാത്തവർ ദാഹംവെച്ച പാട്ടും കഴിക്കാറുണ്ടു്.

വാഴപ്പിണ്ടി, കുരുത്തോല എന്നിവകൊണ്ടു് അതിമനോഹരങ്ങളായി നിർമ്മിക്കുന്ന അമ്പലങ്ങൾ നേത്രോത്സവകരങ്ങളാണു്.

വിളക്ക കഴിക്കുന്നതിന്നു് പ്രത്യേക പരിചയവും ഗുരുപദേശവും കൂടിയേ കഴിയൂ. അത്തരം ആളുകൾ വിളക്ക കഴിക്കുന്നതിന്നുംവേണ്ടി എല്ലാ നാട്ടിൻപുറങ്ങളിലും പ്രത്യേകമുണ്ടായിരിക്കും. അതിൽ പ്രഗത്ഭരായ ആളുകളെ തിരഞ്ഞുപിടിച്ചു് അവരെയായിരിക്കണം വിളക്ക കഴിക്കുന്നതിന്നു നിയോഗിക്കേണ്ടതു്.

ഇക്കാര്യത്തിൽ അറിവുള്ളവരേക്കാൾ കൂടുതൽ ജനങ്ങൾ അറിവില്ലാത്തവരുമുണ്ടു്. എല്ലാം അറിയാം എന്ന ഭാവത്തിൽ ഒന്നും അറിഞ്ഞുകൂടാത്തവരാണല്ലോ ഇന്നു് എല്ലാ രംഗങ്ങളിലുമുള്ളതു്? ഭക്തജനങ്ങൾക്കിടയിലും ഇതൊരു വയറുപിഴപ്പിനുള്ള മാർഗ്ഗമായി കൊണ്ടുനടക്കുന്ന ജനങ്ങൾ നിരവധിയത്രേ.

കന്നി അയ്യപ്പന്മാരും ഇക്കൂട്ടരുടെ വലയിൽ പെട്ടുപോകരുതു്. വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണിതു്. ഭക്തിയുടെ പേരിൽ മുതലെടുക്കുന്ന ഇക്കൂട്ടരെ ജനങ്ങൾ ഒറ്റപ്പെടുത്തുകയാണ് പ്രഥമമായും പ്രധാനമായും വേണ്ടതു്

ഈ വഞ്ചനയിൽ കന്നി അയ്യപ്പന്മാർ പെടാതിരിക്കേ ണ്ടതിന്നു വിളക്കിന്നു ആവശ്യമായ ഒരുക്കുകളെക്കുറിച്ചു് വിവരിക്കാം:—

## അയ്യപ്പൻവിളക്കു കഴിക്കുന്നതിന്നു വേണ്ട ഒരു ക്കുകൾ—

| | | |
|---|---|---|
| കറുത്ത കച്ചത്തുണി | മീററർ | മൂന്നു്. |
| നിലവിളക്കുകൾ | എണ്ണം | ഏഴു്. |
| പീഠങ്ങൾ | എണ്ണം | അഞ്ചു് |
| കട്യാവു് | മീററർ | മൂന്നു്. |
| വിൽക്കണ്ണാടി | എണ്ണം | ഒന്നു്. |
| കിണ്ടികൾ | എണ്ണം | മൂന്നു്. |
| പാൽക്കിണ്ടി | എണ്ണം | ഒന്നു്. |
| ചൂരൽ | എണ്ണം | നാലു് |
| പൊൻപണം | എണ്ണം | ഒന്നു്. |
| ചുരിക | എണ്ണം | ഒന്നു്. |
| ശംഖു് | ഊതാനുള്ളതു് | ഒന്നു്. |
| വിത്തു് | ലിററർ | അഞ്ചര |
| കറുത്തഅരി | ലിററർ | രണ്ടേമുക്കാൽ. |
| പച്ചഅരി | ലിററർ | നാലു് |
| നാളികേരം | എണ്ണം | പത്തു് |
| ഇളനീരു് | എണ്ണം | രണ്ടെണ്ണം |
| പശുവിൻനെയ്യു് | ലിററർ | ഒന്നു്. |
| പൂജാപാത്രങ്ങൾ | (ആവശ്യമനുസരിച്ചു്) | |

| | | |
|---|---|---|
| താലം | എണ്ണം | ഏഴ്. |
| ചെരാതുകൾ | എണ്ണം | ഒൻപതു് |
| ചങ്ങലവട്ട | എണ്ണം | ഒന്ന്. |
| ചങ്ങലവിളക്ക് | എണ്ണം | നാല്. |
| കദളിപ്പഴം | എണ്ണം | ഇരുപത്തഞ്ച്. |
| ഏലത്തരി | ഉറുപ്പികത്തൂക്കം | രണ്ട്. |
| മുന്തിരിങ്ങ | കിലോ | കാൽ. |
| കൽക്കണ്ടം | ഗ്രാം | അഞ്ഞൂറ് |
| പഴം | എണ്ണം | നൂറ്. |
| ചെറുനാരങ്ങ | എണ്ണം | ഏഴ്. |
| നൂല് (തിരി) | ഇട്ട് | പതിനഞ്ച്. |
| ശർക്കര | തുലാം | അര. |
| പശുവിൻപാൽ | ലിററർ | ഒന്ന്. |
| കൊട്ടെണ്ണ | ലിററർ | രണ്ട്. |
| നല്ലെണ്ണ | ലിററർ | രണ്ട്. |
| പൂവൻപഴം | എണ്ണം | പന്ത്രണ്ട്. |
| കർപ്പൂരം | പെട്ടി | അഞ്ച്. |
| സാമ്പ്രാണി | പലം | മൂന്ന്. |
| തേൻ | ലിററർ | അര. |
| കരിമ്പ് | കഷണം | ഒന്ന്. |
| കുരുത്തോലക്കുമ്പ് | എണ്ണം | പതിനഞ്ച് |
| വാഴപ്പിണ്ടി | എണ്ണം | പതിനഞ്ച്. |
| തെങ്ങിൻപൂക്കുല | എണ്ണം | രണ്ട്. |

| | | |
|---|---|---|
| കവുങ്ങിൻപൂക്കുല | എണ്ണം | അഞ്ച്. |
| പൊരി കടല | ലിററർ | മൂന്ന്. |
| മലർ നല്ലത് | പറ | ഒന്നര. |
| അവിൽ | പറ | അര. |
| നല്ല ഇല | എണ്ണം | ഇരുപത്. |
| പനംകുരുത്തോല | എണ്ണം | അഞ്ച്. |
| പുഷ്പങ്ങൾ (പലതരം) | പറ | അഞ്ച്. |
| ചൂടിക്കയർ | മുടി | എട്ട്. |
| കാണിപ്പണം | ഉറുപ്പിക | ഒന്നര. |
| ക്രൂറപ്പണം | ഉറുപ്പിക | അര. |
| ദക്ഷിണവെക്കാൻ | പണം | അഞ്ച്. |
| പലകകൾ | എണ്ണം | രണ്ട്. |
| തിരുവുടയാട | എണ്ണം | ഒന്ന്. |
| ചെമ്പുകുടം | എണ്ണം | രണ്ട്. |
| കളഭം | കാൽ | റാത്തൽ. |
| പുകയില | റാത്തൽ | രണ്ട്. |
| പഴുത്ത അടക്ക | എണ്ണം | ഏഴ്. |
| അടക്ക | എണ്ണം | ഇരുനൂറ്. |
| വെററില | കെട്ട് | മൂന്ന്. |
| മാററ് | എണ്ണം | ഒമ്പത്. |
| പഞ്ചസാര | കിലോ | ഒന്ന്. |

അയ്യപ്പൻ വിളക്കിന്നു് അത്യാവശ്യമായവയും ഒഴിച്ചുകൂടാൻ പാടില്ലാത്തവയുമാണ് മേൽകാണിച്ച വസ്തുക്കൾ. ഇവയിൽ കണക്കനുസരിച്ചു് ചിലതു് അല്പം കൂടുതലായും, മററു ചിലതു് കുറവായും ദേശഭേദമനുസരിച്ചു് വന്നു എന്നു വരാൻ വിരോധമില്ല.

സാമാന്യമായ ഒരു വിവരണം മാത്രമെ ഇക്കാൎയ്യത്തിൽ മുകളിൽ ചേൎത്തിട്ടുള്ളു.

ദേശാചാരമനുസരിച്ചു് പോരാത്ത വസ്തുക്കൾ കൂട്ടിച്ചേൎക്കുന്നതിനും, കൂടുതലുള്ളവ തിരുത്തുന്നതിന്നും വിരോധമില്ലാത്തതുമാണു്.

വിളക്കു കഴിക്കുന്ന കന്നി അയ്യപ്പന്മാൎക്കു് ഇക്കാൎയ്യങ്ങളെക്കുറിച്ചു് സാമാന്യമായ ഒരു ജ്ഞാനം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണു്.

അതിന്നുവേണ്ടിയാണ് ഇത്തരം കാൎയ്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതും.

# 26
# കെട്ടുനിറ

അയ്യപ്പഭക്തന്മാരായ ശബരിമല യാത്രക്കാൎക്ക് കെട്ടുനിറയ്ക്കുന്നതിന്നു ആവശ്യമായ വസ്തുക്കളുടെ കണക്കാണ് അടുത്ത അദ്ധ്യായങ്ങളിൽ പ്രധാനമായി വിവരിക്കാനുദ്ദേശിക്കുന്നതു്.

മുദ്രകെട്ടു നിറയ്ക്കൽ യാത്രക്കാരെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു കാൎയ്യമാകുന്നു.

കെട്ടുനിറയുടെ ചടങ്ങുകളിൽ ദേശാചാരഭേദങ്ങളനുസരിച്ച് ചില മാററങ്ങൾ പല സ്ഥലത്തും കണ്ടുവരുന്നുണ്ട്. ആയതു് അതാതു സ്ഥലങ്ങളിലെ ചടങ്ങുകളനുസരിച്ചും, പൂൎവ്വാചാരമനുസരിച്ചും ചെയ്തുകൊള്ളേണ്ടതാകുന്നു. അക്കാൎയ്യത്തിൽ പ്രധാനമായി ശ്രദ്ധിക്കാനുള്ളതു് കെട്ടുനിറയ്ക്കുന്നതിന്നു് ഉപയോഗിക്കുന്ന സാധനങ്ങൾ ഏററവും പരിശുദ്ധമായിരിക്കണമെന്നുള്ളതാണ്. അശുദ്ധിയോടുകൂടിയ ഒരു

വസ്തുവും ഇതിന്നു് തിരഞ്ഞെടുക്കാൻ പാടില്ല. അറിഞ്ഞോ അറിയാതെയോ വന്നുപോയിട്ടുള്ള എല്ലാ പിഴകളും പൊറുക്കണമെന്നുള്ള അകമഴിഞ്ഞ പ്രാർത്ഥനയോടുകൂടിയാണ് ചടങ്ങുകൾ ആരംഭിക്കേണ്ടതു്. ഇതിന്നാവശ്യമായ ചടങ്ങുകൾ മുൻപു് തിരഞ്ഞെടുത്തിട്ടുള്ള ഗുരുനാഥൻ ഉപദേശിക്കുന്നതാണു്.

മുദ്രകെട്ടു് നിറയ്ക്കുന്നതു് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ചടങ്ങാകുന്നു. ധനവാനായ ഭക്തൻ അവൻെറ കഴിവനുസരിച്ചും, ധനവാനല്ലാത്തവൻ അവൻെറ കഴിവനുസരിച്ച് ചുരുങ്ങിയ തോതിലും ഈ ചടങ്ങ് നടത്തിയേ തീരൂ.

കെട്ടു നിറയ്ക്കുന്നതിൽ തന്നെ മുൻകെട്ടു്, പിൻകെട്ടു് എന്നിങ്ങനെ രണ്ടു തരത്തിലുണ്ടു്. ശബരിമലയിൽ സ്വാമി സന്നിധാനത്തിൽ എത്തിയ്ക്കുന്നതിന്നാവശ്യമായ വസ്തുക്കളാണു് മുൻകെട്ടിൽ നിറയ്ക്കുക പതിവു്.

സ്വന്തം ഉപയോഗങ്ങൾക്കാവശ്യമുള്ള വസ്തുക്കൾ പിൻകെട്ടിലും നിറയ്ക്കുന്നു. യാത്രയ്ക്കിടയിൽ കരുതിയിരിയ്ക്കേണ്ടവയാകയാലും, യാത്രയിൽ അത്യാവശ്യമായി വരുന്നവയായതിനാലും ഇതിന്നാവശ്യമായ സാധനങ്ങൾ ഓർമ്മവെച്ചു് കരുതിക്കൊള്ളണം.

കഴിയുന്നതും ശുചിയായ സാധനങ്ങളേ ഇതിന്നുപയോഗിക്കാവൂ എന്നു് മുൻപു് വിവരിച്ചിട്ടുണ്ടല്ലോ? അതനുസരിച്ചു് പ്രവർത്തിച്ചുകൊള്ളുക.

താന്താങ്ങളുടെ കഴിവനുസരിച്ചു് ഈ വസ്തുക്കളിൽ അല്പാല്പം ഏററക്കുറച്ചിലുണ്ടാകുന്നതു് സാധാരണമാണെങ്കിലും ഏകദേശം ഒരു അറിവിന്നുവേണ്ടി അവ താഴെ ചേൎക്കുന്നു.

# 27
# ഇരുമുടിസ്സഞ്ചി

കെട്ടു നിറക്കുന്നതിന്ന് ഇരുമുടിസ്സഞ്ചി ആവശ്യമാണ്. ഇരുമുടിസ്സഞ്ചിയുണ്ടാക്കുന്നതിന്നും ചില പ്രത്യേക നിയമങ്ങളൊക്കെയുണ്ട്.

അപ്പപ്പോഴത്തെ സൌകര്യങ്ങൾക്കനുസരിച്ച് തോന്നുന്ന പടി നിർമ്മിക്കാവുന്നതല്ല ഇതു്. കെട്ടുനിറ കഴിഞ്ഞു് യാത്രയായാൽ തിരിച്ചെത്തുന്നതുവരെ തൻെറ ജീവനേക്കാളേറെ പ്രാധാന്യത്തോടെ ഉപയോഗിക്കേണ്ടതാണിതു്. യാതൊരു അശ്രദ്ധയും ഇരുമുടിസ്സഞ്ചിയുടെ നേരെ പാടില്ല എന്ന കാര്യം പ്രത്യേകം മനസ്സിലാക്കിയിരിക്കേണ്ടതുണ്ടു്. സ്വാമിയുടെ മുദ്രയാണു് ഈ കെട്ടു്.

ആയതിനാലാണു് ഇതിന്നു് മുദ്രക്കെട്ടെന്നു് പറയുന്നതു്. പഴമക്കാരായ ആചാര്യന്മാരുടേയും സ്വാമിമാരു

ടെയും അഭിപ്രായത്തിൽ കെട്ട് ഒരു നിമിഷംപോലും വേർപിരിഞ്ഞിരിക്കരുതു്.

മൂന്നു മുഴമാണു് ഇരുമുടിസ്സഞ്ചിയുടെ നീളം. മൂന്നേ കാൽ മുഴവും ആകാം. അതിൽക്കൂടുതൽ വയ്യ. ഇരുമുടി സ്സഞ്ചിയുടെ വീതി ഇത്ര വേണമെന്നതിന്നു് വലിയ നിർബന്ധമൊന്നുമില്ല. കഴിയാവുന്നതും വീതിയിൽ ഇരുമുടി സ്സഞ്ചി തയ്പിക്കാവുന്നതാണു്.

കറുത്ത തുണി നീളത്തിൽ മടക്കിയിട്ടാണു് സഞ്ചി യുണ്ടാക്കേണ്ടതു്. സഞ്ചിയുടെ നടുഭാഗത്തുകൂടി സാമാന ങ്ങൾ അതിൽ കടത്തുന്നതിനാവശ്യമായ വലിപ്പത്തിൽ ദ്വാരം ഇടേണ്ടതാണു്. ശബരിമലയിൽ അയ്യപ്പസ്വാമി യുടെ സന്നിധാനത്തിൽ അഭിഷേകത്തിനുള്ള നെയ്ത്തേ ങ്ങ, കാണിപ്പണം തുടങ്ങിയ പ്രധാനപ്പെട്ട വസ്തുക്കൾ നിറ യ്ക്കുന്നതിന്നാവശ്യമായതാണു് മുൻകെട്ടു്.

സ്വന്തം ഉപയോഗങ്ങൾക്കും വഴിയാത്രയിലെ ആവ ശ്യങ്ങൾക്കും വേണ്ടി കരുതിയിരിക്കുന്ന വസ്തുക്കളാണു് പിൻകെട്ടിലേതു്.

യാത്രാക്ഷീണംകൊണ്ടു് തളർന്നു് അവശരായ ജന ങ്ങൾ കെട്ടു് തലയിലേററിയും, ചുമലിൽ തൂക്കിയിട്ടുമാണു് മല കയറുന്നതു്.

സ്വാമി വനവാസത്തിന്ന് പോയ കാലത്തു് ഇതു പോലെയുള്ള ഇരുമുടിക്കെട്ട് കരുതിയിരുന്നുവെന്നാണ് ഐതിഹ്യം. ആ ഓർമ്മയ്ക്കുവേണ്ടിയാണ് ഭക്തജനങ്ങൾ ഇരുമുടിക്കെട്ട് കൊണ്ടുനടക്കുന്നതു്. ഇന്നത്തെ പരിഷ്കാരമനുസരിച്ച് പല തരത്തിലും ഉപയോഗിക്കാവുന്ന വസ്തുക്കളുണ്ടെങ്കിലുംശരി ശബരിമല യാത്രക്ക് ഇരുമുടിക്കെട്ട് കൂടിയേ തീരൂ.

KOTTAYAM PUBLIC LIBRARY
KOTTAYAM

# 28

## മുദ്രക്കെട്ട്

മുദ്രക്കെട്ട് തയ്യാറാക്കുന്ന കാര്യം വളരെ വിഷമം പിടിച്ച ഒന്നാണ്. ഓർമ്മശക്തിയില്ലാത്തവരാണെങ്കിൽ കെട്ടു നിറയ്ക്കുന്നതിന്നാവശ്യമായവയുടെ ലിസ്റ്റു തയ്യാറാക്കി പരിശോധിച്ചുനോക്കേണ്ടതാണ്.

പരിശോധിച്ച് തൃപ്തനായതിന്നശേഷമേ കെട്ടുനിറയ്ക്കാൻ ആരംഭിക്കാവൂ. മാതാപിതാക്കന്മാർ, മാതാപിതാക്കന്മാരെപ്പോലെ ബഹുമാനമുള്ളവർ, ഗുരുനാഥന്മാർ, ഗുരുജനങ്ങൾ, ഇഷ്ടജനങ്ങൾ, സുഹൃജ്ജനങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് കെട്ടുനിറയ്ക്കേണ്ടതു്. അതായതു് കെട്ടുനിറയ്ക്കുള്ള സമയം നോക്കി ആയതു് എല്ലാവരെയും അറിയിച്ചിരിക്കണം.

വാഗ്ദേവതയായ സരസ്വതിയേയും, വിഘ്നേശ്വരനായ ഗണനായകനേയും, ധർമ്മശാസ്താവിനേയും, പൂജിച്ച്

അറിഞ്ഞും അറിയാതെയും ചെയ്തിട്ടുള്ള സമസ്താപരാധങ്ങളും ക്ഷമിക്കേണമേ എന്ന സങ്കല്പത്തോടെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടാണ് കെട്ടുനിറയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കേണ്ടതു്.

സ്വാമിപാദങ്ങളിൽതന്നെ മനസ്സിനെ അർപ്പിച്ച് 'സ്വാമിയേ ശരണമയ്യപ്പാ' എന്ന ശരണം വിളിയോടുകൂടിയാണ് ഈ ചടങ്ങ നിർവ്വഹിക്കേണ്ടതു്.

ആദ്യമായി മുൻകെട്ടാണ് നിറയ്ക്കേണ്ടതു്. അതായതു് സ്വാമിയുടെ ആവശ്യത്തിനുവേണ്ടി കരുതിവെച്ച വസ്തുക്കൾ. അപ്പോഴും ശരണം വിളി മുഴങ്ങിക്കൊണ്ടിരിക്കണം.

പിന്നീട് തനിയ്ക്കാവശ്യമുള്ള ഭക്ഷണവസ്തുക്കളും, മററു സാധനങ്ങളുമടങ്ങിയ പിൻകെട്ടു നിറയ്ക്കാം. ലിസ്റ്റിൽ പറഞ്ഞ സാധനങ്ങൾ എല്ലാം തയ്യാറായിട്ടില്ലേ എന്നു് വീണ്ടും വീണ്ടും ഒത്തുനോക്കുന്നതും നന്നായിരിക്കും.

ശരണം വിളിച്ചുകൊണ്ടുതന്നെ പിൻകെട്ടും നിറച്ചുകൊള്ളുക.

അതിനുശേഷം ഗുരുസ്വാമികൾക്കും, തന്റെ ഗുരുനാഥനും, ഗുരുജനങ്ങൾക്കും യഥാശക്തി ദക്ഷിണകൾ നൽകി സാഷ്ടാംഗപ്രണാമം ചെയ്തു് അവരുടെ പാദങ്ങൾ തൊട്ടു വന്ദിച്ചതിനുശേഷം കെട്ടു താങ്ങുക.

കെട്ട് താങ്ങിയശേഷം ഒരു പഴുത്ത നാളികേരമെടുത്ത് തലപ്പാറമലയേയും, ധർമ്മശാസ്താവിനേയും ഉള്ളിൽ വിചാരിച്ച് ഒരു കല്ല് വെച്ച് അതിൽ വിളക്കു കൊളുത്തി ശരണം വിളിച്ചുകൊണ്ടുതന്നെ കിഴക്കോട്ട് തിരിഞ്ഞുനിന്ന് ആ കല്ലിൽ നാളികേരമുടച്ച് പിന്തിരിഞ്ഞു നോക്കാതെ ഗുരുവിനെ അനുഗമിച്ചുകൊള്ളുക.

തലയിലുള്ള മുദ്രക്കെട്ട് കമ്പിളികൊണ്ട് മൂടി പ്രയാണം തുടങ്ങാം—

# 29
# മുൻകെട്ടു്

ആദ്യമായി നിറക്കേണ്ടതു് മുൻകെട്ടാണു് എന്നു് മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ? അതനുസരിച്ചു് മുൻകെട്ടു് നിറയ്ക്കുന്നതിന്നു് ആവശ്യമായ സാധനങ്ങൾ താഴെ ചേർക്കുന്ന ലിസ്റ്റനുസരിച്ചു് തയ്യാറാക്കേണ്ടതാണു്.

| | | |
|---|---|---|
| കാണിപ്പണം | എണ്ണം | ഒന്നു് |
| നെയ്ത്തേങ്ങ | എണ്ണം | ഒന്നു് |
| ചന്ദനത്തിരി | പെട്ടി | രണ്ടു് |
| കർപ്പൂരം | പെട്ടി | രണ്ടു് |
| കദളിപ്പഴം | എണ്ണം | പതിനഞ്ചു് |
| അവിൽ | ലിററർ | അര |
| മലർ | ലിററർ | അര |
| മഞ്ഞൾപ്പൊടി | ലിററർ | അര |
| മലർപ്പൊടി | ലിററർ | അര |

| | | |
|---|---|---|
| സ്വർണ്ണത്താലി | എണ്ണം | ഒന്നു് |
| ചുരിക | എണ്ണം | ഒന്നു് |
| നാളികേരം | എണ്ണം | ഒന്നു് |
| നെല്ലു് | ലിററർ | അര |
| തുളസിപ്പൂവ്വു് | ലിററർ | രണ്ടു് |
| മുന്തിരിങ്ങാപ്പഴം | ഗ്രാം | 250 |
| പച്ച അരി | ലിററർ | ഒന്നു് |
| ശക്കര | കിലോ | അര |

പ്രത്യേകമായി ഭക്തി ശ്രദ്ധാപുരസ്സരം തയ്യാറാക്കിയ മേൽപറഞ്ഞ വസ്തുക്കളാണു് മുൻകെട്ടു നിറക്കുന്നതിന്നു് ആവശ്യമായവ.

കഴിയാവുന്നിടത്തോളം കലർപ്പില്ലാത്ത വസ്തുക്കളായിരിക്കണം മേൽപറഞ്ഞ ആവശ്യത്തിന്നു് കരുതിയിരിക്കേണ്ടതു്.

കെട്ടുനിറ പ്രധാനമായതും ഒഴിച്ചുകൂടാൻ വയ്യാത്തതുമായ കാര്യമാണെന്നു് പ്രസ്താവിച്ചിട്ടുണ്ടല്ലോ?

അതുകൊണ്ടു് സ്വാമിഭക്തന്മാരായ ജനങ്ങൾ ആയതു് പ്രത്യേകമായി പരിഗണിക്കണം. തെററുകൾ വരാൻ എളുപ്പമാണു്. അതുകൊണ്ടാണു് തെററു പററാതെ സൂക്ഷിക്കണമെന്നു് പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നതെന്നു് മനസ്സിലാക്കിയിരിക്കേണ്ടതാണു്.

# 30

# പിൻകെട്ട്

ഈ അദ്ധ്യായത്തിൽ പിൻകെട്ട് നിറയ്ക്കുന്നതിന് ആവശ്യമായ വസ്തുക്കളെക്കുറിച്ചാണ് വിവരിയ്ക്കുന്നത്.

| | | |
|---|---|---|
| റവ | കിലോ | ഒന്ന് |
| ശർക്കര | കിലോ | അര |
| നാളികേരം | എണ്ണം | രണ്ട് |
| നെയ്യ് | ലിററർ | അര |
| വെളിച്ചെണ്ണ | ലിററർ | അര |
| കായ | എണ്ണം | ഇരുപത്തഞ്ച് |
| പഞ്ചസാര | കിലോ | ഒന്ന് |
| മലരുണ്ട | എണ്ണം | ഇരുപത്തഞ്ച് |
| കാപ്പിപ്പൊടി | പെട്ടി | ഒന്ന് |
| ചായപ്പൊടി | പെട്ടി | ഒന്ന് |
| ഏലക്കായ | ഉറുപ്പികത്തൂക്കം | രണ്ട് |
| പപ്പടം | കെട്ട് | അര |

| | | |
|---|---|---|
| പുളി | കിലോ | കാൽ |
| കായം | ചെറിയപെട്ടി | ഒന്ന് |
| പെരുങ്കായം | പെട്ടി | ഒന്ന് |
| ജീരകപ്പൊടി | ഗ്രാം | നൂറ് |
| മസാലപ്പൊടി | ഗ്രാം | നൂറ് |
| കുരുമുളകുപൊടി | ഗ്രാം | നൂറ് |
| ഉപ്പ് | കിലോ | അര |
| പരിപ്പ് | ലിററർ | അര |
| ചെറുപയറ് | ലിററർ | അര |
| നല്ല പുഴുങ്ങല്ലരി | ലിററർ | നാല് |
| പാത്രം | ചെറിയതു് | രണ്ടു് |
| കയ്യിൽ | എണ്ണം | രണ്ടു് |
| ഗ്ലാസ് | എണ്ണം | രണ്ടു് |
| കമ്പിളി | എണ്ണം | ഒന്നു് |
| പായ | എണ്ണം | ഒന്നു് |
| പുതപ്പ് | എണ്ണം | ഒന്നു് |
| വിളക്കു് | എണ്ണം | ഒന്നു് |
| തീപ്പെട്ടി | എണ്ണം | രണ്ടു് |

മുകളിൽ പ്രസ്താവിച്ചിരിക്കുന്നവയാണു് പിൻകെട്ടു നിറയ്ക്കുന്നതിന്നു് അത്യാവശ്യമായ വസ്തുക്കൾ. ഇവ യാത്രക്കിടയിൽ അവശ്യമുള്ള വസ്തുക്കളായതുകൊണ്ടു് സാധനങ്ങൾ തയ്യാറാക്കിവെച്ചു് ലിസ്റ്റനുസരിച്ചു് വീണ്ടും എണ്ണിനോക്കി ഒത്തുനോക്കിയിരിക്കേണ്ടതാണു് എന്ന വസ്തുത ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

# 31
# കലിമലാന്തകൻ

വിളക്കു കഴിക്കുന്ന കാര്യം അവനവന്റെ സാമ്പത്തികശേഷിയനുസരിച്ച് ചെയ്യാമെന്ന് മുൻപ് പ്രസ്താവിച്ചിട്ടുള്ളത് ഇത്തരുണത്തിൽ ഓർമ്മിക്കുമല്ലോ? സാമ്പത്തികമായി വളരെ ഉയർന്ന ആളുകൾക്കേ വിളക്ക് വിധിപ്രകാരം നടത്താൻ കഴിയൂ.

കഴിവില്ലാത്തവർ ദാഹം വെച്ചു പാട്ടു കഴിച്ചും, പാട്ടു കഴിക്കാതെത്തന്നെയും മലയ്ക്കു പോകാറുണ്ട്. വളരെ ചുരുങ്ങിയ ചെലവിൽ നിർവ്വഹിക്കാവുന്നതാണ്, ദാഹം വെച്ചു പാട്ട്.

മലയ്ക്കു പോകുന്നവർ കൂട്ടായി ആവശ്യമായി വരുന്ന സംഖ്യ വീതിച്ചെടുത്ത് അടുത്തുള്ള അമ്പലങ്ങളിൽ വിളക്കു കഴിക്കുന്ന പതിവും കണ്ടുവരുന്നുണ്ട്.

ആയതാണ് കുറെക്കൂടി സൌകര്യമെന്ന് മനസ്സി ലാക്കുന്നതും നന്നു. അഞ്ചോ പത്തോ ആളുകൾ ഒന്നിച്ചാ ണ് ഈ ചടങ്ങ് നിവ്വഹിക്കുന്നതെങ്കിൽ ഓരോരുത്തക്കും വീതപ്രകാരം ചെറിയ ഒരു സംഖ്യ മാത്രമേ വരൂ. പൊതു സ്ഥലത്ത് വെച്ചു നടത്തുന്ന പരിപാടിയാകയാൽ പൊതു ജനങ്ങളിൽനിന്നും ഭക്തജനങ്ങളിനിന്നും ചെറിയ ഒരു സംഖ്യ പിരിച്ചെടുക്കുകയും ചെയ്യാം.

കെട്ടു നിറച്ച് യാത്ര പുറപ്പെടൽ ശബരിമലയുടെ കാര്യമായ ഒരു ഭാഗമാണ്. കെട്ടു നിറയ്ക്കുന്ന ചടങ്ങുകൾ കണ്ടുകഴിഞ്ഞാൽ ഏതു നിരീശ്വരവാദിയുടേയും മനസ്സ് സ്വാമിപാദങ്ങളിൽ അല്പനേരമെങ്കിലും തങ്ങിനില്ക്കാതെ വരില്ല.

നാം ആരംഭിച്ചിരിക്കുന്ന ശബരിമല യാത്രകൊണ്ട് ഉദ്ദേശിക്കുന്ന ഫലസിദ്ധി കൈവരേണമെന്ന ആത്മാത്ഥ മായ പ്രാത്ഥനയും ആവശ്യമാണ്.

എല്ലാ സമയത്തും സകല ചരാചരങ്ങളുടേയും ആ ത്മാവായ സ്വാമിയെ ഉള്ളഴിഞ്ഞ് വിളിക്കുകയും, ചെയ്തു കൊള്ളേണ്ടതാണ്. ആ തിരുമാനത്തിന് മനുഷ്യരുടെ എല്ലാവിധ ക്ലേശങ്ങളേയും ദൂരീകരിക്കുന്നതിനു പ്രത്യേക മായ കഴിവുണ്ട്.

ഗണപതി, സരസ്വതി, ധമ്മദൈവങ്ങൾ, ഗുരുഭൂത ന്മാർ, ശാസ്താവ് എന്നിവരെ പൂജാകമ്മാദികളാൽ തൃപ്ത രാക്കിയിട്ടുവേണം കെട്ടുനിറയ്ക്കാൻ.

കാണിപ്പണം, കാണിപ്പൊന്നു്, ശർക്കര, ചുരിക, നെയ് തേങ്ങ എന്നിവയടങ്ങിയ മുൻകെട്ടു് ആദ്യമായി നിറക്കണം.

ഇരുമുടിസ്സഞ്ചിയുടെ പിൻഭാഗത്തായി പിൻകെട്ടു നിറക്കണം. പിൻകെട്ടിൽ യാത്രക്കാരനായ ഭക്തന്നു് ആവശ്യമായ ഉപകരണങ്ങളും, സാധനങ്ങളുമാണു് നിറയ്ക്കേണ്ടതു്.

വഴിക്കു്വെച്ചു് ആവശ്യമായ സാധനങ്ങൾ വാങ്ങിക്കൊള്ളാമെന്നു് വിചാരിക്കുന്നതു് തെററാണു്. ഏററവും പരിശുദ്ധമായ വസ്തുക്കൾതന്നെ നമുക്കു കിട്ടുന്നതിന്നുവേണ്ടിയാണു് ഇവയെല്ലാം വീട്ടിൽനിന്നുതന്നെ ഒരുക്കിക്കൊണ്ടുപോകുന്നതു്.

മാർഗ്ഗമദ്ധ്യത്തിൽ അനുഭവപ്പെടാനിടയുള്ള ക്ലേശങ്ങളെയും വിഘ്നങ്ങളേയും അകററുന്നതിന്നു് വിഘ്നേശ്വരപൂജയു ആവശ്യമാണു്.

എല്ലാ ജീവജാലങ്ങളുടേയും പരമാത്മാവായിത്തീന്ന സാക്ഷാൽ അയ്യപ്പസ്വാമിയെക്കുറിച്ചുള്ള ചിന്തയും, ഭക്തിയും ആരിൽ അന്തർഗ്ഗതമായിരിക്കുന്നുവോ അവൻ മററാരാലും പീഡിപ്പിക്കപ്പെടുകയോ, ഉപദ്രവിക്കപ്പെടുകയോ ചെയ്യുന്നതല്ല.

അതു മനസ്സിലാക്കി തികഞ്ഞ ഭക്തിശ്രദ്ധകളോടെ സവ്വാദരണീയമായ രീതിയിൽ മററുള്ളവക്കു് മാതൃകാപരമായി കായ്യങ്ങൾ ആചരിക്കുകയും വ്രതനിഷ്ഠകളിൽ പ്ര

ത്യേക താല്പര്യം ചെയ്യുകയും വേണമെന്ന് വീണ്ടും പ്രസ്താവിച്ചുകൊള്ളുന്നു. പഴയ കാലങ്ങളിൻ തെററായ വ്രതാചരണങ്ങളോടെ മലയ്ക്കു പോയാൽ ആഃപോയവൻ പിന്നീടൊരിക്കലുംനാട്ടിൽ തിരിച്ചെത്തുക പതിവില്ല.

വഴിക്കുവെച്ച് മല കയറാൻ സാദ്ധ്യമല്ലാതെ വരികയും, പുലി, സിംഹം തുടങ്ങിയ ഹിംസ്ര മൃഗങ്ങൾക്കിരയായിത്തീരുകയും ചെയ്യും.

പഴമക്കാരായ സ്വാമിമാരെ അനുഗമിക്കുകയും, അവരുടെ കാല്പാടുകളിൽക്കൂടി മുന്നോട്ട പോവുകയും ചെയ്യുന്നതാണ് അതിപ്രധാനമായ കത്തവ്യം. തീകച്ചും തൻേറതായ കത്തവ്യബോധത്തോടെ ആത്മധൈര്യത്തോടെ, ദൃഢനിശ്ചയത്തോടെ യാത്ര ചെയ്തുകൊൾക.

അറിയാതെ അശുദ്ധി ബാധിച്ചു എന്നു കണ്ടാൽ സ്വാമി പാദങ്ങളെ മനസ്സിൽ നിനച്ച് സമസ്താപരാധങ്ങളും പൊറുക്കുവാനുള്ള അപേക്ഷയോടെ കുളിച്ച് ശുദ്ധാത്മാവായിരിക്കേണ്ടതാണ്.

അല്ലയോ കലിമലാന്തകനായ അയ്യപ്പസ്വാമീ, യാത്രക്കാരായ, അങ്ങയുടെ ഭക്തജനങ്ങളെ അങ്ങുതന്നെ കാത്തു രക്ഷിച്ചുകൊള്ളേണമേ!

# 32

# അയ്യപ്പന്മാൎക്ക് സദ്യ

വിളക്കു കഴിക്കുന്നതോടുകൂടി തന്റെ സഹപ്രവൎത്തകരും, അനുഗാമികളുമായ സ്വാമിഭക്തന്മാൎക്ക് ഒരു സദ്യ കഴിക്കുന്ന പതിവുണ്ട്. മുകളിൽ ഒരദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ ആയതിനു കഴിവില്ലാത്തവർ സദ്യ കഴിച്ചുകൊള്ളണമെന്ന് നിൎബ്ബന്ധമില്ല. കഴിവുള്ളവൎക്ക് സദ്യ കഴിക്കുകയും ആവാം. സദ്യ കഴിക്കാൻ തീരുമാനിച്ചു കഴിഞ്ഞാൽ അതിന്നാവശ്യമായ വസ്തുക്കളെക്കുറിച്ച് ഒരു ധാരണയുണ്ടായിരിക്കേണ്ടതാവശ്യമാണല്ലോ? അതിനുവേണ്ടി സദ്യക്ക് ആവശ്യമായ വസ്തുക്കളുടെ വിവരം ഈ അദ്ധ്യായത്തിൽ വിവരിക്കാം.

നൂറ്റി ഒന്നു പേൎക്ക് സദ്യ കഴിക്കുന്നതിന് ആവശ്യമായ സാധനങ്ങളാണ് താഴെ ചേൎക്കുന്നതു്. ഏറ്റക്കുറവുകൾ ചില സാധനങ്ങളിൽ കണ്ടുവെന്നുവരാം. ആയതു

മനസ്സിലാക്കി ദേശാചാരക്രമങ്ങൾക്കനുസരിച്ചു് യുക്തമെന്നു തോന്നുംപടി കാര്യങ്ങൾ ചെയ്തുകൊൾക.

| | | |
|---|---|---|
| നേന്ത്രക്കായ | കുല | ഒന്നു് |
| അരി | ലിററർ | ഇരുപതു് |
| മഞ്ഞൾ | ഗ്രാം | മുന്നൂറു് |
| കായ | എണ്ണം | അമ്പതു് |
| കുമ്പളങ്ങ | എണ്ണം | മൂന്നു് |
| മത്തൻ | എണ്ണം | മൂന്നു് |
| മത്തങ്ങ | പച്ച | ഒന്നു് |
| ചേന | തുലാം | ഒന്നു് |
| കയ്പക്ക | എണ്ണം | അമ്പതു് |
| വഴുതിനങ്ങ | എണ്ണം | അമ്പതു് |
| വെള്ളരിക്ക | എണ്ണം | നാലു് |
| കൊത്തമരക്കായ | കിലോ | രണ്ടു് |
| പച്ചമുളകു് | കിലോ | ഒന്നു് |
| കുരുമുളകു് | ലിററർ | അര |
| കടുകു് | ലിററർ | ഒന്നര |
| വെളിച്ചെണ്ണ | ലിററർ | നാലു് |
| ചെറുപയറു് | ലിററർ | മൂന്നു് |
| നാളികേരം | എണ്ണം | നൂറു് |
| ജീരകം | ലിററർ | അര |
| ഇടിച്ചക്ക | എണ്ണം | നാലു് |
| പുളി | കിലോ | മൂന്നു് |
| പച്ചമല്ലിത്തൈ | കിലോ | കാൽ |
| തൈരു് | പറ | ഒന്നു് |

| | | |
|---|---|---|
| ഇഞ്ചി | റാത്തൽ | അര |
| പപ്പടം | കെട്ട് | മൂന്ന് |
| തക്കാളി | കിലോ | മൂന്ന് |
| കായം | പേക്കററ് | രണ്ട് |
| കൊത്തമ്പാലരി | ലിററർ | കാൽ |
| ഉലുവ | ലിററർ | ഒന്ന് |
| ചുക്ക് | കിലോ | കാൽ |
| ശക്കര | റാത്തൽ | ഇരുപത് |
| പഞ്ചസാര (സേലം) | കിലോ | അര |
| പഞ്ചസാര (സാധ) | കിലോ | അര |
| കടലപ്പരിപ്പ് | ലിററർ | ഒന്ന് |
| ഉഴുന്നുപരിപ്പ് | ലിററർ | ഒന്ന് |
| പരിപ്പ് | ലിററർ | നാല് |
| ഗോതമ്പ് | ലിററർ | നാല് |
| ഏലത്തരി | രൂപത്തൂക്കം | രണ്ട് |
| കരയാമ്പൂവ് | രൂപത്തൂക്കം | ഒന്ന് |
| നെയ്യ് | ലിററർ | ഒന്ന് |
| ചെറുനാരങ്ങ | എണ്ണം | ഇരുപത്തഞ്ച് |
| പൂവ്വൻപഴം | എണ്ണം | അമ്പത് |
| പച്ചരി | ഇടങ്ങഴി | രണ്ട് |
| ഇല | എണ്ണം | നൂററി അമ്പത് |
| ഉപ്പ് | പറ | അര |
| ഉരുളക്കിഴങ്ങ് | കിലോ | അഞ്ച് |
| കടലെണ്ണ | നാഴി | മൂന്ന് |

| | | |
|---|---|---|
| മുരിങ്ങക്കായ | എണ്ണം | അമ്പതു് |
| നല്ലെണ്ണ | ലിററർ | ഒന്നു് |
| പാത്രങ്ങൾ | അവശ്യമായവ......... | |
| പനമ്പുകൾ | ,, | |
| പായകൾ | ,, | |
| വിളക്കുകൾ | ,, | |
| പുൽപ്പായ | ,, | |
| പന്തലിന്നു് | ആവശ്യമായ സാധനങ്ങൾ | |
| വിറകു് | ആവശ്യത്തിനനുസരിച്ചു് | |

മേൽപറഞ്ഞ സാധനങ്ങൾ വാങ്ങിക്കുന്നതിന്നുമുമ്പു് ദേഹണ്ഡക്കാരനായ ആളോടുകൂടി ആലോചിക്കുന്നതു് നന്നു്. അയാളുടെ അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ടായാൽ വലിയ നഷ്ടകഷ്ടങ്ങൾ കൂടാതെ കഴിക്കാവുന്നതാണു്.

ഇന്നത്തെ വർദ്ധിച്ചുവരുന്ന വിലത്തോതുകളും മററും പരിഗണിച്ചു് സദ്യ കഴിയുന്നതും ചുരുക്കുന്നതാണു് നല്ലതെന്ന അഭിപ്രായം കൂടിയുണ്ടു്.

# 33
# മണ്ഡലവ്രതം

ഭക്തജനങ്ങളുടെ ആരാദ്ധ്യപുരുഷനായ അയ്യപ്പസ്വാമിക്ക് ഏററവും പ്രിയംകരമായിട്ടുള്ള കാര്യം മണ്ഡലവ്രതംതന്നെയാണെന്ന് എന്നുള്ളതിന്നു് പക്ഷാന്തരമില്ല. ശരിയായ മണ്ഡലവ്രതാചരണംകൊണ്ടു് മാത്രമേ അയ്യപ്പസ്വാമിയെ പ്രീതിപ്പെടുത്താനാവുകയുള്ളു. മണ്ഡലവ്രത കാലം ആരംഭിക്കുന്നതു് വൃശ്ചികമാസം 1-ാംനു- മുതലാണു്. ഒരു മണ്ഡലക്കാലമെന്നതു് നാല്പത്തിയൊന്നു ദിവസവുമാകുന്നു.

വൃശ്ചികം ഒന്നാം തിയതി മുതൽ നാല്പത്തിയൊന്നു ദിവസത്തെ വ്രതാചരണത്തിന്നാണു് മണ്ഡലവ്രതമെന്നു് പറയുന്നതു്.

നിഷ്കാമകർമ്മന്മാരായി സ്വാമിഭക്തന്മാരായ ജനങ്ങൾ, സ്വാമി പാദങ്ങളെത്തന്നെ മനസ്സിലുറപ്പിച്ചു് വൃശ്ചികമാസം ഒന്നാം തീയ്യതി അടുത്തുള്ള ക്ഷേത്രസന്നിധാ

നത്തിൽവെച്ചു് കറുത്ത വസ്ത്രം മാറി രുദ്രാക്ഷമാല ധരിക്കുന്നതോടെ വ്രതം ആരംഭിക്കുകയായി.

പകൽ മാത്രം മൃഷ്ടാന്നഭോജനവും രാത്രി ലഘു ഭക്ഷണവുമായി കൃത്യമായ കൃത്യാനുഷ്ഠാനങ്ങളോടെ വർത്തിക്കണം.

ഏഴര നാഴിക പുലരാനുള്ളപ്പോൾ എഴുന്നേല്ക്കുകയും അടുത്തുള്ള ക്ഷേത്രക്കുളത്തിൽ പോയി കുളിച്ചു് ജലതർപ്പണാദി കർമ്മങ്ങൾ ചെയ്തു് ഇഷ്ടദേവതയെ പ്രാർത്ഥിക്കുകയും ചെയ്തതിന്നുശേഷമെ ജലപാനം കൂടി ചെയ്യാൻ പാടുള്ളു.

മണ്ഡലവ്രതം ശുചിയായി ചെയ്യേണ്ടതായ ഒരു കാര്യമാണു്. ഋതുമതികളായ സ്ത്രീകളെ കാണാൻപോലും പാടില്ല. കുടുംബജീവിതത്തിലെ അഴുക്കുകൾ വ്രതാചാരങ്ങൾക്കു് തടസ്സമായിത്തീരാൻ വയ്യ. അങ്ങനെ തടസ്സമായിത്തീരുമെന്ന ബോദ്ധ്യമുള്ളവർ മലയ്ക്കു നോൽമ്പിടരുതു്.

ഏതുസമയത്തും അയ്യപ്പസ്വാമിയുടെ ശരണംവിളിയും മുഴക്കിക്കൊണ്ടുമാത്രമേ പുറത്തു സഞ്ചരിക്കാവൂ.

അവർണ്ണനീയമായ മഹിമാവിശേഷങ്ങളുൾക്കൊള്ളുന്ന അയ്യപ്പസ്വാമിയുടെ അനുഗ്രഹാമൃതത്തിന്നു് പാത്രീഭൂതനാകുവാൻ ഉദ്യമിയ്ക്കുന്ന ഭക്തജനങ്ങൾ, യാതൊരു അവഗണനയും കൂടാതെ മേൽപറഞ്ഞ മണ്ഡലവ്രതം ആചരിക്കേണ്ടതാകുന്നു.

# 34

## ഭക്തിയുടെ മാർഗ്ഗങ്ങൾ

മേൽ പറഞ്ഞ പ്രകാരം വ്രതാചാരങ്ങളോടുകൂടി ശബരിമലയിലേക്ക് യാത്ര പുറപ്പെടുന്ന ഭക്തജനങ്ങളുടെ യാത്ര കണ്ണിനും കരളിനും കുളുർമ്മയേകാതിരിക്കയില്ല. വ്രതാചരണങ്ങൾ ഒന്നും കൂടാതെതന്നെ യാത്ര പോകുന്നവരും കുറവല്ല.

അത്തരക്കാർക്ക് സർവ്വശക്തനായ ഭഗവാൻ തന്നെ മാപ്പു നൽകട്ടെ. പരിഷ്ക്കാരം വർദ്ധിച്ചുവശായതോടെ യാത്രയിലും പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്. വളരെ ദിവസം നടന്നു തളർന്ന് അയ്യപ്പസ്വാമിയുടെ സന്നിധിയിൽ എത്തിച്ചേരാറുള്ള ജനങ്ങൾ ഇന്നു കാറിലോ ബസ്സിലോ യാത്ര ചെയ്ത് ഏററവും വേഗം തിരിച്ചെത്തുവാൻ വെമ്പികൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നതു്.

വഴിയെളുപ്പം നോക്കി വണ്ടിപ്പെരിയാറിൽക്കൂടിയാണ് ഇന്നു മിക്ക തീർത്ഥാടകരും യാത്ര ചെയ്യുന്നതു്. ശരി

യായ ശബരിമല യാത്ര വേണ്ടതു് എരുമേലിയിൽക്കൂടിത്തന്നെയാണു്.

ലോകത്തിൻെറ നാനാഭാഗത്തുനിന്നും വന്നെത്തുന്ന ജനസമൂഹം എരുമേലിയിൽ വന്നു് ഒത്തുചേൎന്നു് എരുമേലി ശാസ്താവിനെ ശരണം വിളിച്ചു് അവിടെനിന്നാണു് യാത്ര പുറപ്പെടുന്നതു്.

എരുമേലി എന്ന സ്ഥലം വളരെ പ്രധാനമായ ഒരു പുണ്യസ്ഥാനമാകുന്നു. എരുമേലി എന്ന പേരുവരാൻതന്നെ കാരണം അയ്യപ്പസ്വാമി പണ്ടു് പുലിപ്പാലിനുവേണ്ടി വനത്തിൽ പോയ അവസരത്തിൽ ഉണ്ടായ ഒരു സംഭവത്തെ ആസ്പദമാക്കിയാണു്.

മഹിഷീമൎദ്ദനം ചെയ്യാനൊരുങ്ങിയ ഭഗവാനായ ധൎമ്മശാസ്താവു് മഹിഷിയെ വേട്ടയാടിക്കൊണ്ടു് പിന്തുടൎന്ന അവസരത്തിൽ മഹിഷി മരണപരാക്രമത്തോടെ കയറിപ്പോയ സ്ഥലമാണു് എരുമേലി.

എരുമ കേറി എന്ന വാക്കിൽനിന്നാണു് എരുമേലി എന്ന വാക്കുണ്ടായതത്രേ.

എരുമേലിയിൽത്തന്നെയാണു് പേട്ടയിൽ ശാസ്താവിൻെറ ക്ഷേത്രം. സ്വാമിഭക്തനും സ്വാമിയുടെ സന്തതസഹചാരിയുമായ വാവരേയും അവിടെ പ്രതിഷ്ഠിച്ചിട്ടുണ്ടു്.

അവിടെ കൊല്ലംതോറും വാവർസ്വാമിക്കു് ഉത്സവം നടത്തുന്ന ഒരു പതിവുണ്ടു്. ധനുമാസം അവസാനത്തിലാണു് ഈ ഉത്സവം നടത്താറു്.

ഈ സ്ഥലത്തിന്നടുത്ത പ്രദേശത്തു് താമസിക്കുന്നവരിൽ ഭൂരിഭാഗവും മുസ്ലീമിങ്ങളാണു്. സ്വാമിയുടേയും, വാവരുടേയും കൂട്ടുകെട്ടുകാരംപോലെത്തന്നെ മികച്ചതാണു് അവിടത്തെ ജനങ്ങളുടെ കൂട്ടുകെട്ടുകാരം.

ശബരിമലയിലേക്കു് യാത്ര പുറപ്പെടുന്ന ഭക്തന്മാരെ കണ്ടാനന്ദിക്കുവാൻ ധാരാളം സന്ദർശകരും, വ്യാപാരികളും മററും എരുമേലിയിൽ താമസിക്കാറുണ്ടു്.

താന്താങ്ങൾ ചെയ്ത പാപഭാരങ്ങളിറക്കുവാൻ ഭക്തജനങ്ങളുടെ അത്താണിയായി ഈ പുണ്യ സ്ഥാനം നിലകൊള്ളുന്നു.

ഭക്തിമാർഗ്ഗങ്ങളിലൂടെ ചരിക്കുന്ന മോക്ഷേച്ഛുക്കളും, പാപഭാരം കൊണ്ടു് തളർന്ന പാവങ്ങളും, അയ്യപ്പസ്വാമിയുടെയും വാവരുസ്വാമിയുടേയും നാമധേയത്തിൽ എരുമേലിയിൽ എത്തിച്ചേരുന്ന കാഴ്ച നയനാനന്ദകരമാണു്.

ഈ ലോകത്തിൽ അവതരിച്ച മഹാപുരുഷന്മാരുടെ മുൻപന്തിയിൽ നില്ക്കുന്ന അയ്യപ്പസ്വാമിയുടെ മഹിമാവിശേഷങ്ങളുടെ മുമ്പിലും, ആ പാദാരവിന്ദങ്ങളിലും നമുക്കു കൂപ്പുകൈകളർപ്പിക്കുക.

# 35

# ക്ഷമാപണം

പ്രായശ്ചിത്തം എന്നൊരു ചടങ്ങ് എരുമേലിയിൽ വെച്ച് നടത്താറുണ്ട്. അതുവരെ ചെയ്ത തെറ്റുകൾക്കൊക്കെ പിഴയായി, ആ തെറ്റുകളൊക്കെ പൊറുക്കണമെന്ന അഭ്യർത്ഥനയോടുകൂടിയുള്ള പ്രാർത്ഥനയാണ് ഈ ചടങ്ങ്.

അറിഞ്ഞും അറിയാതെയും ഈ യാത്രയ്ക്കിടയിൽ ചെയ്ത സമസ്താപരാധങ്ങളും, സ്വാമിയുടെ പാവന പാദങ്ങളിലർപ്പിക്കുന്ന ഭക്തജനങ്ങളുടെ തിക്കുംതിരക്കും തന്നെയായിരിക്കും എപ്പോഴും എരുമേലിയിൽ.

അല്ലയോ സത്യസ്വരൂപനും സകല ചരാചരാത്മാവുമായ അയ്യപ്പസ്വാമീ, എല്ലാ തെറ്റുകളും പൊറുത്ത് അങ്ങയുടെ കോട്ടവാതിൽ കടന്ന് പൂങ്കാവനത്തിൽ കാലുകുത്തുന്നതിന്ന് അങ്ങ് അനുവദിച്ചാലും എന്ന അഭ്യർത്ഥനയോടുകൂടിയാണ് ക്ഷമാപണം നടത്തുന്നത്.

നിത്യസത്യാത്മകങ്ങളും, ധമ്മസ്വരൂപങ്ങളും ആയ നിന്തിരുവടിയുടെ പടി പതിനെട്ടും കടക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ...എന്ന നിസ്തുലമായ പ്രാത്ഥനയോടും ഏകാഗ്രമായ ചിത്തത്തിൽ സ്വാമിയുടെ പാദാരവിന്ദസ്മരണകളോടുംകൂടി നമസ്കരിക്കുന്നു. എല്ലാ തെററുകൾക്കും പിഴയായി തങ്ങളുടെ മുദ്രക്കെട്ടിന്നു മുകളിൽ ഭക്തിപൂവ്വം താംബൂലത്തോടുകൂടിയ ഒരു വഴിവാട്ട് ആചരിച്ച് ശരണം വിളിച്ച് നമസ്കരിക്കുന്നു. ആ കാഴ്ച ഏതു നിരീശ്വരവാദിയേയും പിടിച്ചുകുലുക്കും.

മുന്നദ്ധ്യായങ്ങളിൽ വിവരിച്ചതനുസരിച്ച് കെട്ടുനിറ നാമയാത്രം ഈ പ്രായശ്ചിത്തകമ്മം ചെയ്യാറുണ്ട്.

മുകളിൽ പറഞ്ഞതുപോലെ പിഴയായി ചെയ്ത സംഖ്യ മലമുകളിൽ സ്വാമിക്കു വഴിവാടായി സമപ്പിക്കും.

ഈ ചടങ്ങുകൾ കഴിഞ്ഞതിന്നുശേഷം പേട്ട തുള്ളൽ എന്ന കമ്മത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നതാണു് എരുമേലിയിലെ പേട്ടതുള്ളൽ ലോകപ്രസിദ്ധമായ ഒരു ചടങ്ങാണു്. എരുമേലിവഴി മലയ്ക്കുപോകുന്നവക്കു മാത്രമേ ഈ പ്രായശ്ചിത്തകമ്മങ്ങളിലും, പേട്ടതുള്ളൽ എന്ന ചടങ്ങിലും പങ്കെടുക്കുവാൻ കഴിയുകയുള്ളു.

വണ്ടിപ്പെരിയാർ വഴിക്കു പോകുന്നവക്ക് ഈ ചടങ്ങിൽ പങ്കെടുക്കാൻ കഴിയാറില്ല.

# 36
# പേട്ടതുള്ളൽ

ശബരിമലയിലേക്ക് യാത്ര പുറപ്പെട്ട് കെട്ടുനിറ കഴിച്ച ഭക്തജനങ്ങൾക്ക് സ്വാമിയുടെ പൂങ്കാവനത്തിൽ കാലെടുത്തു കുത്തണമെങ്കിൽ പേട്ട തുള്ളൽ എന്ന കർമ്മത്തിൽ പങ്കെടുക്കണമെന്നതു് നിർബ്ബന്ധമാണ്. അതുകൊണ്ടു പേട്ട തുള്ളൽ തുടങ്ങുന്നതുവരെയും ഭക്തജനങ്ങൾ എരുമേലിയിലെ താവളങ്ങളിൽ താമസിക്കുന്നു.

സാധാരണയായി ഈ ചടങ്ങ് ആരംഭിക്കാറു് ധനുമാസം 20-ാംനു- മുതൽക്കാകുന്നു. മലയ്ക്കു പോകാൻ മാലയിട്ട യാതൊരാളും ജാതിമതഭേദമെന്യേ, കുബേര കുചേല ഭേദമെന്യേ, ഈ ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്.

പഴമക്കാരായ ഗുരുസ്വാമികളുടെകൂടെ മലയ്ക്കു യാത്ര പുറപ്പെടുന്ന ജനങ്ങൾക്കു് തെററു പററാതെ ഇക്കാര്യങ്ങളൊക്കെ ആചരിച്ചതിന്നുശേഷം പൂങ്കാവനത്തിൽ കാലുകുത്താൻ കഴിയും.

പുതിയ സ്വാമിമാക്കാണ് ചടങ്ങുകളിൽ പങ്കെടുക്കാൻ കഴിയാതെ വരുന്നത്.

ശിഷ്യഗണങ്ങളോട്ടുകൂടി എരുമേലിയിലെത്തിയ ഗുരുസ്വാമി പേട്ടതുള്ളലിന്നുവേണ്ടിയുള്ള ഒരുക്കങ്ങളിൽ മുഴുകും. പേട്ട തുള്ളുന്നതിന്നു് ഒരു വടി ആവശ്യമാണു്. പേട്ടക്കമ്പു് എന്നും ഈ വടിക്കു പറയാറുണ്ടു്. മൂന്നു നാലു കോൽ നീളമുള്ള ഉലക്കപോലുള്ള ഈ വലിയ വടിയിൽ തങ്ങാം വാങ്ങിച്ച കായ്കറികളും മററും കമ്പിളിയിൽ പൊതിഞ്ഞ് കെട്ടിവെച്ചു് രണ്ടു ഭാഗവും രണ്ടു അയ്യപ്പന്മാർ ചുമക്കുന്നു.

കളഭം, കരി, കുങ്കുമം, ഭസ്മം എന്നിവ ദേഹത്തിൽ പല വിധത്തിലും, രൂപത്തിലും പൂശി അയ്യപ്പന്മാർ ഇലച്ചില്ലകളും തൂപ്പുകളും ഒടിച്ചു് തുള്ളിക്കൊണ്ടു് വടി ചുമലിലേററിയ ഭക്തരെ അനുഗമിക്കും.

'അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം...
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം...'

എന്നീ മുദ്രാവാക്യവുമായി എല്ലാ ഭക്തന്മാരും പേട്ടക്കമ്പു് എഴുന്നള്ളിച്ചവരെ അനുഗമിക്കുന്നു.

പേട്ടയിൽ ശാസ്താവിനെയും, വാവരുസ്വാമിയേയും വന്ദിച്ചു് തിരിച്ചുവരുന്ന അയ്യപ്പന്മാർ വീണ്ടും താവളങ്ങളിലേക്കു് തിരിച്ചുവരുന്നു.

ഇങ്ങനെ പേട്ടകമ്പും കയ്യിലെടുത്ത് തുള്ളിച്ചാടി ക്കൊണ്ടെത്തുന്ന ജനങ്ങൾ ക്ഷേത്രത്തെ മൂന്നു തവണ പ്രദ ക്ഷിണം വെച്ച് കർപ്പൂരം കത്തിക്കും. അതോടെ പേട്ട തുള്ളൽ അവസാനിക്കുകയായി.

പള്ളി നായാട്ടു കഴിഞ്ഞ് കാട്ടിൽനിന്നും സ്വാമി തിരിച്ചു വരുന്നതിനെയാണ് പേട്ടതുള്ളൽകൊണ്ടു് അനു സ്മരിക്കുന്നതു്.

പരിപാവനമായ എരുമേലിയിൽ വെച്ച് ഈ ച ടങ്ങിൽ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിക്കുന്നവർ പരമ ഭാഗ്യ വാന്മാർതന്നെയാകുന്നുവെന്നതിന്ന് സംശയമില്ല.

അത്ഭുതാവഹമായ ചൈതന്യത്തിൻെറ കാന്തിപ്ര സരം പേട്ടതുള്ളലിൽ അന്തർല്ലയിച്ചിരിക്കുന്നു.

അതിഘോര രൂപിണിയായ മഹിഷിയോട് യുദ്ധം ചെയ്ത അയ്യപ്പസ്വാമിയുടേയും ഭൂതഗണങ്ങളുടേയും ഓർമ്മ നിലനിർത്തുന്നതിന്നുവേണ്ടിയായിരിക്കണം പഴമക്കാർ ഇ ങ്ങനെയൊരു ചടങ്ങ് രൂപീകരിച്ചിരിക്കുന്നതെന്ന് നി സ്സംശയം പറയാവുന്നതാണ്.

൦൦൦൦൦൦൦൦൦൦൦൦൦൦൦൦൦

# 37

# വെള്ളിനക്ഷത്രം

വനാന്തരങ്ങളിലേക്ക് നായാട്ടിന്നുപോയ സ്വാമിയുടെ ഓർമ്മയ്ക്കായിക്കൊണ്ടാണ് പേട്ടതുള്ളൽ എന്ന ചടങ്ങ് നടത്തുന്നതെന്ന് മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ? അതനുസരിച്ച് മുൻപുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചപോലെ പേട്ടതുള്ളൽ എന്ന ചടങ്ങ് അവസാനിച്ചതിന്നുശേഷം ക്ഷേത്രത്തിൻെറ പരിസരപ്രദേശത്തുള്ള തോട്ടിൽ പോയി കുളിച്ചുവന്ന് അമ്പലത്തിൽതൊഴുതുകഴിഞ്ഞാൽ തങ്ങളുടെ സ്ഥാനങ്ങളിൽ പ്രവേശിക്കാവുന്നതാണ്.

പേട്ട തുള്ളൽ കഴിഞ്ഞ ദിവസം അയ്യപ്പന്മാർ അവിടെത്തന്നെ താമസിക്കണമെന്ന കാര്യം നിർബ്ബന്ധമത്രേ.

പിറേറന്നു മാത്രമേ അവിടെനിന്നു യാത്ര പുറപ്പെടാൻ പാടുള്ളു.

38820

ഇതിന്നു വിപരീതമായി ആരും പ്രവർത്തിച്ചുകാണാറില്ല. കാരണം സ്വാമിയോടുള്ള ബഹുമാനവും, ആത്മാർത്ഥമായ ഭക്തിയുംതന്നെ.

പേട്ട തുള്ളിക്കൊണ്ടു് അയ്യപ്പന്മാർ അമ്പലനടയിൽ വന്നെത്തുന്ന സമയത്തു് ആകാശത്തു് ഒരു വെള്ളിനക്ഷത്രം ഉദിച്ചുനില്ക്കുന്നതായിക്കാണാവുന്നതാണു്.

അമ്പലപ്പുഴക്കാരുടെയും ആലങ്ങാട്ടുകാരുടെയും പേട്ട തുള്ളൽ പ്രസിദ്ധമാണു്. അന്നു് ചില പ്രത്യേക അടയാളങ്ങൾ കാണാൻ കഴിയും.

അവരുടെ പേട്ട തുള്ളൽ ആരംഭിച്ചു് പേട്ടക്കമ്പുമായി ഭക്തജനങ്ങൾ അമ്പലനടയിലെത്തിയാൽ എവിടെനിന്നോ പറന്നുവരുന്ന ഒരു കൃഷ്ണപ്പരുന്തു് ക്ഷേത്രപ്രാന്തങ്ങളിൽ പറന്നു് വലംവെച്ചു് ക്ഷേത്രമുകളിൽ ആകാശത്തു് വട്ടമിടുന്നതു കാണാം.

കൃഷ്ണപ്പരുന്തിനെ കണ്ടു തൊഴാൻ ഭക്തജനങ്ങൾ മുകുളിതഹസ്തരായി നില്ക്കും.

അതുപോലെത്തന്നെയാണു് വെള്ളിനക്ഷത്രത്തിന്റെ കാര്യവും. ആലങ്ങാട്ടു യോഗക്കാരുടെ തുള്ളലിന്നുശേഷം

അവർ അമ്പലനടയിൽ എത്തുന്ന സമയത്താണു് വെള്ളി നക്ഷത്രം ഉദിച്ചുയരുന്നതു് കാണാറു്.

അമ്പലപ്പുഴക്കാരുടേയും ആലങ്ങാട്ടു യോഗക്കാരുടേയും പേട്ടതുള്ളലിന്നു് പ്രത്യേക പ്രശസ്തിയുണ്ടായതും ഇതുകൊണ്ടാണു്.

പേട്ട തുള്ളൽ എന്ന ചടങ്ങിൽ നമുക്കജ്ഞാതമായ എന്തൊക്കെയോ അന്തർല്ലീനമായിട്ടുണ്ടെന്ന കാര്യം പരമ പ്രധാനമത്രേ!

# 38
# കോട്ടപ്പടിയിൽ

പേട്ടതുള്ളൽ കഴിഞ്ഞ് അന്നത്തെ വിശ്രമത്തിന്നു ശേഷം പിറേറന്നു യാത്ര പുറപ്പെടുന്ന ജനങ്ങൾ എരുമേലിയിൽനിന്നു് യാത്രയായി ഉദ്ദേശം രണ്ടു രണ്ടര നാഴിക നടന്നാൽ കോട്ടപ്പടിയിൽ ചെന്നെത്തും. കോട്ടവാതിലിൽക്കൂടി കടന്നു ചെന്നാൽ പേരൂർത്തോട്ടിലെത്താം.

സ്വാമിയുടെ പൂങ്കാവനമെന്നു് മുൻപു് സൂചിപ്പിച്ചിട്ടുള്ളസ്ഥലങ്ങളാണു് കോട്ടവാതിലിന്നപ്പുറത്തു മുഴുവനും.

“കോട്ടപ്പടിയേ ശരണമയ്യപ്പോ” എന്ന ശരണംവിളിയോടുകൂടി കടന്നുപോകുന്ന കൃഷ്ണവസ്ത്രധാരികളായ അയ്യപ്പന്മാരുടെ യാത്ര നമ്മിൽ ഉൾപ്പുളകമുണ്ടാക്കിത്തീർക്കുന്നതാണു്.

ആ ആനന്ദഗാനനിർഝരിയിൽ മതിമയങ്ങിക്കൊണ്ടുള്ള യാത്ര മോക്ഷസന്ദായകമത്രേ.

സ്വാമിയുടെ പൂങ്കാവനത്തിൽ കാലു കുത്താൻ കഴിയുന്നതുതന്നെ എത്രയോ മഹത്തരമായ ഭാഗ്യമാണെന്ന് പറയാതെതന്നെ അറിയാമല്ലോ?

സ്വാമിയുടെ പൂങ്കാവനത്തിൽനിന്നുയരുന്ന ശരണം വിളികൾ പതിനെട്ടു പടികളും കടന്ന് ശബരിമല സന്നിധാനത്തിൽചെന്ന് അലയടിക്കുന്നു. ആനന്ദപ്രദായകനും അത്ഭുതവിഗ്രഹനും അന്നദാനപ്രഭുവുമായ അയ്യപ്പസ്വാമിയുടെ അനുഗ്രഹത്തോടെ, പൂങ്കാവനത്തിൽ ചെന്ന് ചേരാൻ മഹാ ഭാഗ്യം സിദ്ധിക്കുന്നവർ അന്നുവരെ ചെയ്ത പാപങ്ങൾ തീരുമെന്നാണ് ഇന്നും വിശ്വാസം.

സ്വാമിയുടെ പുണ്യദർശനം മാത്രം ലാക്കാക്കി മോക്ഷാർത്ഥികളായ ജനങ്ങളുടെ പ്രവാഹം തീർച്ചയായും സ്വാമിയുടെ മനോമുകുരത്തിൽ പ്രതിഫലിക്കുന്നുണ്ടാകും.

കറുത്ത ഉറുമ്പുകൾ വരിയിട്ടപോലെയുള്ള ഈ യാത്രക്കാരായ ജനങ്ങളുടെ ഭക്തി പാരവശ്യം. കാരണം കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ സ്വാമിയെ ആനന്ദഭരിതനാക്കിത്തീർക്കുമെന്നു വിശ്വസിക്കപ്പെടുന്നു.

ദുഃഖത്തിന്റെ കരകാണാക്കടലുകളിൽ നീന്തിത്തുടിച്ച് മോക്ഷമാർഗ്ഗത്തെ മാത്രം ലാക്കാക്കി പ്രവഹിച്ചുകൊണ്ടിരിക്കുന്ന കോടിക്കണക്കിനു് ഭക്തജനങ്ങൾക്കു് അയ്യപ്പസ്വാമിതന്നെ തുണയരുളട്ടെ.

# 39

# സ്വച്ഛജലം നിറഞ്ഞ പേരൂർത്തോട്

പ്രസിദ്ധമായ സ്ഥലമാണ് പേരൂർത്തോട്. പരിപാവനവുമാണ്. പേരൂർത്തോട്ടിലെ സ്നാനം യാത്രക്കാർക്ക് ആനന്ദസന്ദായകം തന്നെ.

വനവാസം ചെയ്തിരുന്ന കാലത്ത് സ്വാമി തന്റെ വിശ്രമത്തിനുള്ള താവളമായി തിരഞ്ഞെടുത്ത സ്ഥലമാണ് പേരൂർത്തോടെന്നു പറയുന്നത്.

സ്വാമിയോടൊപ്പം സഞ്ചരിച്ചിരുന്ന ഭൂതഗണങ്ങൾക്കുള്ള തർപ്പണ കർമ്മങ്ങളാണ് പേരൂർത്തോട്ടിൽ ചെയ്തുവരുന്നതെന്ന കാര്യം സ്മരണീയമത്രേ.

പേരൂർത്തോട്ടിലുള്ള പാറക്കെട്ടുകളിൽ കെട്ടു നിറയ്ക്കുമ്പോൾ നാം കരുതിയ മലർപ്പൊടിയും അരിപ്പൊടിയും വിതറുന്നതാണ് ഇവിടത്തെ പ്രധാനമായ ചടങ്ങ്.

ഈ സ്ഥലത്തു് ഭിക്ഷക്കാരുടെ ബഹളമാണു്. അവശരും, ശരണമില്ലാത്തവരും, അഗതികളുമായ യാചകന്മാരുടെ ദീനരോദനങ്ങൾ കേട്ട് കരളലിഞ്ഞ ഭക്തജനങ്ങൾ, അവൎക്കെന്തെങ്കിലും കൊടുക്കുവാൻ മറന്നുപോകാറില്ല.

പ്രശാന്ത രമണീയങ്ങളും, മനോമോഹനങ്ങളുമായ പ്രകൃതിദൃശ്യങ്ങൾകൊണ്ടു് ഭംഗിയായി അലങ്കരിച്ച പ്രദേശമാണു് പേരൂർത്തോടും പരിസരവുമെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ലവലേശമില്ല.

പച്ചിലക്കാടുകളും, പച്ചപ്പുൽ പരവതാനികളും പാറക്കെട്ടുകളും നിറഞ്ഞ ഈ പ്രകൃതിദൃശ്യങ്ങൾ മനുഷ്യമനസ്സുകളുടെ അഗാധപ്രദേശങ്ങളിൽ ആനന്ദത്തിന്റെ അലതല്ലലുണ്ടാക്കുന്നു.

എങ്ങും പടൎന്നു പന്തലിച്ച മരങ്ങൾ, പാട്ടുപാടുന്ന പറവകൾ, നിറയെ പൂത്തും കായ്ചും നില്ക്കുന്ന വല്ലീനികുഞ്ജങ്ങൾ തുടങ്ങിയവ കണ്ടാൽ ആനന്ദലബ്ധിക്കിനിയെന്തുവേണം?

ഭൂതഗണങ്ങളെ തൃപ്തിപ്പെടുത്തുന്നതിന്നുള്ള തർപ്പണകൎമ്മങ്ങൾ ആചരിച്ച് ശരണം വിളികളോടുകൂടി ഇവിടെ നിന്നും യാത്ര പുറപ്പെടുന്ന അയ്യപ്പന്മാർ ചെന്നെത്തുന്നതു് ശിവൻ കാളയെ കെട്ടിയ 'കാളകെട്ടി' എന്ന സ്ഥലത്താണു്.

# 40

## കാളകെട്ടി

കാളകെട്ടിയെക്കുറിച്ചും ചില ഐതിഹ്യങ്ങൾ പഴമക്കാർക്കു് പറയാനുണ്ടു്.

മഹിഷി എന്ന രാക്ഷസിയെ ഭൂതനായകനായ ധർമ്മശാസ്താവു് നിഗ്രഹിച്ച കഥ പ്രസിദ്ധമാണല്ലോ? ഈ വിവരങ്ങൾ തന്റെ ജ്ഞാനക്കണ്ണുകൊണ്ടു് കണ്ടറിഞ്ഞ ഭഗവാൻ നീലകണ്ഠൻ തന്റെ വാഹനമായ നന്ദിയുടെ പുറത്തു കയറി മകനെ സന്ദർശിക്കാനായി പുറപ്പെട്ടു.

ഈ സ്ഥലത്തെത്തിച്ചേന്ന ശിവൻ തന്റെ വാഹനത്തെ ഒരു അയിനിമരത്തിന്മേൽ കെട്ടിയിട്ടു് മകനെക്കണ്ടു് അനുഗ്രഹിച്ചു.

ശിവന്റെ കാളയെ കെട്ടിയിട്ട സ്ഥലമായതുകൊണ്ടത്രേ കാളകെട്ടി എന്ന പേർ ഉണ്ടായതു്.

പേരൂർത്തോട്ടിൽനിന്നും കാളകെട്ടിയിലെത്താൻ ഉദ്ദേശം എട്ടു നാഴികയോളം വരും.

ഇവിടെ ചെയ്തുവരുന്ന വഴിവാടുകൾ നാളികേരമുടയ്ക്കുക, വെടിവെപ്പിയ്ക്കുക, കർപ്പൂരം കത്തിക്കുക തുടങ്ങിയവയാണു്.

# 41

# അഴുതാനദിയുടെ തീരത്ത്

പമ്പാനദിയുമായി സമ്പക്കം പുലത്തുന്ന അഴുതാനദി പമ്പയെപ്പോലെത്തന്നെ പ്രസിദ്ധിയാർജ്ജിച്ച നദിയാണു്.

അഴുതയുടെ തീരത്തുവെച്ചു് അയ്യപ്പസ്വാമി മഹിഷിയെ നിഗ്രഹിച്ചു എന്നാണു് കഥ. ആ നദീതീരത്തു് ഭക്തജനങ്ങൾ താവളമടിക്കാറുണ്ടു്. അഴുതയിൽ സ്നാനം ചെയ്യുന്നതു് പുണ്യകരമാകയാൽ ഈ നദി ദക്ഷിണേന്ത്യയിലെ പുണ്യതീത്ഥമെന്ന പ്രസിദ്ധി കൂടി സമാജ്ജിച്ചിട്ടുണ്ടു്.

ഇവിടെ പ്രധാനമായ ചടങ്ങ് ആഴിപൂജയാകുന്നു. അഴുതാതീരത്തു് ആഴി തയ്യാറാക്കി അയ്യപ്പന്മാർ ശരണം വിളിക്കും.

ആഴിപൂജ അതിപ്രധാനമായ ഒരു ചടങ്ങാണു്. ആഴിപൂജ കഴിഞ്ഞ അയ്യപ്പന്മാർ അഴുതാ തീരത്തു തന്നെ അന്നു കഴിച്ചുകൂട്ടും.

ശരണം വിളികളുടെ മാറെറാലികൾ അഴുതയെ പുളകം കൊള്ളിക്കും.

# 42

## സ്നാനം

അഴുതാനദീ തീരത്തിൽ ഭക്തജനങ്ങൾ ചെയ്യേണ്ട ഒരു പ്രധാനമായ കർമ്മമുണ്ടു്. അഴുതയിൽ കുളിക്കുന്ന അവസരത്തിൽ ആദ്യം മുങ്ങുമ്പോൾ ഒരു കല്ലെടുത്തു് മണ്ടിന്റെ തലയ്ക്കൽ കെട്ടണം. ഈ കല്ലു് കളയാതെ സൂക്ഷിക്കുകയും വേണം. ഏതെങ്കിലും വിധത്തിലുള്ള അശ്രദ്ധകൊണ്ടു് ഈ കല്ലു് കൈമോശം വന്നുപോയാൽ ഗുരുസ്വാമിയുടെ കാലു പിടിച്ചു് ക്ഷമാപണം ചെയ്യുകയും, പ്രായശ്ചിത്തമായി അദ്ദേഹം നിശ്ചയിക്കുന്നതു് അനുസരിച്ചുകൊള്ളുകയും വേണം.

കന്നിക്കാരായ അയ്യപ്പന്മാർക്കു് ഇക്കാര്യത്തിൽ വീഴ്ചകൾ വരാതിരിക്കുന്നതിന്നുവേണ്ടി പഴമസ്വാമിമാർ ഇത്തരം കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കുകയും ചെയ്യാറുണ്ടു്.

ഇക്കാര്യങ്ങളിൽ ഗുരുസ്വാമിയുടെ പ്രധാനമായ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ചുകൊള്ളേണ്ടതാകുന്നു. വിധിപ്രകാരം മലയ്ക്കുപോകാൻ ആഗ്രഹിക്കുന്നവർ അനുഷ്ഠിക്കേണ്ടതാകയാലാണ് ഇക്കാര്യങ്ങൾക്ക് പ്രാധാന്യം നൽകി ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു്.

# 43

# അഴുതാമേട് (കല്ലിടം കുന്ന്)

'അഴുതാമേടേ ശരണമെൻെറയ്യപ്പാ...' എന്ന ശരണം വിളിയോടുകൂടി ശബരിമല യാത്രക്കാർ പിന്നീട് പ്രവേശിക്കുന്നതു് അഴുതാമേട് എന്ന സ്ഥലത്തേക്കാകുന്നു.

രണ്ടു നാഴികയിലധികം ഉയരമുള്ള ഒരു മലയാണു് അഴുതാമേട്. നടക്കുമ്പോഠം കാൽമുട്ടുകഠം താടിയിൽ തൊടുന്ന അത്ര ഉയരമേറിയതാണു് ഈ കുന്നു് എന്നു പറയുമ്പോഠം അഴുതാമേട്ട് കയറാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കാൻ കഴിയുമല്ലോ?

സ്വാമിയുടെ പ്രത്യേകാനുഗ്രഹങ്ങഠംക്കും ഗുരുസ്വാമിയുടെ അനുഗ്രഹങ്ങഠംക്കും പാത്രീഭൂതനായവനു് മാത്രമേ യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാതെ ഈ കുന്നു കയറാൻ കഴിയൂ.

അതിശക്തന്മാരായ യാത്രക്കാക്കുപോലും ഈ കുന്നു കയറാൻ ബുദ്ധിമുട്ടു നേരിടാറുണ്ടു്.

ഭയഭക്തി ബഹുമാനങ്ങളോടുകൂടി സ്വാമി നാമങ്ങൾ ഉരുവിട്ടുകൊണ്ടു് ഈ കുന്നു കയറിപ്പോകുമ്പോൾ അതിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചു് ഭക്തജനങ്ങൾക്കു് വിഷമം തോന്നാറില്ല.

കാരണം സ്വാമിയുടെ അനുഗ്രഹംതന്നെ എന്നല്ലാതെ എന്തു പറയട്ടെ. ഈവക പ്രയാസമേറിയ മാർഗ്ഗങ്ങളെ മുന്നിൽക്കണ്ടുകൊണ്ടാണു്, വ്രതാചരണങ്ങളിലും മററും യാതൊരു വീഴ്ചകളും വരുത്തരുതെന്നു് പ്രതിപാദിച്ചിരിക്കുന്നതു്. കുന്നുകൾ കയറുന്ന അവസരത്തിൽ തപ്പിത്തടഞ്ഞു് വീഴാതിരിക്കാൻ സ്വാമിയുടെ ശരണഗാനങ്ങൾ ഏററവും ഭക്തിയോടെ യാത്രക്കാർ ഉരുവിട്ടുകൊണ്ടിരിക്കും.

അത്ഭുത പരാക്രമശാലിയായ ഏതൊരു യാത്രക്കാരനും അഴുതാമേടു് കയറുന്നതു് നിസ്സാരമാക്കി തള്ളിക്കളയാൻ കഴിഞ്ഞെന്നു വരില്ല.

മേൽ പ്രസ്താവിച്ച വിധത്തിൽ ഏററവും ദുർഘടകരമെങ്കിലും കൊച്ചു കൊച്ചു ബാലന്മാരും, വൃദ്ധന്മാരും ഈ മല നിഷ്പ്രയാസം കയറുന്നതു് കാണുക അത്ഭുതകരം തന്നെയാണു്.

മല കയറി കല്ലിടുംകുന്നിലെത്തിയാൽ മുൻപു് അഴുതാസ്നാനാവസരത്തിൽ മുണ്ടിന്റെ തലയ്ക്കൽ കെട്ടിയിരുന്ന കല്ലു് അഴിച്ചെടുത്തു് കല്ലിടുംകുന്നിലിട്ടു് തൊഴുതു് സ്വാമിയുടെ ശരണം വിളികളോടുകൂടി ഭക്തന്മാർ തങ്ങളുടെ ശബരിമല യാത്ര വീണ്ടും തുടരുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# 44
# കോട്ടയിൽ ശാസ്താവ്

അഴുതാമേട്ടുകയറി കല്ലിടുംകുന്നം കടന്നു് യാത്ര തുടരുന്ന ഭക്തജനങ്ങളുടെ പ്രവാഹം പിന്നീട് ചെന്നെത്തുന്നതു് ഇഞ്ചിപ്പാറക്കോട്ടയിലെ ശാസ്താവിന്റെ സന്നിധാനത്തിലാണു്.

മേൽപറഞ്ഞ അഴുതാമേടു് അവസാനിക്കുന്നതു് ഇഞ്ചിപ്പാറക്കോട്ടയിലാകുന്നു. ഇഞ്ചിപ്പാറക്കോട്ടയിൽ ശാസ്താവിന്നു് പ്രധാനമായ വഴിപാടുകൾ നാളികേരമെറിയൽ, സർപ്പപ്പാട്ടു്, വെടി വഴിപാടു് എന്നിവയാണു്.

ശബരിമലയാത്രക്കാരായ ഭക്തജനങ്ങൾ തങ്ങളാലാവുംവിധം കഴിവനുസരിച്ചുള്ള വഴിപാടുകൾ ഇവിടെ ചെയ്യുന്നു.

തലമുറകളായുള്ള സർപ്പദുരിതദോഷങ്ങൾക്കും ഈ വഴിപാടു് പരിഹാരം നൽകുമത്രേ. കോട്ടയിൽ ശാസ്താവിന്റെ

സന്നിധാനത്തിൽ യാത്രക്കാർ ചെയ്യുന്ന വഴിപാടുകൾക്ക് കയ്യുംകണക്കുമില്ല.

ശബരിമല യാത്രക്കിടയിലെ അതിപ്രധാനമായ ഒരു താവളമാകുന്നു ഇതു്.

ഇഞ്ചിപ്പാറകോട്ടയെക്കുറിച്ചും കോട്ടയിൽ ശാസ്താവിനെക്കുറിച്ചും ഭക്തജനങ്ങൾക്കിടയിൽ പല കഥകളും പ്രചരിച്ചുവരുന്നുണ്ടു്. അവർണ്ണനീയങ്ങളായ മഹാത്മ്യങ്ങളോട്കൂടിയതത്രേ ഇഞ്ചിപ്പാറകോട്ട.

പുലിപ്പാലു കൊണ്ടുവരുന്നതിന്നു്വേണ്ടി വനത്തിലേക്കുപോയ അയ്യപ്പസ്വാമി ഇഞ്ചിപ്പാറകോട്ടയെ തന്റെ താവളമാക്കിത്തീർത്തു. അതാണു് ഭക്തജനങ്ങൾക്കിടയിൽ ഈ താവളത്തെക്കുറിച്ചുള്ള മാഹാത്മ്യം പ്രചരിക്കാൻ കാരണമെന്നു് പഴമക്കാരായ യാത്രക്കാർ പറഞ്ഞുകേൾക്കുന്നു.

കോട്ടയിൽ ശാസ്താവിനെ പ്രതിഷ്ഠിച്ച സ്ഥലമായതുകൊണ്ടു് യാത്രക്കാരുടെ തിക്കും തിരക്കും ഇവിടെ വളരെയധികമാണ്. സ്വാമിയുടെ സന്നിധാനത്തിലേക്കു്കുതിക്കുന്ന ജനങ്ങളുടെ ആത്മസംതൃപ്തിക്കും പ്രചോദനത്തിനും ഇഞ്ചിപ്പാറക്കോട്ടയിലെ ശാസ്താവ് കളമൊരുക്കുന്നു.

അയ്യപ്പസ്വാമിയുടെ നിത്യസമ്പർക്കംകൊണ്ടു് പരിപൂതമാണു് ആ പ്രദേശം.

ചരിത്രപ്രാധാന്യംകൂടി ഉൾക്കൊള്ളുന്ന ആ സ്ഥലത്തിന്റെ മാഹാത്മ്യത്തെ എത്രമാത്രം വിവരിച്ചാലാണ് അയ്യപ്പസ്വാമി ഭക്തന്മാർക്ക് മതിവരിക?

ooooooooooooooooooo

# 45

# കരിമലത്തോടേ ശരണമെൻറയ്യപ്പാ!

ഇവിടെനിന്നും യാത്ര പുറപ്പെടുന്ന ജനങ്ങൾ സുപ്രസിദ്ധമായ കരിമലയുടെ അടിവാരത്തിൽ കരിമലത്തോട് എന്ന താവളത്തിലാണ് ചെന്നെത്തുന്നതു്.

പല തോടുകളും പിന്നിട്ടുകൊണ്ടാണ് പ്രസിദ്ധമായ കരിമലത്തോട്ടിലെത്തുന്നതു്. ഇവിടെ പ്രധാനമായ വിശ്രമവും, കരിമലത്തോട്ടിൽ സ്നാനം ചെയ്തു് ക്ഷീണം തീർക്കയും ഭക്തന്മാർക്കു് പ്രത്യേകമാണ്.

ഈ സ്ഥലത്തു് വിശ്രമത്തിനാവശ്യമായ ധാരാളം സൌകര്യങ്ങളുള്ളതിനാൽ ഇവിടുത്തെ വിശ്രമം സുഖകരമത്രേ.

മററു സ്ഥലങ്ങളെ അപേക്ഷിച്ചു് ഇവിടെ സൌകര്യങ്ങൾ നിരവധിയാണ്.

സ്വാമിയുടെ നാമജപങ്ങളാലും സ്തോത്രങ്ങളാലും മുഖരിതമായ ഈ സ്ഥലത്തെ വിശ്രമവേള ആനന്ദപ്രദായകമാണെന്നു പറയാം.

കരിമലത്തോടിനു മറെറാരു പേരുംകൂടി പറഞ്ഞുവരാറുള്ളതു് കരിയിലത്തോടു് എന്നാണു്.

# 46

# കരിമല കയററം

മുൻപ് പ്രസ്താവിച്ച അഴുതാമേടിനേക്കാളും വലിയതാണ് കരിമല. എന്നാൽ കരിമല കയറുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എല്ലാം നാം മറന്നുപോകുന്നതു് സ്വാമിയോടുള്ള അത്യഗാധമായ ഭക്തിനിമിത്തമാകുന്നു.

ഭയാനകമായ അന്തരീക്ഷമാണ് കരിമലയിലേതു്. കൊടുംകാടാണ് കരിമല. അതിഭയങ്കരങ്ങളായ പാറക്കെട്ടുകളും, ചെങ്കുത്തായ വഴികളും കരിമലയെ കൂടുതൽ ഭയാനകമാക്കിത്തീർക്കുന്നു. ആന, പുലി, കരടി, കടുവാ, ചെന്നായ, കാട്ടുപോത്തു്, എന്നീ ഹിംസ്രജന്തുക്കൾ നിറഞ്ഞ കരിമലയിലൂടെ കടന്നുപോകുന്ന ഓരോ നിമിഷവും ആയുസ്സിന്റെ നിമിഷങ്ങളെ എണ്ണിക്കൊണ്ടിരിക്കാവുന്നത്ര ഭീതി സംവർദ്ധകമാണ്.

മലമുകളിൽ എത്തുക വളരെ പ്രയാസമേറിയ കാര്യമാണ്. വഴിവാണിഭക്കാരും, താവളമുറപ്പിച്ചവരുമായ ജനങ്ങൾ ഈ സ്ഥലത്ത് ധാരാളം വന്നെത്തിച്ചേരാറുണ്ട്.

ഇവിടത്തെ അത്യത്ഭുതകരമായ ഒരു തീർത്ഥക്കുളവും ഒരു തീർത്ഥകിണറും സ്ഥിതിചെയ്യുന്നുണ്ട്. വെള്ളമില്ലെന്നു തോന്നുമെങ്കിലും അവിടെച്ചെന്ന് സ്വാമിയെ മനസ്സിൽ നിരൂപിച്ച് ശരണം വിളിക്കുകയും, മുൻപ് കെട്ടുനിറയ്ക്കുന്ന സന്ദർഭത്തിൽ സൂക്ഷിച്ച മലർപ്പൊടി തൂവുകയും ചെയ്താൽ കുറേശ്ശെ വെള്ളം വരും. ഈ തീർത്ഥം സേവിക്കുന്നതിന്നു് വേണ്ടി ജനങ്ങൾ ഭക്തി ശ്രദ്ധാപുരസ്സരം കാത്തു നിൽക്കാറുണ്ട്.

ഈ കിണറിൻേറയും, തടാകത്തിൻേറയും ഉൽപത്തിയെക്കുറിച്ച് പഴമക്കാർക്കിടയിൽ പല കഥകളും പ്രചരിച്ചിട്ടുണ്ട്.

അവയിലൊന്ന് അയ്യപ്പസ്വാമിയുടെ വനവാസ കാലത്ത് സ്വാമി ഇവിടെ എത്തിയെന്നും, കയ്യിലുള്ള തൻെറ ചാപ ബാണങ്ങൾ ഇവിടെ കുത്തിനിറുത്തിയെന്നും ആ സ്ഥലത്താണ് ഇന്ന് കിണറും കുളവും സ്ഥിതിചെയ്യുന്നതെന്നുമാണ്.

അശരണന്മാരും, അഗതികളുമായ പാവപ്പെട്ട ജനങ്ങൾക്ക് ധർമ്മം കൊടുക്കുകയും, വെടി വെപ്പിക്കുകയും, നാളികേരം ഉടയ്ക്കുകയും ചെയ്യുന്ന പതിവ് ഇവിടെയുമുണ്ട്.

കൊച്ചുകറുപ്പസ്വാമിയും സാക്ഷാൽ ഭഗവതിയുമാണ് ഇവിടത്തെ പ്രതിഷ്ഠ.

കരിമല കയറുന്നതിനേക്കാൾ ബുദ്ധിമുട്ട്, കരിമല യിറങ്ങുന്നതാണ്. ചെങ്കുത്തായി കിടക്കുന്ന വളഞ്ഞു പുളഞ്ഞ ഒററയടിപ്പാതയിലൂടെ യാത്ര ചെയ്യുന്നത് ആപൽക്കരമെങ്കിലും, ശരിയായ വ്രതാനുഷ്ഠാനങ്ങൾ ചെയ്ത് സ്വാമി പാദങ്ങളിൽ മനസ്സർപ്പിച്ച് സ്വാമിയെ വിശ്വസിച്ച് പോകുന്ന യാത്രക്കാൎക്ക് യാതൊരു അത്യാഹിതങ്ങളും സംഭവിക്കുകയില്ല.

ശബരിമല യാത്ര ഒരു പരീക്ഷണമെന്ന നിലയിൽ ഉപയോഗിക്കുന്ന യുവാക്കന്മാരായ യാത്രക്കാരെ, കരിമല നിങ്ങളെ വെറുതെ വിടുകയില്ല. ആപൽക്കരങ്ങളായ വനാന്തരാളങ്ങളിലൂടെ യാത്ര ചെയ്യുമ്പോഴും സ്വാമിയുടെ ശരണം വിളി അനേകായിരം കണ്ഠനാളങ്ങളിൽനിന്ന് നിരന്തരം ഉയരുമ്പോഴും, സ്വാമി പാദങ്ങളെക്കുറിച്ചുള്ള സ്മരണയൊഴിച്ച് മറെറല്ലാം മറന്നുപോകും.

# 47

# പമ്പയുടെ മാഹാത്മ്യം

പമ്പാനദിയുടെ മാഹാത്മ്യത്തെക്കുറിച്ച് വളരെയൊന്നും പറയാതെതന്നെ ഭക്തജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

പമ്പയെപ്പോലെ പാവനവും പരിശുദ്ധവുമായ നദി ദക്ഷിണേന്ത്യയിൽ ഒരിടത്തുമില്ല. അയ്യപ്പസ്വാമിയുടെ ജനനം കൊണ്ടുതന്നെയാണ് പമ്പ ചരിത്രപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതെന്ന പരമാർത്ഥം മറച്ചുപിടിക്കാവുന്നതല്ല.

പമ്പാതീർത്ഥം ലോകപ്രസിദ്ധമാണല്ലോ? പമ്പാസ്നാനത്തേപ്പോലെ പുണ്യകരമായി ലോകത്തിൽ മററു യാതൊന്നുംതന്നെയില്ല. പമ്പാതീരത്തിൽ പിറന്ന ഉണ്ണിയാണല്ലോ മണികണ്ഠൻ.

പന്തള ഭൂപതിയായ രാജശേഖരന്ന് മണികണ്ഠനെ കണ്ടുകിട്ടുന്നതും പമ്പാതീരത്തിൽ വെച്ചാണ്.

വളരെയധികം ശക്തിയോടെ കുതിച്ചുപാഞ്ഞൊഴുകുന്ന പമ്പ സവ്വ പാപങ്ങളേയും നശിപ്പിക്കുന്നു.

# 48

# ദീപാവലിയാഘോഷം (പമ്പവിളക്ക്)

ധനുമാസം 27-ാംനു- മുതൽ പമ്പയിൽ ആരംഭി ക്കുന്ന ദീപാവലിയാഘോഷം പ്രസിദ്ധിയാൎജ്ജിച്ചതാണു്. ഈററക്കമ്പുകൾ മുറിച്ച് അതുകൊണ്ടു് ഭംഗിയായി കലാ പരമായി ഉണ്ടാക്കുന്ന തേരുകളിലും, ഗൃഹങ്ങളിലും ഭംഗി യായി ദീപാലങ്കാരാദികൾ ചെയ്തു് പമ്പാനദിയിൽ ഒഴുക്കും.

എണ്ണിയാൽ അവസാനിക്കാത്ത ദീപങ്ങളും ദീപഗൃ ഹങ്ങളും പമ്പാനദിയിൽ ഓളത്തിനൊപ്പം തുള്ളിക്കളിക്കു ന്നതു കാണാൻ കൌതുകമുണ്ടു്.

ഈ ദീപകാഴ്ചകൾ അതിമനോഹരങ്ങളായിത്തീരു ന്നതു് ധനു 29-ാംനു- യോടുകൂടിയാണു്.

അതിഗംഭീരങ്ങളായ വാദ്യഘോഷങ്ങളും, സ്വാമി ഭക്തി ഓളം തുളുമ്പുന്ന ഭക്തി ഗാനങ്ങളും ആ അന്തരീക്ഷത്തെ മുഖരിതമാക്കിത്തീർക്കാറുണ്ട്.

പമ്പവിളക്ക് കാണാൻ കഴിയാത്ത യാത്രക്കാരന്റെ ശബരിമല യാത്ര തീർച്ചയായും, നിഷ്പ്രയോജനമാണ്. പമ്പയിലെ ദീപാഘോഷം അത്രയും പ്രസിദ്ധിയാർജ്ജിച്ചതുമാണ്.

# 49
# ഗതി കിട്ടാത്ത പ്രേതങ്ങൾ

'അബ്ദദീക്ഷാദിലോപേന-
പ്രേതായാതാ പിശാചതാം...'

എന്നാണ് ജ്യോതിശ്ശാസ്ത്രം പറയുന്നത്. അതായത് വത്സരദീക്ഷ തുടങ്ങിയ കർമ്മങ്ങൾ ചെയ്യാത്തതുകൊണ്ട് പ്രേതങ്ങൾ പിശാചുക്കളായിത്തീരും. അവ ഗതി കിട്ടാതെ അലഞ്ഞുതിരിഞ്ഞു നടക്കും. കുടുംബശാപകരങ്ങളായ ഈ ദോഷങ്ങൾക്ക് പ്രായശ്ചിത്തമായാണ് പമ്പാനദിയിൽ പിതൃതർപ്പണാദി കർമ്മങ്ങൾ ചെയ്തുവരാറുള്ളത്.

'മരിച്ചുപോയവരുടെ ആത്മാവിന്നോ' ഗതി എന്നു നിരീശ്വരവാദികൾ ചോദിയ്ക്കുമായിരിക്കാം. മരിച്ചുപോയ കാരണവന്മാരുടെ ആത്മവിന്ന് ഗതി കിട്ടുന്നതിന്നുവേണ്ടിത്തന്നെയാണ് ശ്രാദ്ധാദി കർമ്മങ്ങളും പിണ്ഡംവെയ്ക്കലും മററും ചെയ്തുവരുന്നത്.

പിതൃകർമ്മങ്ങളിൽ മുടക്കം വരുത്തുന്നവൻ മഹാപാപിതന്നെയാണെന്നാണ് ഹിന്ദുമത ശാസ്ത്ര ഗ്രന്ഥങ്ങൾ വിധിയ്ക്കുന്നതു്.

ലക്ഷക്കണക്കിന് ജനങ്ങൾ എത്തിച്ചേരുകയും, അവരെല്ലാവരും പിതൃതർപ്പണാദികൾ അനുഷ്ഠിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഈ നിരീശ്വരവാദികൾ അത്ഭുതപ്പെട്ടുപോകാതിരിക്കയില്ല.

പമ്പയിലെ ഏറ്റവും പ്രധാനമായ കർമ്മം പിതൃതർപ്പണമാണെന്നുതന്നെ പറഞ്ഞാൽ അതിൽ അശേഷവും അതിശയോക്തിയില്ല.

അയ്യപ്പസ്വാമിയുടെ സന്നിധാനത്തിൽ പരിപാവനമായ ഈ കർമ്മം ആചരിക്കുവാൻ ഇടവരുന്ന മനുഷ്യൻ പരമ ഭാഗ്യവാൻതന്നെ്.

പമ്പയിൽ തടിച്ചുകൂടുന്ന ജനങ്ങളുടേയും ലക്ഷ്യം ഇതുതന്നെയാകുന്നു. ഭക്തി ശ്രദ്ധാപുരസ്സരം പമ്പാതീരത്തു വെച്ച് ഭക്തന്മാർ ഉരുവിടുന്ന ഗാനനിർഝരിയിലും, ശരണ ലഹരിയിലും മതിമറന്നു് കൊണ്ടു് തന്റെ കുടുംബത്തിനും, ഭാവിതലമുറയുടെ അഭിവൃദ്ധിയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്ന ജനങ്ങളെക്കാണുന്നതുതന്നെ പുണ്യമാണെന്നാണ് പഴമക്കാരുടെ അഭിപ്രായം.

# 50

# പമ്പസ്സദ്യ

പമ്പസ്സദ്യയെക്കുറിച്ച് വിവരിക്കാതെ പമ്പയിൽ നിന്നും മുന്നോട്ടു പോകുന്നതു് തെററായിരിക്കും. അത്ര മാത്രം പ്രാധാന്യമേറിയതാണു് പമ്പസ്സദ്യ.

ശബരിമല യാത്ര കഴിഞ്ഞ് തിരിച്ചെത്തിയാലും പമ്പയെക്കുറിച്ചുള്ള ഓർമ്മയും പമ്പസ്സദ്യയും മനസ്സിൽ നിറഞ്ഞുനില്ക്കും. പ്രകൃതിരാമണീയകമിണങ്ങിച്ചേർന്ന സ്ഥലമാണു് പമ്പ.

എരുമേലിയിൽനിന്നും വാങ്ങി സൂക്ഷിക്കുന്ന പച്ചക്കറികളാണു് പമ്പസ്സദ്യക്കു് പ്രധാനമായി ഉപയോഗിക്കുന്നതു്.

എല്ലാവിധത്തിലുമുള്ള ഒരുക്കങ്ങളും സദ്യക്കുവേണ്ടി തയ്യാറാക്കാൻ അയ്യപ്പസ്വാമി ഭക്തന്മാർക്കു് മടിയില്ല.

വലിയ വലിയ പപ്പടങ്ങൾ തങ്ങൾ താമസിക്കുന്ന പർണ്ണശാലകളുടെ മുൻപിൽ ഈററക്കമ്പുകളിൽ കുത്തിനി

രുത്തി പ്രദർശിപ്പിയ്ക്കുന്നതു കാണുമ്പോൾ തന്നെ വായിൽ വെള്ളമൂറും.

എല്ലാ പദാർത്ഥങ്ങളും വിളമ്പിവെച്ച് വിളക്കു കൊളുത്തി നിറവെച്ച് പൂജ കഴിച്ച് എല്ലാവരുമൊപ്പം ശരണം വിളിച്ചു കഴിഞ്ഞതിന്നുശേഷമാണ് സദ്യ ആരംഭിക്കുന്നതു്. സ്വാമികളുടെ അനുവാദത്തോടുകൂടി മാത്രമേ ഭക്ഷണം കഴിക്കുകയുള്ളു.

പമ്പസ്സദ്യയിൽ ചെന്നു് ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കുന്നതിന്നു് എല്ലാ പിച്ചക്കാരും അവിടെ സമ്മേളിച്ചിരിക്കും.

തങ്ങൾക്കാവശ്യമുള്ളതു് ഭക്ഷിച്ചുകഴിഞ്ഞ് ബാക്കിയുള്ളതു് മററുള്ളവക്കു വീതിച്ചുകൊടുക്കുകയും, ഭിക്ഷാംദേഹികളെ തൃപ്തിപ്പെടുത്തുകയും ചെയ്തുകൊള്ളേണ്ടതാണ്.

ലോകത്തിൽവെച്ച് ഏററവും വലിയ ദാനം അന്നദാനമാണല്ലോ? അന്നദാനം ശരിക്കും നിർവ്വഹിക്കുകയും, പമ്പസ്സദ്യയിൽ പങ്കെടുക്കുകയും ചെയ്യണം.

സദ്യ ഇന്ന തരത്തിൽ കഴിച്ചുകൊള്ളണമെന്ന നിർബ്ബന്ധമൊന്നുമില്ല. അവരവരുടെ കഴിവിന്നനുസരിച്ച് അതു നിർവ്വഹിക്കുന്നതിൽ അയ്യപ്പസ്വാമിക്കു അതൃപ്തിയൊന്നും ഉണ്ടാകുന്നില്ല.

അയ്യപ്പസ്വാമിയുടെ അനുഗ്രഹാശിസ്സുകൾക്കു വിധേയരാകുവാൻ ഒരുങ്ങിപ്പുറപ്പെടുന്ന കന്നി അയ്യപ്പന്മാർ എല്ലാ കാര്യങ്ങളിലും വളരെ ശ്രദ്ധിക്കേണ്ടതാകുന്നു.

# 51
# യഥാശക്തി മഹാഫലം

യഥാശക്തി മഹാഫലം എന്നാണല്ലോ ആപ്തവചനം. മുകളിൽ വിവരിച്ച ചടങ്ങുകൾക്കുശേഷം എല്ലാവരും കുറെനേരം വിശ്രമമെടുക്കുന്നു.

അതിന്നുശേഷമുള്ള ചടങ്ങ് ഗുരുനാഥന്ന് ദക്ഷിണ കൊടുക്കലാകുന്നു. ഗുരുസ്വാമികളെ തൃപ്തിപ്പെടുത്തുന്നതിന്ന് തങ്ങളുടെ കഴിവനുസരിച്ചുള്ള ദക്ഷിണകൾ ഗുരുസ്വാമിക്കു കൊടുക്കാം.

അങ്ങിനെ ഗുരുസ്വാമിയെ തൃപ്തിപ്പെടുത്തിക്കൊൾക. ദൈവഭക്തി, വിശ്വാസം, കൃത്യനിഷ്ഠ, മുതലായ കാര്യങ്ങൾ നമുക്ക് അവരവരുടെ കഴിവനുസരിച്ച് ഉപദേശിച്ചു തരുന്ന ഗുരുക്കന്മാൎക്ക് തങ്ങളുടെ സൎവ്വസ്വവും നൽകാൻ അയ്യപ്പഭക്തന്മാർ എപ്പോഴും തയ്യാറാവണം.

മോക്ഷത്തിന്റെ കവാടങ്ങൾ നമുക്കു മുൻപിൽ തുറന്നു കാട്ടിത്തരാൻ പരമാവധി കഴിവുകളുപദേശിക്കുന്ന ഗുരുക്കന്മാൎക്ക് നമസ്കാരം.

## 52

# നീലിമലയും അപ്പാച്ചിക്കുന്നും

നീലി എന്ന ദേവതയുടെ ആവാസസ്ഥാനമാകയാലാണു് ഈ മലക്കു് നീലിമല എന്ന പേരുണ്ടായതു്. ഏററവും ദുർഘടകരമായ മാർഗ്ഗങ്ങളാണു് നീലിമലയുടേതു്. കന്നിക്കാരായ അയ്യപ്പന്മാർക്കു് നീലിമല കയറാൻ വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ടു്.

ഗുരുദക്ഷിണാ കർമ്മം കഴിഞ്ഞ് ഭക്തജനങ്ങളുടെ പ്രവാഹം ചെന്നു ചേരുന്നതു് നീലിമലയിലാണു്. ഇടക്കിടെ അല്പനേരം വിശ്രമിച്ചുകൊണ്ടുമാത്രമേ നീലിമല കയറുവാൻ കഴിയൂ.

നീലിമലയുടെ പാതകൾ പിന്നിട്ടു് ചെന്നെത്തുന്നതു് അപ്പാച്ചിക്കുന്നിലാണു്. കുന്നിന്റെ മദ്ധ്യഭാഗത്തുകൂടിയുള്ള പാതയിൽ കൂടിയാണു് ഈ യാത്ര.

കുന്നിന്റെ രണ്ടു വശവും കാണുന്നതിൽ ഒന്നു് അപ്പാച്ചിക്കുഴിയും, ഒന്നു് ഇപ്പാച്ചിക്കുഴിയുമാകുന്നു.

മുൻപു് കെട്ടുനിറയ്ക്കുന്ന അവസരത്തിൽ കരുതിയിരുന്ന മലരുണ്ട അരിയുണ്ട എന്നിവ രണ്ടു ഭാഗങ്ങളിലുമുള്ള ദേവതകൾക്കു് ഭക്തജനങ്ങൾ വഴിപാടായി എറിഞ്ഞു കൊടുക്കുന്നു.

# 53

# ശബരീപ്പീഠവും ശരംകുത്തി ആലും

ശബരി തപസ്സു ചെയ്ത സ്ഥലത്താണു് നാം പിന്നീടെത്തിച്ചേരുന്നതു്. ഭക്തശബരിയുടെ പീഠം കാണാനും അതു വന്ദിക്കാനും അവസരം കിട്ടുന്നതു് പുണ്യകരമാണു്.

ഒരു പരന്ന പാറക്കല്ലിലാണു് ശബരി തപസ്സു ചെയ്തിരുന്നതു്. ശബരി തപസ്സു ചെയ്തിരുന്ന പീഠം നേരിട്ടു കാണുവാനും വന്ദിക്കുവാനും നമുക്കു ലഭിക്കുന്ന അവസരം ഒരിക്കലും പാഴാക്കിക്കളയരുതു്.

ശബരീപ്പീഠം വന്ദിച്ചതിന്നുശേഷം യാത്ര ചെയ്യുന്ന ജനങ്ങൾക്കു് അക്ഷിലക്ഷീഭവിക്കുന്നതു് ശരംകുത്തിയാലാണു്.

വനവാസത്തിനിറങ്ങിപ്പുറപ്പെടുന്നതിന്നുമുൻപായി അയ്യപ്പസ്വാമി ഒരു ശരമയക്കുകയും ആ ശരം ഈ ആലിൽ ചെന്നു തറക്കുകയും ചെയ്തതായാണു് ഐതിഹ്യം.

ശരം കുത്തിയാലിൽ വന്ദിച്ചശേഷം നാം അയ്യപ്പ സ്വാമിയുടെ ക്ഷേത്രസന്നിധാനത്തിലെത്തിച്ചേരുന്നു. എല്ലാവിധ മാറ്റക്ലേശങ്ങളും തരണം ചെയ്തു് പതിനെട്ടാം പടിയുടെ സമീപമെത്തിയാൽ—കന്നി അയ്യപ്പന്മാർ ആദ്യത്തെ പടിയിൽ നെയ്ത്തേങ്ങ ഉടക്കുന്നു.

അനന്തരം പടി പതിനെട്ടും കയറി സ്വാമിപാദങ്ങളിൽ വന്നെത്തിയിരിക്കുന്നതിന്റെ ആന്തരമായ ആവശ്യം നിർവ്വഹിച്ചുതരേണമേ എന്ന പ്രാർത്ഥനയോടുകൂടി വഴിവാടുകളും പ്രാർത്ഥനകളും ചെയ്തുകൊള്ളേണ്ടതാണ്.

അഖിലാണ്ഡകോടി ബ്രഹ്മാണ്ഡ നായകനായ സ്വാമിയുടെ പാദങ്ങളിൽതന്നെ എല്ലാം നമുക്കു സമർപ്പിക്കുക. ക്ഷേത്രത്തിൽനിന്നും നിവൃത്തരാകുന്നതു്, പിന്തിരിഞ്ഞു് പടികളിറങ്ങിയാണ്. ക്ഷേത്രസന്നിധി ഒരു മനുഷ്യമഹാസമുദ്രമാണ്.

— ശുഭം —

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 294.554 Acc. No. 38820

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M
294.554
GOP-A

38820

ഗോപാലകൃഷ്ണൻ

അയ്യപ്പസന്നിധിയിലേക്ക്

KOTTAYAM PUBLIC LIBRARY
Call No 294.554 GOPA Acc. No 38820
Author ഗോപാലകൃഷ്ണൻ
Title അയ്യപ്പ സന്നിധിയിലേക്ക്

Indic Digital Archive Foundation
gpura.org